പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## ആറാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006–2008)

ആറാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 13–ാം തീയതി സഭയിൽ സമർപ്പിച്ചത്)

വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

434/2007.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : | പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 87 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എൻ. അനിരുദ്ധൻ

അംഗങ്ങൾ :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി മറിയാമ്മ വർഗ്ഗീസ്, സ്പെഷ്യൽ സെക്രട്ടറി
ശ്രീമതി പി. ജെ. ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2006 നവംബർ മാസം 6-ാം തീയതിയും 18-ാം തീയതിയും ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2007 മാർച്ച് 13.

# റിപ്പോർട്ട്

## വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

## തിരുനെല്ലി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പണം പിൻവലിക്കലുകൾ—അനധികൃതമായി നടത്തിയവ

പഞ്ചായത്തിൽ നിക്ഷിപ്തമായ ഫണ്ടിൽ നിന്നും മതിയായ കാരണങ്ങളോ, ആധികാരികമായ രേഖകളോ, ഉത്തരവുകളോ, അനുവാദങ്ങളോ ഇല്ലാതെ തുകകൾ പഞ്ചായത്ത് സെക്രട്ടറിമാർ പിൻവലിക്കുകയും ചില അവസരങ്ങളിൽ നാളുകൾ കഴിഞ്ഞ് നിരുപാധികം തിരിച്ചടയ്ക്കുകയും ചെയ്ത അനധികൃത പണമിടപാടുകൾ ആഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ധനപരമായ പ്രവർത്തനങ്ങളിലെ അച്ചടക്കരഹിതവും അനധികൃതവുമായ ഈ പ്രവർത്തനങ്ങൾക്ക് ഇടയാക്കുന്നവർ പഞ്ചായത്തുകളിൽ ലഭ്യമാകുന്ന "പബ്ലിക് മണിയുടെ" ദുർവിനിയോഗമാണ് നടത്തുന്നത്.

പഞ്ചായത്തിൽ 1996-97 വർഷത്തെ ഉപാധിരഹിത നിധി ഉപയോഗിച്ച് കാട്ടിക്കുളം അമ്മാനി റോഡിൽ നടത്തിയ പൊതുമരാമത്തു പണികൾക്ക് 1,81,715 രൂപ ചെലവാക്കിയതായി പഞ്ചായത്ത് രേഖകളിൽ കാണിച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ മൂല്യം 1,54,715 രൂപയാണെന്ന് ആഡിറ്റിൽ കണ്ടുപിടിക്കുകയും അധിക ചെലവായ 27,000 രൂപ പ്രവൃത്തി ഏറ്റെടുത്ത കൺവീനറിൽ നിന്നും ഈടാക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തു.

ഇതിൻ പ്രകാരം 1-8-1997-ലെ 20669/78 എന്ന രസീതു വഴി 27,000 രൂപ തിരിച്ചടച്ചതായി പഞ്ചായത്തിൽ നിന്ന് സെക്രട്ടറി അറിയിച്ചു. ഇതിനെ സംബന്ധിച്ചു നടത്തിയ വിശദമായ അന്വേഷണത്തിൽ 1-8-1997-ൽ തിരിച്ചടച്ച 27,000 രൂപ 31-7-1997-ൽ സെക്രട്ടറി സ്വന്തം പേരിൽ പഞ്ചായത്തു ഫണ്ടിൽ നിന്നും പിൻവലിച്ച തുകയാണെന്നു മനസിലായി.

മേൽപടി 27,000 രൂപ കാക്കവയൽ മുള്ളൻകൊല്ലി റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിനു വേണ്ടി 31-7-1997-ൽ 220/7-97-ാം നമ്പർ വൗച്ചറിൽ "ജോലിക്കാർക്കു കൂലി കൊടുക്കാനെന്നു" കാണിച്ച് പിൻവലിച്ചതാണ്. എന്നാൽ പ്രസ്തുത റോഡ് മൺപണി നടത്തിയതും ആയതിന് ട്രാക്ടർ ഉപയോഗിച്ചതും 6-10-1997 മുതൽക്കാണെന്നു കാണുന്നു. ഇതിൽ നിന്നും ഈ റോഡിന്റെ പ്രവർത്തനത്തിന് 6-10-1997-ന് മുമ്പ് പണം പിൻവലിക്കേണ്ടതിന്റെ ആവശ്യകതയില്ല. ആയതിനാൽ ആഡിറ്റിൽ പരാമർശിച്ച 27,000 രൂപ തിരിച്ചടയ്ക്കാൻ പഞ്ചായത്ത് ഫണ്ടിൽ നിന്നും തന്നെ രൂപ പിൻവലിച്ചതായി ആഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 1998, ഖണ്ഡിക II, 1 (vi)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

1. 27,000 രൂപ 1-8-1997-ലെ 20669/21 നമ്പർ രസീതു പ്രകാരം യഥാർത്ഥത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത തിരിച്ചടവ് നടത്തിയിട്ടുള്ളത് പഞ്ചായത്ത്

ഫണ്ടിൽ നിന്നും 31-7-97-ന് വൗച്ചർ നമ്പർ 220/7-97 പ്രകാരം പിൻവലിച്ച 27,000 രൂപ ദുർവിനിയോഗം ചെയ്തു കൊണ്ടാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച ശിക്ഷണ നടപടിയുടെ ഭാഗമായി ബന്ധപ്പെട്ട വർക്കുകളുടെ വൗച്ചറുകളും ഫയലുകളും മറ്റു രേഖകളും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതിനാൽ കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ലെന്നും ബോധിപ്പിക്കുന്നു.

(തിരുനെല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ എ1-379/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

2. കാട്ടിക്കുളം അമ്മാനി റോഡിൽ, ഉപാധി രഹിത ഫണ്ടുപയോഗിച്ച് നടത്തിയ പൊതുമരാമത്ത് പണികൾക്ക് യഥാർത്ഥ മൂല്യത്തേക്കാൾ അധികം നൽകിയ 27,000 രൂപ തിരിച്ചടച്ചതായി അറിയിച്ചെങ്കിലും തുടർന്നുള്ള പരിശോധനയിൽ ഗ്രാമപഞ്ചായത്തിലെ തന്നെ കാക്കവയൽ മുള്ളൻകൊല്ലി റോഡു നിർമ്മാണ പ്രവൃത്തിയിൽ ജോലിക്കാർക്ക് കൂലി കൊടുക്കാനെന്ന് കാണിച്ച് സെക്രട്ടറി 31-1-1997-ൽ സ്വന്തം പേരിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് പിൻവലിച്ച തുകയാണ് മുകളിൽ പറഞ്ഞ 27,000 രൂപ തിരിച്ചടക്കുന്നതിന് വേണ്ടി ഉപയോഗിച്ചതെന്ന് പിന്നീട് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ഇതിനുത്തരവാദിയായ സെക്രട്ടറി ആരായിരുന്നുവെന്ന് സമിതി 12-1-2005-ലെ തെളിവെടുപ്പുവേളയിൽ തിരുനെല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരാഞ്ഞിരുന്നു. ശ്രീമതി പി. ഡി. ലീലാമ്മയായിരുന്നു പരാമർശ കാലയളവിലെ സെക്രട്ടറിയെന്ന് തിരുനെല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. ഇത് സംബന്ധമായ ഫയലും മറ്റു രേഖകളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഡി.ഡി.പി. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നുമുള്ള സമിതിയുടെ അന്വേഷണത്തിന് ശ്രീമതി പി. ഡി. ലീലാമ്മയുടെ ഒരു ഇൻക്രിമെന്റ് ക്യുമുലേറ്റീവ് എഫക്ട് ഇല്ലാതെ ബാർ ചെയ്തിട്ടുണ്ടെന്നും അതിനെതിരെ അവർ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണെന്നും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. വളരെ ഗുരുതരമായ ക്രമക്കേട് നടത്തിയ ഒരു കേസ് എന്ന നിലയിൽ പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം പരിശോധിക്കണമെന്നും ശ്രീമതി പി. ഡി. ലീലാമ്മക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കണമെന്നും സമിതി പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു.

3. സമിതി നിർദ്ദേശ പ്രകാരം നടപടി സ്വീകരിക്കാതിരുന്നതിനാൽ 18-11-2006-ലെ സമിതി യോഗത്തിൽ പഞ്ചായത്ത് ഡയറക്ടറെ വീണ്ടും വിളിച്ചുവരുത്തി ഈ വിഷയത്തിൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. സമിതി മുമ്പാകെ ഹാജരായ പഞ്ചായത്ത് ഡയറക്ടറുടെ ചുമതലയുള്ള ഭരണവിഭാഗം ജോയിന്റ് ഡയറക്ടർ ശ്രീ. ഈപ്പൻ ഫ്രാൻസിസ് സമിതി മുമ്പാകെ സമർപ്പിച്ച പത്രികയിലെ വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

"തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ 1996-97 വർഷത്തെ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് കാട്ടിക്കുളം അമ്മാനി റോഡിൽ നടത്തിയ മരാമത്തു പണികൾക്ക് 181715 രൂപ ചെലവ് ചെയ്തതായി പഞ്ചായത്ത് രേഖകളിൽ കാണിച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ മൂല്യം 154715 രൂപയാണെന്ന് ആഡിറ്റിൽ കണ്ടെത്തുകയും അധികം

ചെലവാക്കിയ 27000 രൂപ കൺവീനറിൽ നിന്ന് ഈടാക്കാൻ നിർദ്ദേശം നല്കുകയും ചെയ്തു. ഇതിൻപ്രകാരം 1-8-1999-ൽ 2066/78 എന്ന രസീതു വഴി 27000 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചു. എന്നാൽ ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ 1-8-1997-ൽ തിരിച്ചടച്ച പ്രസ്തുത 27000 രൂപ സെക്രട്ടറി സ്വന്തം പേരിൽ 31-7-1997-ൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച തുകയാണെന്ന് മനസ്സിലായി. ടി 27000 രൂപ മറ്റൊരു റോഡായ കാക്കവയൽ മുള്ളൻകൊല്ലി റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി 31-7-1997-ൽ 220/7-97-10 നമ്പർ വൗച്ചറിൽ "ജോലിക്കാർക്ക് കൂലി കൊടുക്കാനെന്ന്" കാണിച്ച് പിൻവലിച്ച തുകയാണ്. എന്നാൽ പ്രസ്തുത റോഡ് പണി ആരംഭിച്ചത് 6-10-1997 മുതലാണ്. ആയതിന് 6-10-1997-ന് മുമ്പ് തുക പിൻവലിക്കേണ്ട ആവശ്യകതയില്ലായിരുന്നു. ആഡിറ്റിൽ പരാമർശിച്ച 27000 രൂപ തിരിച്ചടയ്ക്കാൻ പഞ്ചായത്ത് ഫണ്ടിൽ നിന്നുതന്നെ തുക പിൻവലിച്ച നടപടി ധനദുർവ്വിനിയോഗവും അച്ചടക്കരാഹിത്യവുമായതിനാൽ ആയതിനുത്തരവാദിയായ സെക്രട്ടറി ശ്രീമതി പി. ഡി. ലീലാമ്മയ്ക്കെതിരെ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തു. ടി 27000 രൂപയിൽ 22500 രൂപ മാത്രമേ മസ്റ്റർ റോൾ പ്രകാരം ചെലവാക്കിയതായി കണ്ടുള്ളൂ. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയിൽ ശ്രീമതി പി. ഡി. ലീലാമ്മ ടി പഞ്ചായത്തിൽ നിന്ന് 4500 രൂപ അപഹരിച്ചതായി കണ്ടെത്തി. ടി തുകയും ആയതിന്റെ പലിശയും ചേർത്ത് 6925 രൂപ തിരിച്ചടയ്ക്കാൻ നിർദ്ദേശിക്കുകയും ക്രമക്കേടുകൾ കാട്ടിയതിനുള്ള ശിക്ഷയായി ടിയാളുടെ ഒരു വാർഷിക ശമ്പളവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടയുകയും ചെയ്തുകൊണ്ട് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 18-4-2000-ലെ എ8/595/99-ാം നമ്പർ പ്രകാരം ഉത്തരവാകുകയും ചെയ്തു.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി ലീലാമ്മ, പഞ്ചായത്ത് ഡയറക്ടർക്ക് നല്കിയ അപ്പീൽ പരിശോധിക്കുകയും ടിയാൾക്കെതിരെയുള്ള ആരോപണങ്ങൾ എല്ലാം നിലനിൽക്കുന്നുവെന്ന് കണ്ടതിനാൽ പ്രസ്തുത അപ്പീൽ 3-3-2006-ൽ ഡി6/26921/2000-ാം നമ്പർ ഉത്തരവിൻ പ്രകാരം നിരസിക്കുകയും ചെയ്തു".

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

4. പഞ്ചായത്ത് ഡയറക്ടറുടെ (ഇൻ-ചാർജ്ജ്) മേൽ വിശദീകരണത്തിൽ തന്നെ കാട്ടിക്കുളം അമ്മാനി റോഡിലെ മരാമത്ത് പണിക്ക് അധികം ചെലവാക്കിയെന്ന് കണ്ടെത്തുകയും കൺവീനറിൽ നിന്ന് തിരിച്ചുപിടിക്കാൻ ആഡിറ്റിൽ നിർദ്ദേശിച്ചതുമായ 27000 രൂപ മറ്റൊരു വർക്കായ കാക്കവയൽ മുള്ളൻകൊല്ലി റോഡിന്റെ നിർമ്മാണത്തിൽ "ജോലിക്കാർക്ക് കൂലി കൊടുക്കാനെന്ന്" കാണിച്ച് പിൻവലിക്കുകയും ഇങ്ങനെ പിൻവലിച്ച 27000 രൂപയിൽ 22500 മാത്രമേ മസ്റ്റർ റോൾ പ്രകാരം ചെലവാക്കിയിട്ടുള്ളൂവെന്നും ബോദ്ധ്യപ്പെട്ടതിനാൽ ശ്രീമതി പി. ഡി. ലീലാമ്മ പഞ്ചായത്തിൽ നിന്ന് 4500 രൂപ അപഹരിച്ചതായി കണ്ടെത്തിയെന്നും പ്രസ്തുത തുകയും പലിശയും ചേർത്ത് 96925 രൂപ തിരിച്ചടയ്ക്കാൻ നിർദ്ദേശിക്കുകയും ക്രമക്കേടിനുള്ള ശിക്ഷയായി ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുവെന്നും അറിയിച്ചിട്ടുള്ളതിൽ നിന്നുതന്നെ ശ്രീമതി പി. ഡി. ലീലാമ്മയുടെ ധനദുർവിനിയോഗവും അച്ചടക്കരാഹിത്യവും വെളിവാകുന്നുണ്ട്.

5. എന്നാൽ മേൽ വിവരിച്ച രീതിയിലുള്ള ഗുരുതരമായ ഒരു സാമ്പത്തിക ക്രമക്കേട് നടത്തിയ ശ്രീമതി പി. ഡി. ലീലാമ്മയുടെ ഒരു വാർഷിക ഇൻക്രിമെന്റ് തടയുക മാത്രം ചെയ്തത് മതിയായ ശിക്ഷയാണെന്ന് സമിതിക്ക് അഭിപ്രായമില്ല. എന്നുമാത്രമല്ല ഇങ്ങനെ ചെയ്തതിലൂടെ ശ്രീമതി. ലീലാമ്മ ചെയ്ത കുറ്റത്തിനു വേണ്ടത്ര ഗൗരവം നല്കാതെ ഇക്കാര്യം വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യാനും അന്വേഷണം നടത്തിയ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രമം നടത്തിയിട്ടുണ്ടോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു ആയതിനാൽ കാട്ടിക്കുളം-അമ്മാനി റോഡിലെ മരാമത്ത് പണികൾക്ക് അധികം ചെലവാക്കിയതിനാൽ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട 27000 രൂപ കാക്കവയൽ മുള്ളൻകൊല്ലി റോഡ് നിർമ്മാണത്തിൽ ജോലിക്കാർക്ക് കൂലി കൊടുക്കാനെന്ന് കാണിച്ച്, പ്രസ്തുത റോഡ് വർക്ക് ആരംഭിക്കുന്നതിന് മുമ്പ് തന്നെ, പിൻവലിക്കുകയും എന്നാൽ മസ്റ്റർ റോൾ പ്രകാരം 22500 രൂപ മാത്രം ചെലവാക്കി പഞ്ചായത്ത് ഫണ്ടിൽ നിന്ന് 4500 രൂപ അപഹരിച്ച അന്നത്തെ തിരുനെല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി പി. ഡി. ലീലാമ്മയിൽ നിന്ന് പ്രസ്തുത തുക പലിശ സഹിതം ഈടാക്കുന്നതോടൊപ്പം ശ്രീമതി ലീലാമ്മയ്ക്കെതിരെ കൂടുതൽ കർശനവും മാതൃകാപരവുമായ ശിക്ഷണ നടപടി സ്വീകരിക്കാൻ സർക്കാർ തലത്തിൽ നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

മുൻകൂർ പണം നൽകിയ പദ്ധതികൾ നടപ്പിലാക്കിയില്ല

1997-98 ലെ പദ്ധതിയിൽപ്പെടുത്തി നിയമപ്രകാരമുള്ള മുൻകൂർ നൽകിയ ചുവടെ പറയുന്ന പദ്ധതികൾ ഒന്നും തന്നെ 31-12-1998 വരേയും തുടങ്ങിയിട്ടില്ല.

| | പ്രവൃത്തി | നൽകിയ മുൻകൂർ |
|---|---|---|
| 1. | കരിമ്പിൻ റോഡ് ടാറിംഗ് | 60,000 |
| 2. | കാവുമ്മൽ റോഡ് പുനരുദ്ധാരണം | 10,000 |
| 3. | വെള്ളമുണ്ടേ തേറ്റമല റോഡ് ടാറിംഗ് | 50,000 |
| 4. | കുഞ്ഞോം-തേറ്റമല വെള്ളിലിടി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ | 1,01,178 |

ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടിയെടുക്കേണ്ടതാണ്.
[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 1999, ഖണ്ഡിക III (47)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

6. 1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെട്ട അരീക്കര-കരിമ്പിൻ റോഡ് ടാറിങ്ങ് പ്രവൃത്തിയുടെ കൺവീനർക്ക് 60,000 രൂപ അഡ്വാൻസ് നൽകി. 1998-99 വർഷം ടി പ്രവൃത്തി പൂർത്തിയാക്കുകയും, 17-2-1999-ന് ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകുകയും ചെയ്തിട്ടുണ്ട്.

7. കുഞ്ഞോം, തേറ്റമല, വെള്ളിലാടി എന്നിവിടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് വേണ്ടി മാനന്തവാടി ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിൽ 1,01,178 രൂപ ഒ.വൈ.ഇ.സി. അടവാക്കി. ടി സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ ആയത് ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്.

8. കാവുമ്മൽ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് കൺവീനർക്ക് 10,000 രൂപ അഡ്വാൻസ് നൽകി പ്രവൃത്തി പൂർത്തിയായിട്ടില്ല. കൺവീനർക്ക് നൽകിയ തുക ടിയാനിൽ നിന്നും 28-3-1999-ന് വസൂൽ ചെയ്തിട്ടുണ്ട്.

9. വെള്ളമുണ്ട-തേറ്റമല റോഡ് ടാറിങ്ങ് പ്രവൃത്തിയുടെ കൺവീനർക്ക് 50,000 രൂപ അഡ്വാൻസ് നൽകി ടി പ്രവൃത്തി 1999-2000 വർഷം പൂർത്തീകരിക്കുകയും 30-2-2000 തീയതി ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകുകയും ചെയ്തിട്ടുണ്ട്.

(തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005 ലെ എ-1516/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

10. പരാമർശ വിധേയമായ 4 ആഡിറ്റ് ഖണ്ഡികകളിന്മേലുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുകയുണ്ടായി. നാലുവർക്കുകളും പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ വർക്ക് ഫയലുകൾ കൊണ്ടു വന്നിട്ടില്ലാത്തതിനാൽ ഓരോ വർക്കിന്റെയും വിശദാംശങ്ങൾ നൽകാൻ സെക്രട്ടറിക്ക് കഴിയാതിരുന്നതിനാൽ 4 വർക്കുകളുടെയും ഇപ്പോഴത്തെ സ്ഥിതിയും പേയ്മെന്റ് സംബന്ധമായ വിശദാംശങ്ങളും സമിതിയെ അറിയിക്കണമെന്നും ബന്ധപ്പെട്ട ഫയലുകൾ സമിതിയുടെ പരിശോധനയ്ക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

11. സമിതി നിർദ്ദേശ പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15-1-2005, 9-6-2005 തീയതികളിലെ എ-1516/04 നമ്പർ കത്ത് പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ 4 വർക്കുകളുടെയും നിലവിലെ അവസ്ഥയും പേയ്മെന്റ് സംബന്ധമായ വിശദാംശങ്ങളും നൽകിയിരുന്നു. പരാമർശവിഷയമായ 4 ഫയലുകളും സമിതിയുടെ പരിശോധനയ്ക്ക് നൽകിയിരുന്നു.

12. അരീക്കര-കരിമ്പിൻ റോഡ് ടാറിംഗ് പ്രവൃത്തിയുടെ അടങ്കൽ 4,45,000 രൂപയും പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക 4,29,439 രൂപയുമായിരുന്നുവെന്നും അതിൽ നിന്നും അഡ്വാൻസ് തുക 3,35,000 രൂപയും സൂപ്പർവിഷൻ ചാർജ്ജായി 10,738 രൂപയും ഗവ. ഡ്യൂസ് 23,189 രൂപയും കുറച്ച് ബാക്കി 60,512 രൂപയാണ് കൺവീനർക്ക് നൽകിയതെന്നും ആദായ നികുതിയിനത്തിൽ വസൂലാക്കിയ 9,877 രൂപ തിരികെ നൽകിയിട്ടുണ്ടെന്നും (പേയ്മെന്റ് നടത്തിയ ചെക്കിന്റെ വിശാദാംശങ്ങൾ ഉൾപ്പെടെ) തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിൽ വിശദമാക്കിയിരുന്നു.

13. കുഞ്ഞോം, തോറ്റമല, വെള്ളിലാടി എന്നിവിടങ്ങളിൽ 1998 ഏപ്രിൽ മാസത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി വെള്ളമുണ്ട ഇലക്ട്രിക്കൽ സെക്ഷൻ സബ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്) സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ഈ മൂന്ന്

സ്ഥലങ്ങളിലേക്ക് OYEC യായി 1,01,178 രൂപയാണ് അടച്ചിട്ടുള്ളതെന്നും സെക്രട്ടറിയുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇത് സംബന്ധമായ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന ജോലികൾ 1998 ഏപ്രിൽ മാസത്തിൽതന്നെ പൂർത്തിയാക്കി മേയ് മാസം മുതൽ തന്നെ ബിൽ ചെയ്തു വരുന്നതായി മാനന്തവാടി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 10-1-2005-ന് നൽകിയ യൂട്ടിലിറ്റി സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുണ്ട്.

14. കാവുമ്മൽ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിയുടെ അടങ്കൽ 46,000 രൂപയായിരുന്നുവെന്നും പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ലെന്നും എന്നാൽ പ്രവൃത്തിയുടെ കൺവീനറായ ശ്രീ. കുഞ്ഞാമൻ കാവുമ്മൽ എന്നയാൾക്ക് നൽകിയിരുന്ന 10,000 രൂപ അഡ്വാൻസ് പ്രവൃത്തി കമ്മിറ്റിയുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ ജനകീയാസൂത്രണ ഇംപ്രസ്റ്റ് അക്കൗണ്ടിലേക്ക് 28-3-1999-ന് തിരിച്ചടച്ചിട്ടുണ്ടെന്നും സെക്രട്ടറിയുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.

15. വെള്ളമുണ്ട, തേറ്റമല റോഡ് ടാറിംഗ് പ്രവൃത്തിയുടെ അടങ്കൽ 2,20,500 രൂപയായിരുന്നുവെന്നും ഫൈനൽ ബിൽ തുക 1,81,812 രൂപയായിരുന്നുവെന്നും അതിൽ അഡ്വാൻസായും അല്ലാതെയും നൽകിയ 1,75,000 രൂപ കുറച്ച് 30-3-2000-ന് 6,812 രൂപ കൺവീനർക്ക് നൽകിയെന്നും തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിൽ വിശദീകരിച്ചിരുന്നു.

16. മുൻകൂർ തുകകൾ നൽകിയ അരീക്കര കരിമ്പിൻ റോഡ് സംബന്ധിച്ച റോഡ് ടാറിംഗ്, കാവുമ്മൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ, വെള്ളമുണ്ട-തേറ്റമല റോഡ് ടാറിംഗ്, എന്നിവ സംബന്ധിച്ച മൂന്ന് ഫയലുകളും സമിതി പരിശോധിക്കുകയുണ്ടായി. റോഡ് പണികൾക്ക് അഡ്വാൻസ് തുകകൾ നൽകിയത് ഫൈനൽ പേയ്മെന്റ് നടത്തിയപ്പോൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഫയലുകൾ പരിശോധിച്ചതിൽ സമിതിക്ക് ബോധ്യപ്പെട്ടു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

17. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മേൽപറഞ്ഞ മൂന്ന് റോഡ് വർക്കുകളിൽ 2 വർക്കുകളും പൂർത്തിയായിട്ടുണ്ടെന്നും ഒരു വർക്ക് (കാവുമ്മൽ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ) പൂർത്തിയായിട്ടില്ലെങ്കിലും ആയതിന് കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്നും അഡ്വാൻസ് തുകയും ഫൈനൽ പേയ്മെന്റും നടത്തിയതിന്റെ വിശദാംശങ്ങളും നൽകിയിട്ടുള്ളതിനാലും മൂന്ന് റോഡ് വർക്കുകളുമായും ബന്ധപ്പെട്ട ആഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

18. കുഞ്ഞോം, തേറ്റമല, വെള്ളിലാടി പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 30-3-1998-ന് 1,01,178 രൂപ OYEC അടയ്ക്കുകയും ഏപ്രിൽ മാസത്തിൽ തന്നെ പണികൾ പൂർത്തിയാക്കി മേയ് മാസം മുതൽ തന്നെ ബില്ല് ചെയ്ത് കൊണ്ടിരിക്കുകയാണെന്നും ഇലക്ട്രിസിറ്റി ബോർഡ് അധികൃതർ നൽകിയ യൂട്ടിലിറ്റി സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ യൂട്ടിലിറ്റി സർട്ടിഫിക്കറ്റിനായി 10-1-2005-ന് മാത്രം തൊണ്ടർനാട് പഞ്ചായത്ത് അപേക്ഷ നൽകിയത് എന്തു കൊണ്ടാണന്ന് വ്യക്തമല്ല. എങ്കിൽ തന്നെയും തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി

വെള്ളമുണ്ട ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 10-1-2005-ന് നൽകിയിട്ടുള്ള യൂട്ടിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

## നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ചട്ടം മറികടന്ന് വ്യക്തികൾക്ക് തയ്യൽ മെഷീനുകൾ വിതരണം ചെയ്തു

വ്യകതിഗത ഗുണഭോക്താക്കൾക്ക് 1998-99 വർഷത്തിൽ തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പ്രോജക്ട് നടപ്പാക്കാൻ പാടില്ല എന്ന ഉത്തരവ് നിലനിൽക്കേ ഇതിനെ മറികടന്ന് 2,26,225 രൂപ ചെലവ് ചെയ്ത് തയ്യൽ മെഷീനുകളും കത്രികകളും വിവിധ യൂണിറ്റുകൾക്കു് എന്ന വ്യാജേന വാങ്ങുകയും 100 വ്യക്തിഗത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു. അവർ ഓരോരുത്തരും സാധനങ്ങൾ കിട്ടിയതായ പ്രത്യേകം രസീതുകൾ ഹാജരാക്കുകയും ചെയ്തു. ഈ വ്യക്തികൾ യൂണിറ്റുകളായോ, സൊസൈറ്റികളായോ പ്രവർത്തിക്കുന്നു എന്നു കാണിക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഒന്നും ഹാജരാക്കിയിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 1999-2000, ഖണ്ഡിക IV 65 (എ)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

19. "ഓഡിറ്റ് തടസ്സങ്ങൾക്ക് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കാനാണു റിപ്പോർട്ടിൽ പരാമർശിച്ചിരുന്നത്. എന്നാൽ പ്രോജക്ട് നടപ്പിലാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ. ആണെന്നും സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം വി.ഇ.ഒ. ശ്രീ. കരിമിന് കത്ത് നൽകിയതിനെ തുടർന്ന് 15 യൂണിറ്റ് കൺവീനർമാർക്കാണ് തയ്യൽ മെഷീൻ നൽകിയതെന്നും പ്രസ്തുത യൂണിറ്റുകൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത DWCRA, SH, മഹിളാസമാജം യൂണിറ്റുകളാണെന്നും യൂണിറ്റുകൾക്ക് വാടക കെട്ടിടവും സ്വന്തമായി കെട്ടിടവും ഉണ്ടെന്നും വ്യക്തമാക്കിയതിനെ തുടർന്ന് പഞ്ചായത്തിന്റെ 29-11-2000-ലെ VII/2000 നമ്പർ തീരുമാനപ്രകാരം തടസ്സം ഒഴിവാക്കാൻ വയനാട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്."

[നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ എ3-247/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

20. തയ്യൽ മെഷീനുകൾ വിതരണം ചെയ്തിട്ടുള്ള യൂണിറ്റുകളെല്ലാം സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത യൂണിറ്റുകളായിരുന്നില്ലെന്നും ആഡിറ്റ് സമയത്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കിട്ടിയിരുന്നില്ലെന്നും ഇപ്പോഴാണ് കിട്ടിയതെന്നും വി.ഇ.ഒ. ആയിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥനെന്നും 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. 100 വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് തയ്യൽ മെഷീൻ വിതരണം ചെയ്തിട്ടുള്ളതെന്നും അതിന്റെ രസീതുകളുണ്ടെന്നും യൂണിറ്റുകളെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും വി.ഇ.ഒ. യും സിമിതിയിൽ ബോധിപ്പിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

21. 100 ഗുണഭോക്താക്കൾക്കും തയ്യൽ മെഷീൻ വിതരണം ചെയ്തിട്ടുണ്ടെന്നും യൂണിറ്റുകളെല്ലാം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും ബോധ്യപ്പെട്ട സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

നവോദയ ഗ്രന്ഥശാല കെട്ടിട നിർമ്മാണം വിഭവ സമാഹരണം ഫലപ്രദമായില്ല

കാഞ്ഞങ്ങോട് നവോദയ ഗ്രന്ഥശാല കെട്ടിടം നിർമ്മിക്കുന്നതിന് താഴെ പറയുന്ന പ്രകാരം തുക ചെലവിടുന്നതിന് ഒരു പ്രോജക്ട് തയാറാക്കി.

| | രൂപ |
|---|---|
| സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഗ്രാന്റ് | 50,000 |
| പ്ലാൻ ഫണ്ട് | 35,000 |
| ഗുണഭോക്തൃ വിഹിതം | 20,000 |
| സന്നദ്ധപ്രവർത്തനം | 15,000 |
| ആകെ | 1,20,000 |

ഈ പ്രോജക്ട് പ്രകാരം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ മൂല്യനിർണ്ണയം പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ പ്രകാരം ആകെ 40,000 രൂപയാണ്. ഇതിലേക്കായി പ്ലാൻ ഫണ്ട് വിഹിതമായ 35,000 രൂപ മുഴുവൻ തന്നെ ചെലവഴിച്ചെങ്കിലും മറ്റു മാർഗ്ഗങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും സന്നദ്ധ പ്രവർത്തനത്തിന്റെയും സമാഹരണം നടത്തിയിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 1999-2000, ഖണ്ഡിക IV 65 (ബി)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

22. "മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കേണ്ടതിനാൽ, പ്രോജക്ടിലെ ധനകാര്യ വിശകലന പ്രകാരം ലൈബ്രറി കൗൺസിലിൽ നിന്നു ലഭിക്കേണ്ട തുക ലഭിക്കാൻ കാലതാമസം വരുമെന്നുള്ള കാരണത്താലാണു പദ്ധതി ഫണ്ടിൽ നിന്നു ചെലവഴിച്ചതെന്ന സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാൻ വയനാട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കു പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്."

[നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ എ3-247/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

23. 1,20,000 രൂപ ചെലവിൽ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയ നവോദയ ഗ്രന്ഥശാലാ കെട്ടിടത്തിന് എഞ്ചിനീയർ 40,000 രൂപ മാത്രം മൂല്യനിർണ്ണയം നടത്തിയിട്ടുള്ളപ്പോൾ അവസാന മൂല്യനിർണ്ണയം 1,85,000 രൂപയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് എന്തു കൊണ്ടാണെന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ സ്വരൂപിക്കേണ്ട തുക സ്വരൂപിക്കാതിരുന്നത് എന്തുകൊണ്ടാണെന്നും, 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

സെക്രട്ടറിയോട് ആരായുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം ലഭിക്കാതിരുന്നതിനാൽ ബന്ധപ്പെട്ട ഫയൽ വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് നൽകാൻ സമിതി നിർദ്ദേശിച്ചിരുന്നു.

24. സമിതി നിർദ്ദേശ പ്രകാരം ഫയൽ പരിശോധിച്ച് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ മുഖാന്തിരം, നൽകിയ റിപ്പോർട്ടിൽ 24-1-2005, 1-2-2005 തീയതികളിലെ എൽ.എഫ്.ഡബ്ളിയു.പി.2-627/04(1) നമ്പർ കത്തുകൾ പ്രകാരം കാഞ്ഞങ്ങാട് നവോദയ വായനശാലാ കെട്ടിടം പണി പൂർത്തിയായതായും ആയതിന്റെ മൂല്യനിർണ്ണയം 1,85,000 രൂപയായി സുൽത്താൻ ബത്തേരി പി.ഡബ്ളിയു.ഡി. (ബിൽഡിംഗ്) സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 7-8-2000-ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും കെട്ടിട നിർമ്മാണ ഫണ്ടിലേക്ക് ഗ്രന്ഥശാലാ സംഘത്തിൽ നിന്ന് 25,000 രൂപയും പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയായി 1,29,996 രൂപയും ലഭിച്ചതായി 30-1-2003-ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് തന്നെ ആഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകളിൽ നിന്ന് വ്യക്തമായതായും ആയതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്നും ശുപാർശ ചെയ്തിരുന്നു.

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

25. വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണവും റിപ്പോർട്ടും കണക്കിലെടുത്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പാക്കം ജി.എൽ.പി. സ്കൂൾ ശുദ്ധജലവിതരണ പദ്ധതി-സാധനങ്ങൾക്ക് അധിക നിരക്കു നൽകി.

23-10-1998-ലെ സർക്കാർ ഉത്തരവ് പി-218/1998/തഭവ. പ്രകാരം PWD നിരക്കിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്മേൽ ഗുണഭോക്തൃ കമ്മിറ്റികൾ ഏറ്റെടുത്തു നടത്തുന്ന പണികൾക്ക് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഒരു നിശ്ചിത ശതമാനം അധികം നൽകാൻ വ്യവസ്ഥയുണ്ട് അപ്രകാരം ശുദ്ധജലവിതരണ പദ്ധതികൾക്ക് 30% അധികം അനുവദനീയമാണ്. എന്നാൽ ഈ പദ്ധതിയുടെ ആവശ്യമായ പമ്പ്സെറ്റ്, പൈപ്പ്, സ്വിച്ച് മുതലായ 7,290 രൂപയ്ക്ക് വാങ്ങിയ സാധനങ്ങൾക്ക് (അളവു പുസ്തകം, 21 പേജ് 49 മുതൽ 51 വരെ) 30% അധിക വർദ്ധന അനുവദിക്കുകയുണ്ടായി. ഇപ്രകാരം നൽകിയ 2,187 രൂപയുടെ ചെലവ് അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 1999-2000, ഖണ്ഡിക IV 66 (എ)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

26. "12-10-2002-ൽ ഓഡിറ്റിൽ അനുവദിക്കാതിരുന്ന 2,187 രൂപ 3986/97 നമ്പർ രസീതി പ്രകാരം അടച്ചു. ലോക്കൽ ഫണ്ട് ഡയറക്ടറുടെ 20-11-2002-ലെ എൽ.എഫ് 22786/സ്പെ.സെൽ (എസ്.ഡി.4) 2000 നമ്പർ കത്ത് പ്രകാരം പ്രാദേശിക പരിശോധനയ്ക്ക് വിധേയമായി സർച്ചാർജ്ജ് നടപടിയിൽ നിന്നും ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്."

[പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ J.S.1172/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

27. പരാമർശ വിധേയമായതും അധികം ചെലവായതുമായ 2,187 രൂപ 17-10-2002-ലെ 3986/97 നമ്പർ രസീതി പ്രകാരം ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചിട്ടുള്ളതിനാൽ തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

അദ്ധ്യാപക സംഗമം അധിക തുക ചെലവഴിച്ചു

പാക്കം ജി.എൽ.പി. സ്ക്കൂൾ ഹെഡ്മാസ്റ്ററെ നിർവഹണ ഉദ്യോഗസ്ഥനായി നിയമിച്ചു.

7 എൽ.പി. സ്കൂൾ അദ്ധ്യാപകർക്കായി 3 അദ്ധ്യാപക സംഗമങ്ങൾ നടത്തുന്നതിന് ക്യാമ്പ് ഒന്നിന് 1,000 രൂപ വീതം അനുവദിച്ചു.

എന്നാൽ 9-3-1999-ൽ 3 ക്യാമ്പുകൾക്കു പകരം 1 ക്യാമ്പു നടത്തി 3,000 രൂപ ചിലവഴിക്കുകയും ചെയ്തു. ഇപ്രകാരം നടക്കാത്ത ക്യാമ്പുകളുടെ പേരിൽ ചെലവാക്കിയ 2,000 രൂപ അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 1999-2000, ഖണ്ഡിക IV 66 (ബി)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

28. "നിർവ്വഹണ ഉദ്യോഗസ്ഥൻ 1-11-2001-ൽ സമർപ്പിച്ച മറുപടിയുടെയും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ വയനാടിന്റെ 25-4-2002, 6-7-2004 തീയതികളിലെ യഥാക്രമം എൽ.എഫ് (ഡബ്ളിയു) പി1-75/02, എൽ.എഫ് (ഡബ്ളിയു) പി1-278/02 നമ്പർ കത്തുകളുടെയും അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഡയറക്ടർ 31-8-2002-ലെ എൽ.എഫ് 22786/സ്പെ.സെൽ എസ്.സി.4/2000 നമ്പർ കത്തു പ്രകാരം ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്."

[പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ J.S.1172/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

29. 7 എൽ.പി. സ്കൂൾ അദ്ധ്യാപകർക്കായി 3 അധ്യാപക സംഗമങ്ങൾ നടത്തുന്നതിന് പകരം 3,000 രൂപ ചെലവഴിച്ച് നല്ല രീതിയിൽ ഒരു ക്യാമ്പ് മാത്രം നടത്തുകയാണുണ്ടായതെന്ന് 12-1-2005-ലെ സമിതിയുടെ തെളിവെടുപ്പ് വേളയിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം കണക്കിലെടുത്തും, ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ഓടുമേഞ്ഞ വീടിന് ഓടുമേയാൻ വീണ്ടും ധനസഹായം

ജനറൽ വിഭാഗത്തിലെ നിർദ്ധനരായ വ്യക്തികളുടെ മേൽക്കൂരയില്ലാത്ത വീടുകൾ ഓടുമേയുന്നതിനുള്ള പ്രോജക്റ്റ് അനുസരിച്ച് പ്ലാൻ ഫണ്ടിൽ നിന്നും ഒരാൾക്ക് 3,000

രൂപ വീതം അനുവദിക്കുകയുണ്ടായി. എന്നാൽ അപ്രകാരം 11-2-1999-ൽ ധനസഹായം നൽകിയ 3-ാം വാർഡിലെ 236-ാം നമ്പർ വീട് കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം 1997-98-ന് മുമ്പു തന്നെ ഓടുമേഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇതിനായി ചെലവഴിച്ച 3,000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 1999-2000, ഖണ്ഡിക IV 66 (സി)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

30. "17-5-2000-ൽ എ-188/00 നമ്പർ ഓഡിറ്റിൽ അനുവദിക്കാത്ത തുക തിരിച്ചടയ്ക്കുവാൻ ഓഡിറ്റ് ഖണ്ഡികയുടെ പകർപ്പ് സഹിതം വി.ഇ.ഒ. വി.പി. കുഞ്ഞന് നോട്ടീസ് നൽകി.

31. 12-7-2000-ൽ തുക തിരിച്ചടയ്ക്കുവാൻ എ-188/00 നമ്പരിൽ വീണ്ടും നോട്ടീസ് നൽകി.

32. ഓടു മേയുന്നതിന് ധനസഹായം നൽകുന്നതിന് ഗുണഭോക്താവിനെ തിരഞ്ഞെടുത്തിരുന്നുവെന്നും പഞ്ചായത്തിന്റെ അസസ്മെന്റ് രജിസ്റ്ററിൽ ഓട് മേഞ്ഞ വീട് എന്ന് രേഖപ്പെടുത്തിയിരുന്നുവെങ്കിലും ആനുകൂല്യം നൽകുന്നതിന് മുമ്പ് അന്വേഷണം നടത്തിയിരുന്നു എന്നും എന്നാൽ ടിയാന്റെ വീട് ഓട് മേഞ്ഞിരുന്നില്ലാ എന്നും അതിനാലാണ് ആനുകൂല്യം നൽകിയത് എന്നും 9-6-2000-ൽ വി.ഇ.ഒ. വിശദീകരണം സമർപ്പിച്ചു.

33. മേൽ വിശദീകരണം ലോക്കൽ ഫണ്ടിലെ ഡപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു.

34. 28-7-2001-ൽ 27786/എസ്.പി.ഐ.സെൽ എസ്.എൽ.4/2000 നമ്പറായി ലോക്കൽ ഫണ്ട് ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥന് സർച്ചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചു.

35. സർച്ചാർജ്ജ് നോട്ടീസിന് മറുപടി നൽകിയതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വാക്കാൽ അറിയിച്ചു.

36. എന്നാൽ സർച്ചാർജ്ജ് നോട്ടീസ് പിൻവലിച്ച് ബന്ധപ്പെട്ട നടപടിയിൽ നിന്നും ഒഴിവാക്കിയതായി ഇതുവരെ അറിയിപ്പു ലഭിച്ചിട്ടില്ല. നാളിതുവരെ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതായും അറിയില്ല.

37. നാളിതുവരെ ടിയാൻ ഓഡിറ്റിൽ അനുവദിക്കാത്ത ഈ തുക ഒടുക്കിയിട്ടില്ല."

[പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ J.S. 1172/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

## നിഗമനങ്ങൾ/ശുപാർശകൾ

38. പരാമർശ വിധേയമായത് ശ്രീ. കണ്ണൻ നായരുടെ വീടാണെന്നും അത് ഓട് മേഞ്ഞതല്ലായിരുന്നുവെന്നും അങ്ങനെയൊരു പരാമർശം വന്നത് ശരിയല്ലെന്നും ഓല വീടായിരുന്നതു കൊണ്ട് തന്നെയാണ് ഓടു മേയുന്നതിന് ധനസഹായം

നൽകിയതെന്നും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതിയെ ധരിപ്പിക്കുകയുണ്ടായി. ഓട് മേഞ്ഞ വീട് എന്ന രീതിയിൽ ടാക്സ് അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്തത് ഒരു തെറ്റു പറ്റിയതുമൂലമാണെന്ന് പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സമിതിയിൽ ബോധിപ്പിച്ചു. പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വി.ഇ.ഒ. യും നൽകിയ വിശദീകരണം ഉത്തമ വിശ്വാസത്തിലെടുത്ത് ഈ ആഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണം 1997-1998 ഭവന നിർമ്മാണം-ജനറൽ പദ്ധതിയിൽ അധികം പണം നൽകി.

1997-98 ൽ 20,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും 15,000 രൂപ ഗുണഭോക്തൃ വിഹിതമായും ചേർത്ത് 35,000 രൂപ ചെലവഴിച്ച് ഭവന നിർമ്മാണത്തിനുള്ള പ്രോജക്ടിൽ ഇതിനു വിപരീതമായി പൂർത്തീകരണ സർട്ടിഫിക്കറ്റിൽ 35,000 രൂപയിൽ താഴെ മതിപ്പുള്ള വീടുകൾക്കും 20,000 രൂപ വീതം പ്ലാൻ ഫണ്ടിൽ നിന്നും നൽകുകയുണ്ടായി. ഈ ഇനത്തിൽ 39 പേർക്കായി ആകെ 1,25,816 രൂപ അധികം നൽകിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 1999-2000, ഖണ്ഡിക IV 66 (ഡി)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

39. "ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യ വർഷമായിരുന്നതിനാലും 31-3-1998-ന് കൂടുതൽ സംഖ്യ ചിലവഴിച്ച് റിപ്പോർട്ട് നൽകണമെന്ന് സർക്കാരിന്റെയും വിവിധ നിലകളിലെ ഏജൻസികളുടെയും നിർബന്ധ പ്രകാരവും ഗുണഭോക്താക്കൾ വീടിന്റെ ഗഡുക്കൾക്ക് വേണ്ടി ഓഫീസിൽ തടിച്ചു കൂടുന്ന അവസരത്തിൽ അവരെ പെട്ടെന്ന് ചെക്ക് നൽകി ഒഴിവാക്കുകയല്ലാതെ നിയമം കർശനമായി പരിപാലിക്കാൻ പറ്റാത്ത സാഹചര്യത്തിൽ വീടുകളുടെ വാലുവേഷൻ സർട്ടിഫിക്കറ്റിൽ കൊടുത്ത സംഖ്യയിൽ കുറയാതെയുള്ള തുകയാണ് എഴുതിയത് എന്നും ഒരു എഞ്ചിനീയർ വാലുവേഷൻ എടുക്കുകയാണെങ്കിൽ 40,000 മുതൽ 50,000 വരെ വിലമതിക്കുന്ന വീടുകളാണ് എല്ലാ ഗുണഭോക്താക്കളും നിർമ്മിച്ചിട്ടുള്ളത് എന്നും, പ്രോജക്ട് പ്രകാരം വാലുവേഷൻ എത്ര രൂപയ്ക്ക് വേണമെന്ന് ശ്രദ്ധിക്കാതെ പറ്റിയ തകരാറു മാപ്പാക്കണമെന്നും ഇപ്പോൾ സാങ്കേതിക പരിജ്ഞാനമുള്ള ഈ ഓഫീസിലെ ഓവർസീയർ മുഴുവൻ വീടുകളും പരിശോധിച്ച് 45,000 രൂപ വാലുവേഷൻ നൽകിയിട്ടുണ്ട് എന്നും ആയത് ഫയൽ ചെയ്തിട്ടുണ്ട് എന്നും ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും അപേക്ഷിച്ചുകൊണ്ട് 25-9-1999 ലെ 8-ാം നമ്പർ തീരുമാനപ്രകാരം 31-3-2000-ൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് വിശദീകരണം സമർപ്പിച്ചിരുന്നു.

40. തടസ്സം ഒഴിവാക്കിയതായി നാളിതുവരെ ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടറുടെ അറിയിപ്പ് ലഭിച്ചിട്ടില്ല."

41. തടസ്സം ഒഴിവാക്കാൻ ഡി.പി.സി. യുടെ അംഗീകാരത്തിന് സമർപ്പിക്കണമെന്നായിരുന്നു ഓഡിറ്റ് പരാമർശം. എന്നാൽ നാളിതുവരെ ഡി.പി.സിക്ക് സമർപ്പിച്ചിട്ടില്ല.

[പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ J.S. 1172/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

42. ഭവന നിർമ്മാണ പദ്ധതിയിൽ 1,25,816 രൂപയാണ് അധികം നൽകിയിരിക്കുന്നതെന്നും ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയിൽ വിദഗ്ധരാരും ഉണ്ടായിരുന്നില്ലേയെന്നും 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുകയുണ്ടായി. അപൂർവ്വം ചില പഞ്ചായത്തുകളിൽ മാത്രമേ ഓവർസീയർമാർ ഉള്ളുവെന്ന് പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇതിന് മറുപടി നൽകി. 45,000 രൂപ മൂല്യം നിർണ്ണയിച്ചു കൊണ്ടുള്ള ഓവർസീയറുടെ റിപ്പോർട്ട് ഫയലിലുണ്ടോയെന്ന സമിതിയുടെ തുടർന്നുള്ള അന്വേഷണത്തിന് വാലുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ കാണുന്നില്ലെന്നും വൗച്ചറുകളുടെ കൂട്ടത്തിൽ വാലുവേഷൻ സർട്ടിഫിക്കറ്റുണ്ടെന്നാണ് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കുട്ടന്റെ മറുപടിയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞതെന്നും എന്നാൽ വൗച്ചറുകൾ പരിശോധിച്ചിട്ട് അത് കണ്ടെത്താൻ കഴിഞ്ഞില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമല്ലെന്ന് കണ്ടതിനാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

43. എന്നാൽ ഇത് സംബന്ധിച്ച് അന്നത്തെ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കുട്ടൻ പഞ്ചായത്ത് ഓഫീസിൽ നേരിൽ ഹാജരായി രേഖാമൂലം ഒരു വിശദീകരണം സമർപ്പിക്കുകയും ആഡിറ്റ് തടസ്സം ഒഴിവാക്കി കിട്ടുവാൻ നടപടികളാരംഭിക്കണം എന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കുട്ടന്റെ അപേക്ഷയും വിശദീകരണവും പരിഗണനയ്ക്കും തീർപ്പ് കൽപ്പിക്കലിനുമായി വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നും പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 30-1-2005-ലെ J.S.1172/04 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

44. ഭവന നിർമ്മാണ പദ്ധതിയിൽ അധികം നൽകിയ 1,25,816 രൂപ ഈടാക്കുന്നത് സംബന്ധിച്ച ആഡിറ്റ് തടസ്സം ഒഴിവാക്കി കിട്ടുന്നതിനായി അന്നത്തെ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകിയിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ കൈക്കൊണ്ട നടപടികൾ സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

താന്നിത്തെരുവ്-ചെറ്റപ്പാലം റോഡ്-റീ ടാറിംഗ്, ടാറിന് അധിക നിരക്ക് നൽകിയത്

മേൽ പ്രവൃത്തിക്ക് 6-11-1997-ലെ ജി.ഒ.(പി) 246/97/എൽ.എ.ഡി. നമ്പർ ഉത്തരവിനു വിധേയമായി എസ്റ്റിമേറ്റ് തുകയുടെ 30% അധിക നിരക്ക് കണക്കാക്കി നൽകിയതിനു പുറമേ ടാറിന്റെ അധികരിച്ച വിലയുടെ 30% വർദ്ധനവ് കൂടി നൽകുക വഴി പഞ്ചായത്തിന് 24,788 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 2001-2002, ഖണ്ഡിക V 12.3(i)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

45. "21-3-2002-ൽ ബന്ധപ്പെട്ട എഞ്ചിനീയറുടെ വിശദീകരണം തേടേണ്ടതാണ് എന്നും ജനകീയ കമ്മിറ്റി കൺവീനറിൽ നിന്നും അധികം നൽകിയ തുക വസൂലാക്കാൻ നടപടികൾ സ്വീകരിക്കണം എന്നും പേയ്മെന്റ് നൽകിയ പഞ്ചായത്ത് സെക്രട്ടറി കുട്ടൻ വിശദീകരണം സമർപ്പിച്ചിരുന്നു.

46. 25-3-2002-ൽ പ്രവൃത്തിയുടെ ബിൽ മേലൊപ്പു വച്ച ഡി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദീകരണം തേടിക്കൊണ്ട് 903/01 നമ്പറിൽ കത്തയച്ചു.

47. 2-4-2002-ൽ ബന്ധപ്പെട്ട എഞ്ചിനീയർക്കും ഓവർസീയർക്കും ഓഡിറ്റിൽ അനുവദിക്കാത്ത തുക തിരിച്ചടക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് ഖണ്ഡിക പകർപ്പ് സഹിതം നോട്ടീസ് നൽകി.

48. 2-4-2002-ൽ തുക തിരിച്ചടയ്ക്കുവാൻ ബന്ധപ്പെട്ട കൺവീനർ കെ.യു. ജോസിന് നോട്ടീസയച്ചു.

49. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ബ്ലോക്ക്തല സാങ്കേതിക വിഷയ സമിതി പരിശോധിച്ചാണ് റ്റി.എസ്. തയ്യാറാക്കുന്നത് എന്നും അതു പ്രകാരമാണ് പ്രവൃത്തി ചെയ്യുന്നത് എന്നും അതിനാൽ എസ്റ്റിമേറ്റിലെ അപാകതകൾമൂലം പഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട് എങ്കിൽ ഉത്തരവാദിത്വം എസ്റ്റിമേറ്റ് തയ്യാറാക്കിയ ആൾക്ക് മാത്രമല്ലെന്നും സെക്രട്ടറിക്കും ഇതിൽ ഉത്തരവാദിത്വം ഉണ്ട് എന്നും മറ്റുമുള്ള വിശദീകരണം അസിസ്റ്റന്റ് എഞ്ചിനീയർ 16-4-2004-ൽ സമർപ്പിച്ചു.

50. പേയ്മെന്റ് നൽകിയ സെക്രട്ടറി എൻ. കുട്ടന്റെ പേരിൽ ലോക്കൽ ഫണ്ട് ഡയറക്ടർ 19-6-2003-ൽ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

51. സർച്ചാർജ്ജ് സർട്ടിഫിക്കറ്റിൽ കൊടുത്തിട്ടുള്ള തുക നാളിതു വരെ ഒടുക്കിയിട്ടില്ല.

52. ശ്രീ. കുട്ടൻ 31-5-2000-ൽ സർവീസിൽ നിന്നും പിരിഞ്ഞു."

[പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ J.S.1172/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

53. താന്നിത്തെരുവ് ചെറ്റപ്പാലം റോഡ് റീ ടാറിംഗുമായി ബന്ധപ്പെട്ട് ശ്രീ. കുട്ടനിൽ നിന്ന് തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് 12-1-2005-ലെ സമിതി യോഗം നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 30-1-2005-ലെ J.S.1172/04 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ 19-6-2003-ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ പുറപ്പെടുവിച്ച സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകകൾ ഉടൻ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് കൈപ്പറ്റുവാൻ ശ്രീ. എൻ. കുട്ടന് (പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി) നോട്ടീസ് അയച്ചിരുന്നുവെന്നും 29-1-2005 വരെയും ശ്രീ. കുട്ടൻ തുക ഒടുക്കാതിരുന്ന സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ

സ്വീകരിക്കുന്നതിന് സർച്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം വയനാട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും കൂടാതെ ശ്രീ.കുട്ടന്റെ ഇൻഡംമിനിറ്റി ബോണ്ടിലെ ജാമ്യക്കാരിൽ നിന്നും റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും അപേക്ഷ നൽകിയിട്ടുണ്ടെന്നും ബോധിപ്പിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

54. താന്നിത്തെരുവ് ചെറ്റപ്പാലം റോഡ് റീടാറിംഗുമായി ബന്ധപ്പെട്ട പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറി ശ്രീ.എൻ.കുട്ടനിൽ നിന്ന് 24,788 രൂപ തിരിച്ചു പിടിക്കുന്നതിനായി സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും റവന്യൂ റിക്കവറി നടപടികൾക്കായി വയനാട് ജില്ലാ കളക്ടർക്കും ഇൻഡംമിനിറ്റി ബോണ്ടിലെ ജാമ്യക്കാരിൽ നിന്ന് റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഇക്കാര്യത്തിലുള്ള നടപടികൾ പൂർത്തിയാക്കി തുക തിരിച്ചു പിടിക്കുന്നതിന് വയനാട് ജില്ലാ കളക്ടറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും അടിയന്തിര നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

55. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിൽ നിന്നും ജീവനക്കാരിൽ നിന്നും ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിലുള്ള തുക പ്രസ്തുത ജീവനക്കാർ റിട്ടയർ ചെയ്ത് കഴിഞ്ഞാൽ റവന്യൂ റിക്കവറി വഴി മാത്രമേ ഈടാക്കാൻ നിലവിൽ വ്യവസ്ഥയുള്ളു. എന്നാൽ റവന്യൂ റിക്കവറി വഴി തുക ഈടാക്കിയെടുക്കുന്നതിന് വളരെയേറെ കാലതാമസമുണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരിൽ നിന്നും ജീവനക്കാരിൽ നിന്നുമുള്ള വീഴ്ചകൾമൂലവും ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിലും ഉണ്ടാകുന്ന നഷ്ടം അത്തരം ജീവനക്കാരുടെ പെൻഷനിൽ നിന്നുതന്നെ കാലതാമസം കൂടാതെ റിക്കവറി നടത്തുന്നതിന് വ്യവസ്ഥ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ സുപ്രീം കോടതി നൽകിയിട്ടുള്ള വിധി കൂടി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

കന്നാരംപുഴ ഇറിഗേഷൻ കനാൽ റിപ്പെയർ അനധികൃതമായി കൂലി നൽകിയതു സംബന്ധിച്ച് .

മേൽപറഞ്ഞ പ്രവൃത്തിയുടെ അവസാന ചെക്ക് മെഷർമെന്റ് നടത്തിയ 28-6-1999-ന് ശേഷവും (29-6-1999 മുതൽ 31-6-1999 വരെ) തൊഴിലാളികളെ വച്ച് പ്രവൃത്തി നടത്തിയതായി കാണിച്ച് 12,600 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് നിയമ വിധേയമല്ലാത്തതിനാൽ തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ പിടിയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V-12.3 (ii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

56. "ഓഡിറ്റ് പരാമർശം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി ഉത്തരവാദിയാണെന്ന് ഓഡിറ്റ് പരാമർശിച്ച ശ്രീ. കുട്ടന് അയച്ച് കൊടുത്തു.

57. ഗുണഭോക്തൃ കമ്മിറ്റിയുടെ പരിചയക്കുറവുമൂലവും 30-6-1999-ന് മുമ്പ് ചിലവഴിച്ചില്ലെങ്കിൽ ഫണ്ട് നഷ്ടപ്പെടുന്നതു മൂലവും മസ്റ്റർ റോൾ എഴുതി തയ്യാറാക്കിയതിലെ അപാകതകൾ ശ്രദ്ധിക്കാൻ കഴിയാത്തതിനാൽ സംഭവിച്ചതാണ് എന്നും അതിനാൽ കൺവീനറിൽ നിന്നും തുക വസൂലാക്കാൻ നടപടികൾ സ്വീകരിക്കണം എന്നും തുക നൽകിയ സെക്രട്ടറി എൻ. കുട്ടൻ 21-3-2002-ൽ നൽകിയ വിശദീകരണം പഞ്ചായത്തിന്റെ 23-3-2004-ലെ തീരുമാന പ്രകാരം 25-3-2002-ൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിരുന്നു.

58. ബന്ധപ്പെട്ട കൺവീനറിൽ നിന്നും തുക വസൂലാക്കാൻ 2-4-2002-ൽ നോട്ടീസ് നൽകിയെങ്കിലും ടിയാൻ തുക ഒടുക്കുകയോ മറുപടി നൽകുകയോ ചെയ്തതായി കാണുന്നില്ല.

59. പേയ്മെന്റ് നൽകിയ സെക്രട്ടറി എൻ. കുട്ടന്റെ പേരിൽ ലോക്കൽ ഫണ്ട് ഡയറക്ടർ 4-12-2002-ൽ സർച്ചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ തുക നാളിതുവരെ ഒടുക്കിയിട്ടില്ല. ടിയാൻ 31-5-2000 തീയതി സർവീസിൽ നിന്ന് പിരിഞ്ഞ ആളാണ്. സർച്ചാർജ്ജ് നോട്ടീസിന് ടിയാൻ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ എന്ന് നാളിതുവരെ ലോക്കൽ ഫണ്ട് ഡയറക്ടറിൽ നിന്നും വിവരം ലഭിച്ചിട്ടില്ല. എന്നാൽ 4-12-2002-ലെ സർച്ചാർജ്ജ് നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്ന 37(2) 40, 42, 44, 45 ഖണ്ഡികകൾ പ്രകാരം ഉള്ള സർച്ചാർജ്ജ് ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് 19-6-2003-ൽ ലോക്കൽ ഫണ്ട് ഡയറക്ടർ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർട്ടിഫിക്കറ്റിൽ 34,089 രൂപ ടിയാൻ നാളിതുവരെ ഒടുക്കുകയോ മറ്റു വിധത്തിൽ പഞ്ചായത്ത് ഫണ്ടിൽ നൽകുകയോ ചെയ്തിട്ടില്ല."

[പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ J.S.1172/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

60. കന്നാരംപുഴ ഇറിഗേഷൻ കനാൽ റിപ്പയറിംഗിന് അനധികൃതമായി കൂലി നൽകിയത് സംബന്ധിച്ച ആഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ടോയെന്നും ഒഴിവാക്കിയെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഒഴിവാക്കിയതെന്നും 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പുദ്യോഗസ്ഥരോട് അന്വേഷിക്കുകയുണ്ടായി.

61. പ്രാദേശിക പരിശോധന വേളയിൽ എഞ്ചിനീയർ കണക്കാക്കിയ ആകെ മൂല്യമായ 1,88,222 രൂപയിൽ അനുവദനീയമായ വേലക്കൂലിയും ഉൾപ്പെട്ടിട്ടുള്ളതിനാലും കൺവീനർക്ക് നൽകിയത് വാല്യുവേഷൻ അടിസ്ഥാനത്തിലുള്ള തുക മാത്രമായതിനാലുമാണ് ഈ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള നഷ്ടം ഒഴിവാക്കാവുന്നതാണെന്ന് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളതെന്ന് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ആഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

62. കന്നാരംപുഴ ഇറിഗേഷൻ കനാൽ റിപ്പയറിംഗിന് അനധികൃതമായി കൂലി നൽകിയതുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആയതിനാൽ മേൽ പരാമർശം ഒഴിവാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

പൊതുമരാമത്തു പണികൾ-അധിക തുക നൽകി.

കോൺക്രീറ്റിംഗിന് 25.53 രൂപ നിരക്കു നിൽകേണ്ടതിനു പകരം 34.50 രൂപ നിരക്കിൽ നൽകി—അധികം നൽകിയത് 8410 രൂപ.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക 5-12(8)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

63. "31-10-2000-ൽ ലഭിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്തമായ ഖണ്ഡിക 14-3-2002-ൽ സർവ്വീസിൽ നിന്ന് പിരിഞ്ഞ് മുൻ പഞ്ചായത്ത് സെക്രട്ടറി എൻ. കുട്ടന് അയച്ചു കൊടുത്തു.

64. എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ വന്ന അപാകതക്ക് പണം നൽകിയ സെക്രട്ടറി ഉത്തരവാദിയല്ലെന്നും ബന്ധപ്പെട്ട എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ വിശദീകരണം വാങ്ങി ഓഡിറ്റിന് അയച്ചു കൊടുത്ത് തടസ്സം ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ശ്രീ. എൻ. കുട്ടൻ 21-3-2002-ൽ വിശദീകരണം സമർപ്പിച്ചു.

65. 2-4-2002-ൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മെഷർമെന്റ് ബിൽ തയ്യാറാക്കൽ, സൂപ്പർ വിഷൻ എന്നീ സാങ്കേതിക ചുമതലകൾ നിർവ്വഹിച്ച എഞ്ചിനീയർ വി. ടി. യോഹന്നാൻ, ഓവർസീയർ ഒ. ടി. അഷറഫ് എന്നിവർക്ക് നോട്ടീസ് അയച്ചു.

66. ബ്ലോക്കുതല സാങ്കേതിക സമിതി പരിശോധിച്ച ശേഷമാണ് എസ്റ്റിമേറ്റുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതെന്നും അതിനാൽ തന്നെ ഉത്തരവാദിത്വം എസ്റ്റിമേറ്റ് തയ്യാറാക്കിയ എ. ഇ.ക്ക് മാത്രമല്ലാ എന്നും ബില്ലുകൾ പാസാക്കുമ്പോൾ പഞ്ചായത്ത് സെക്രട്ടറിക്കും ഉത്തരവാദിത്വമുണ്ട് എന്നും വിശദീകരിച്ച് ബന്ധപ്പെട്ട എഞ്ചിനീയർ 16-4-2002-ൽ വിശദീകരണം സമർപ്പിച്ചു.

67. പിന്നീട് 4-12-2002-ൽ 18419/സ്പെ.സെൽ/എസ്.സി.4/2002 നമ്പറായി ലോക്കൽ ഫണ്ട് ഡയറക്ടർ ഖണ്ഡിക 37(2), 40, 44, 45, 46 പ്രകാരം ശ്രീ. കുട്ടന് സർച്ചാർജ്ജ് നോട്ടീസും പുറപ്പെടുവിച്ചിരുന്നു.

68. 19-6-2003-ൽ ലോക്കൽ ഫണ്ട് ഡയറക്ടർ പുറപ്പെടുവിച്ച സർച്ചാർജ്ജ് സർട്ടിഫിക്കറ്റിൽ ശ്രീ. കുട്ടൻ സർച്ചാർജ്ജ് നോട്ടീസിന് 7-3-2003-ൽ നൽകിയ വിശദീകരണത്തിൽ 40, 44, 45 ഖണ്ഡികകൾക്ക് സമർപ്പിച്ച വിശദീകരണം

സ്വീകാര്യമല്ലാത്തതിനാൽ ബന്ധപ്പെട്ട തുക പഞ്ചായത്തിൽ ഒടുക്കണമെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ സർച്ചാർജ്ജ് നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്ന ഖണ്ഡിക 42 സംബന്ധിച്ച് യാതൊരു പരാമർശവും ഉള്ളതായി കാണുന്നില്ല. സർച്ചാർജ്ജ് നോട്ടീസിൽ പറഞ്ഞിരുന്ന മറ്റു ഖണ്ഡികകൾ പ്രകാരമുള്ള ബാധ്യതകൾ ഒഴിവാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരമൊന്നും ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട ഓഡിറ്റ് പരാമർശ പ്രകാരമുള്ള തുക നാളിതുവരെ വരവ് വന്നിട്ടില്ല.”

[പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005 ലെ J.S.1172/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

69. പൊതുമരാമത്ത് പണികൾക്ക് 8,410 രൂപ അധികം നൽകിയെന്ന് ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എ.ഇ.യും സെക്രട്ടറിയും റിട്ടയർ ചെയ്ത സാഹചര്യത്തിൽ പഞ്ചായത്തിന് നഷ്ടപ്പെട്ട 8,410 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കണമെന്ന് 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു.

70. സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ 4-12-2002-ൽ സർച്ചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ച മേൽ ഖണ്ഡിക സംബന്ധിച്ച് സർച്ചാർജ്ജ് സർട്ടിഫിക്കറ്റോ ബാദ്ധ്യത ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവോ ലഭിച്ചിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ അറിയിക്കാൻ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും പുറമേ സർച്ചാർജ്ജ് നോട്ടീസ് ഖണ്ഡികകൾ പ്രകാരമുള്ള തുക ഒടുക്കാൻ 14-1-2005-ന് അന്നത്തെ സെക്രട്ടറിയായിരുന്ന (31-5-2000-ൽ വിരമിച്ച) ശ്രീ. കുട്ടന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും സമിതിയെ അറിയിച്ചു (പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള 30-1-2005-ലെ J.S.1172/04 നമ്പർ കത്ത് പ്രകാരം).

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

71. പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 31-5-2000-ൽ റിട്ടയർ ചെയ്ത ശ്രീ. എൻ. കുട്ടന്റെ കാലയളവിലുള്ള ആഡിറ്റ് പരാമർശങ്ങളിലെല്ലാം സർച്ചാർജ്ജ് നോട്ടീസും സർച്ചാർജ്ജ് സർട്ടിഫിക്കറ്റും പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും പരാമർശ വിധേയമായി പഞ്ചായത്തിന് നഷ്ടമായ തുക തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആയതിനാൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 31-5-2000-ൽ വിരമിച്ച ശ്രീ. എൻ. കുട്ടന്റെ പേരിൽ ആഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ചു പിടിക്കേണ്ടതായ ആകെ നഷ്ടം എത്ര രൂപയാണെന്നും ഈ കേസുകളില്ലെല്ലാം സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തിട്ടുണ്ടോയെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് വ്യക്തമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ ശ്രീ. കുട്ടനെതിരെ പുറപ്പെടുവിച്ച സർച്ചാർജ്ജ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലുള്ള തുക മുഴുവൻ റവന്യൂ റിക്കവറി വഴി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇതിൽ എത്ര തുക ഇതിനകം ഈടാക്കിയിട്ടുണ്ടെന്നും ഇനിയും എത്ര തുക ഈടാക്കാനുണ്ടെന്നും അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## എടവക ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പൊതുമരാമത്തു പണികൾ കൺവീനർക്ക് അധിക തുക നൽകി

പൊതുമരാമത്ത് പണികളുടെ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിന് എസ്റ്റിമേറ്റ് തുകയുടെ 1.5% വും മേൽനോട്ടത്തിനും ബില്ലുണ്ടാക്കുന്നതിനും 5% വും എഞ്ചിനീയർക്ക് നൽകാവുന്നതാണ്. എന്നാൽ എടവക കൃഷിഭവൻ അഗ്രിക്കൾച്ചറൽ ഓഫീസർ നിർവഹണം നടത്തിയ തിനമംഗലം വി.സി.ബി. നല്ലൂർനാട് വീട്ടുകുളം നെൽകൃഷി വികസനം, പൈങ്ങാട്ടിരി അമ്പലവയൽ പമ്പ് ഹൗസ് നിർമ്മാണം എന്നീ പ്രവർത്തികൾക്ക് 7,133 രൂപയും ഇതിൽ നിന്നും അധികമായി പ്രവർത്തി നടത്തിയ കൺവീനർമാർക്ക് നൽകുകയുണ്ടായി. ഇത് അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999–00, ഖണ്ഡിക IV 67(എ)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

72. "ഓഡിറ്റുതടസ്സം നിർവ്വഹണ ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിക്കുകയും ആയതിന് പ്രഥമ റിപ്പോർട്ടു മറുപടി സമർപ്പിച്ചിരുന്നു. ആയതിന് 11-1-2002-ന് LF(W)P4–329/01 അനന്തരാഭിപ്രായത്തിന് ഖണ്ഡിക ഓഡിറ്റിൽ അംഗീകരിക്കാത്തതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ശ്രീ. ശിവദാസനെ അറിയിക്കുകയും ആയതിന് 16-3-2002-ന് 14/2001 നമ്പരായി മറുപടി സമർപ്പിച്ചിട്ടുണ്ട്.."

(എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ A1– 1534/04 –05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

73. ബിൽ തയ്യാറാക്കൽ, സൂപ്പർവിഷൻ എന്നിവയ്ക്കായി പി.ഡബ്ള്യു.ഡി എഞ്ചിനീയർമാർക്ക് പ്രത്യേക തുക നൽകേണ്ടതുണ്ടോയെന്നും എങ്കിൽ ആ തുക എഞ്ചിനീയർക്ക് നൽകുന്നതിനുപകരം ഗുണഭോക്തൃ സമിതിക്ക് നൽകിയത് എന്തുകൊണ്ടാണെന്നും 12-1-2005-ലെ തെളിവെടുപ്പു വേളയിൽ സമിതി ആരായുകയുണ്ടായി. ഗുണഭോക്തൃ സമിതിക്ക് തുക നൽകിയിട്ടില്ലെന്നും ഇത് സംബന്ധിച്ച ഫയൽ കൃഷിഭവനിലാണെന്നും ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതുപോലെ 7133 രൂപ നൽകിയിട്ടില്ലെന്നും അനുവദിക്കാവുന്ന തുക മാത്രമേ ബിൽപ്രകാരം നൽകിയിട്ടുള്ളൂവെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ ശ്രീ. ഡി. ശിവദാസൻ സമിതിയിൽ ബോധിപ്പിച്ചു. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് മറുപടി നൽകാനും അതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു.

74. സമിതി നിർദ്ദേശപ്രകാരം വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ മുഖാന്തിരം, 24-1-2005-ലെ എൽ.എഫ്.(ഡബ്ല്യൂ) പി. 2-627/2004 നമ്പർ കത്ത് പ്രകാരം സമിതിക്ക് റിപ്പോർട്ട് നൽകി. പൊതുമരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സർവ്വീസിലുള്ള എഞ്ചിനീയർമാരാണെങ്കിൽ പ്രോജക്ട് തുകയുടെ 1.25% വും സർവ്വീസിന് പുറത്തുള്ള

എഞ്ചിനീയർമാരാണെങ്കിൽ 2.5% വും സൂപ്പർ വിഷൻ ചാർജായി നൽകാമെന്ന് 13-2-1998-ലെ ജി. ഒ (എം.എസ്) 31/98/എൽ.എ.ഡി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് നൽകി. ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ തിനമംഗലം വി.സി.ബി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് നൽകിയ 2500 രൂപ (2,00,000 രൂപയുടെ 1.25%) കുറവ് ചെയ്യാതെ ബിൽ തുക നൽകിയതുമൂലം 2500 രൂപയും നല്ലൂർനാട് വീട്ടിക്കുളം നെൽകൃഷി വികസന പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് തയ്യാറാക്കിയതിന് നൽകിയ 360 രൂപയും പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടെന്ന് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതുപോലെ തന്നെ നല്ലൂർനാട് വീട്ടിക്കുളം നെൽകൃഷി വികസന പ്രോജക്ടിന് 8,000 രൂപയും പൈങ്ങാട്ടിരി അമ്പലവയൽ പമ്പ് ഹൗസ് പ്രോജക്ടിൽ 10,000 രൂപയും ഗുണഭോക്തൃവിഹിതമായി പിരിച്ചെടുക്കേണ്ടി യിരുന്നത് കൃഷി ഓഫീസറുടെ അശ്രദ്ധമൂലം പിരിച്ചെടുത്തില്ലെന്നും ആയതും പഞ്ചായത്ത് ഫണ്ടിൽ നിന്ന് നഷ്ടമായെന്നും എന്നാൽ ഇക്കാര്യം നേരത്തേ ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നില്ലെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടിയാണ് ഇക്കാര്യം ചൂണ്ടിക്കാട്ടുന്നതെന്നും ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

75. സൂപ്പർവിഷൻ ചാർജ്ജിനത്തിൽ രണ്ട് പ്രവൃത്തികളിലായി 2860 രൂപ (2500+360) കുറയ്ക്കാതെ ഗുണഭോക്തൃ സമിതിക്ക് ബിൽ തുക നൽകിയതിനാൽ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ടെന്ന് വ്യക്തമായ സാഹചര്യത്തിൽ ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെതന്നെ രണ്ടു പ്രോജക്ടുകളിലായി ഗുണഭോക്തൃ വിഹിതയിനത്തിൽ സമാഹരിക്കേണ്ടിയിരുന്ന 18,000 രൂപ സ്വരൂപിക്കാനും കഴിഞ്ഞിട്ടില്ല. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

കൃഷി വികസനം-നേഴ്സറി നിർമ്മാണം, തൈ വിതരണം നടത്തിയില്ല

മെച്ചപ്പെട്ട ഇനം 2750 തെങ്ങിൻതൈകളും 6500 കവുങ്ങിൻ തൈകളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് രണ്ട് നഴ്സറികൾക്കായി 61,000 രൂപ നൽകാൻ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നു. അപ്രകാരം ഒരു നഴ്സറിക്ക് 30,500 രൂപ 30-6-1998-ന് നൽകുകയുണ്ടായി. എന്നാൽ തൈകൾ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തിട്ടില്ലാത്തതിന് നഴ്സറിക്ക് നൽകിയ 30,500 രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-00, ഖണ്ഡിക IV-67(ബി)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

76. ഓഡിറ്റ് തടസ്സം നിർവഹണ ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിക്കുകയും പ്രഥമ മറുപടി സമർപ്പിക്കുകയും ആയതിന് 11-1-2002-ന് LF(W)P4 329/01 മറുപടിക്കുള്ള അനന്തരാഭിപ്രായങ്ങളിൽ ടി തടസ്സം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട രേഖകൾ

പരിശോധനയ്ക്ക് ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത കാര്യം കൃഷി ഓഫീസറായ നിർമ്മാണ ഉദ്യോഗസ്ഥനെ അറിയിച്ചു. 16-3-2002-ന് കൃഷി ഓഫീസർ രേഖ ഹാജരാക്കാമെന്ന് ബോധിപ്പിച്ചിരുന്നു.

(എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ A1 – 1534/04 – 05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

77. 30,500 രൂപ ഒരു നഴ്സറിക്ക് നൽകിയിട്ടും സബ്സിഡി നിരക്കിൽ കർഷകർക്ക് തൈകൾ നൽകാൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് സമിതി 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറോട് ആരായുകയുണ്ടായി. നഴ്സറി ഉണ്ടാക്കിയ ഉടനെ തൈകൾ വിതരണം ചെയ്യാൻ കഴിയില്ലെന്നും ആറുമാസവും ഒരു വർഷവും കൊണ്ടേ തൈകൾ ഉണ്ടാക്കാൻ കഴിയുകയുള്ളൂവെന്നും അതിനുശേഷം തെങ്ങിൻതൈകളും കവുങ്ങിൻതൈകളും വിതരണം ചെയ്തിട്ടുണ്ടെന്നും വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് പഞ്ചായത്തിന് നൽകിയിട്ടുണ്ടെന്നും അന്നത്തെ കൃഷി ഓഫീസർ ശ്രീ. ഡി. ശിവദാസൻ സമിതിയെ അറിയിച്ചു. കൃഷി ഓഫീസറുടെ മറുപടി തൃപ്തികരമല്ലെന്ന് തോന്നിയതിനാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ വയനാട് ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് നൽകാനും ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് നൽകാനും സമിതി നിർദ്ദേശിച്ചിരുന്നു.

78. സമിതി നിർദ്ദേശപ്രകാരം വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ (വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 24-1-2005-ലെ എൽ.എഫ്.ഡബ്ല്യു. പി2-627/ 2004 നമ്പർ കത്ത് പ്രകാരം) താഴെപറയുന്ന അപാകതകൾ ചൂണ്ടിക്കാട്ടിയിരുന്നു. പ്രോജക്ടിന്റെ ഗുണഭോക്താവായി തെരഞ്ഞെടുത്ത നഴ്സറി ഉടമ ശ്രീ. അന്ത്രുവിന്റെ നഴ്സറിയിൽനിന്ന് 10 രൂപ നിരക്കിൽ 2750 തെങ്ങിൻ തൈകളും 2 രൂപ നിരക്കിൽ 6500 കവുങ്ങിൻ തൈകളും നൽകാനായിരുന്നു പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതെങ്കിലും ശ്രീ. അന്ത്രു 15 രൂപ നിരക്കിൽ 2000 തെങ്ങിൻ തൈകൾ 3 രൂപ നിരക്കിൽ 5060 കവുങ്ങിൻ തൈകളും മാത്രമേ കർഷകർക്ക് വിതരണം ചെയ്തുള്ളൂവെന്നും പ്രോജക്ടിൽ പറഞ്ഞിരുന്നതിനേക്കാൾ ഉയർന്ന നിരക്കിൽ തെങ്ങിൻതൈകളും കവുങ്ങിൻ തൈകളും വിതരണം ചെയ്തതിനാൽ (2000 തെങ്ങിൻതൈകൾക്ക് 5 രൂപ വീതം 10,000 രൂപയും 5060 കവുങ്ങിൻ തൈകൾക്ക് 1 രൂപ വീതം 5060 രൂപയും കൂടി 15,060 രൂപ ശ്രീ. അന്ത്രു അധികം ഈടാക്കിയിട്ടുണ്ടെന്നും ഇങ്ങനെ അധിക തുക ഈടാക്കുന്നത് തടയാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നടപടി സ്വീകരിച്ചില്ലെന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

79. പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന രീതിയിൽ മുഴുവൻ തെങ്ങിൻതൈകളും കവുങ്ങിൻതൈകളും വിതരണം ചെയ്യാൻ കഴിഞ്ഞില്ല. എന്നുമാത്രമല്ല പ്രോജക്ടിൽ നിശ്ചയിച്ചിരുന്ന നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് തെങ്ങിൻതൈകളും കവുങ്ങിൻകൈകളും വിതരണം ചെയ്തത്. ഇങ്ങനെ അധികനിരക്കിൽ തൈകൾ വിതരണം ചെയ്തതിലൂടെ 15060 രൂപയാണ് കർഷകരിൽ നിന്ന് അധികം

ഈടാക്കിയിരിക്കുന്നത്. ഇത് പ്രോജക്ടിന്റെ ലക്ഷ്യത്തിന് തന്നെ കടകവിരുദ്ധമാണ്. ആയതിനാൽ നഴ്സറി നിർമ്മാണ, തൈവിതരണ പ്രോജക്ടിൽ കർഷകരിൽ നിന്ന് അധികമായി സമാഹരിച്ച 15060 രൂപ നഴ്സറി ഉടമയായ ശ്രീ. അന്ത്രുവിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ കൃഷിഭവൻ ഓഫീസർ ശ്രീ. ഡി. ശിവദാസനിൽ നിന്നും തുല്യമായി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

വ്യക്തിഗത ഗുണഭോക്തൃ സബ്സിഡി അധികം നൽകിയത്

എടവക ഗ്രാമപഞ്ചായത്തിൽ കോഴി ഫാം നടത്തുന്നതിനുള്ള പദ്ധതിയിൽ 1997-98 വർഷം 15,000 രൂപ വീതം 5 വ്യക്തികൾക്കായി ആകെ 75,000 രൂപ പദ്ധതി വിഹിതത്തിൽ നിന്നും സബ്സിഡിയായി നൽകിയിട്ടുണ്ട്. എന്നാൽ 1997-98 വർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് 5,000 രൂപയിൽ കൂടുതൽ സബ്സിഡി നൽകരുതെന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായിരുന്നു ഈ നടപടി. അതിനാൽ അധികം നൽകിയ 50,000 രൂപ അനുവദനീയമല്ല. ഗുണഭോക്തൃ വിഹിതമായി 30,000 രൂപ വീതം ചെലവഴിക്കണമെന്ന നിർദ്ദേശവും ഗുണഭോക്താക്കൾ പാലിച്ചിട്ടില്ല. ഇതുമൂലം അനുവദനീയമായ സബ്സിഡി തുകയായ 25,000 രൂപ പോലും ക്രമപ്രകാരമല്ല ചെലവഴിച്ചിരുന്നത് എന്നു കാണാം.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-00, ഖണ്ഡിക IV 67(സി)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

80. "പ്രസ്തുത ഖണ്ഡികയിലെ വെറ്ററിനറി സർജന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ 27-5-2003 L.F(W)P.4 336/01—തടസ്സം ഒഴിവാക്കിയിട്ടുണ്ട്. "

(എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ A1– 1534/04 – 05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

81. വ്യക്തിഗത ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി നൽകിയതുമായി ബന്ധപ്പെട്ട പരാമർശത്തിന് മറുപടി ലഭിച്ചിട്ടുണ്ടോയെന്ന 12-1-2005-ലെ തെളിവെടുപ്പ് വേളയിലെ സമിതിയുടെ ചോദ്യത്തിന് മറുപടി ലഭിച്ചിട്ടുണ്ടെന്നും തടസ്സം ഒഴിവാക്കിയിട്ടുണ്ടെന്നും വയനാട് ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. 1997-98 വർഷത്തിൽ 5,000 രൂപയിൽ കൂടുതൽ സബ്സിഡി നൽകരുതെന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി 15,000 രൂപ വീതം ഓരോ വ്യക്തിക്കും സബ്സിഡി നൽകിയെന്നതാണ് പരാമർശമെന്നും ഇത് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ തീർപ്പ് കൽപ്പിച്ച നടപടി സമിതി അംഗീകരിക്കുന്നില്ലെന്നും ഈ പരാമർശം ലോക്കൽഫണ്ട് ആഡിറ്റ് ജോയിന്റ് ഡയറക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ റിവ്യൂ ചെയ്ത് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

82. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ജോയിന്റ് ഡയറക്ടർ ശ്രീ. റ്റി. ഭാസി പ്രസ്തുത പരാമർശം റിവ്യൂ ചെയ്ത് സമിതിക്ക് നൽകിയ റിപ്പോർട്ടിൽ (17-5-2005-ലെ എൽ.എഫ്.25622/സ്പെ.സെൽ.(ജി)1/2004 നമ്പർ കത്ത് പ്രകാരം)

വ്യക്തിഗത ഗുണഭോക്താക്കൾക്ക് 1997-98 വർഷം കൊടുക്കാവുന്ന കൂടിയ സബ്സിഡി തുക 5,000 രൂപയായി നിജപ്പെടുത്തിയിരുന്നെങ്കിലും പഞ്ചായത്ത് തയ്യാറാക്കി ഡി.പി.സി. അംഗീകരിച്ച കോഴിഫാം നടത്തുന്നതിനുള്ള 1997-98-ലെ ഈ പ്രോജക്ട് ഒരു വ്യക്തിഗത പ്രോജക്ട് എന്നതിലുപരി 45,000 രൂപയുടെ അടങ്കൽ നിർദ്ദേശമുള്ളതും 15,000 രൂപ പദ്ധതി വിഹിതമായി നിർദ്ദേശിച്ചതുമായ ഒരു പ്രോജക്ടായി കണ്ടതിനാലാണ് സബ്സിഡി നൽകുന്ന രീതിയിലും ഒരു വ്യക്തിഗത പ്രോജക്ടായി ഇതിനെ കാണാതെ 15,000 രൂപ പഞ്ചായത്ത് വിഹിതമായി നൽകിയതെന്ന നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന്റെ വിശദീകരണം, വയനാട് ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അംഗീകരിക്കുകയുണ്ടായെന്ന് അറിയിച്ചു.

83. നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജൻ തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം എല്ലാ ഫാമുകളും നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ബോധ്യമായതായും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കാണ് പദ്ധതിയിൽ 45,000 രൂപ കണക്കാക്കിയത് എന്നതിനാൽ പ്രസ്തുത ആവശ്യത്തിലേക്ക് ഗുണഭോക്താക്കൾ അവരുടെ വിഹിതംകൂടി ഉപയോഗ പ്പെടുത്തിയതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടുവെന്നും ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഓഡിറ്റ് സമയത്ത് രേഖകൾ ഹാജരാക്കാതിരുന്ന മൂന്ന് ഗുണഭോക്താക്കൾ പിന്നീട് കോഴിക്കുഞ്ഞുങ്ങളെ വാങ്ങി നല്ല രീതിയിൽ ഫാം നടത്തിയതായി മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും മേൽ വസ്തുതകൾ പരിഗണിച്ച്, ആഡിറ്റ് തടസ്സം ഒഴിവാക്കിയ വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി അംഗീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് നൽകിയിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

84. <u>ലോക്കൽഫണ്ട് ആഡിറ്റ് ജോയിന്റ് ഡയറക്ടറുടെ റിവ്യൂ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ഈ പരാമർശം ഒഴിവാക്കിയ വയനാട് ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.</u>

**ഓഡിറ്റ് ഖണ്ഡിക**

<u>പൊതുമരാമത്തു പണികൾ അധിക തുക നൽകി</u>

6 എം. എം., 12 എം.എം. 36 എം. എം. മെറ്റലുകൾ അട്ടിവയ്ക്കുന്നതിന് അധികനിരക്ക് നൽകിയത് 14,797 രൂപ

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02, ഖണ്ഡിക IV 12.8(8)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

85. "ഓഡിറ്റ് തടസ്സം സംബന്ധിച്ച ബന്ധപ്പെട്ട അസി.എഞ്ചിനീയറെ 9-10-2002 രേഖാമൂലം അറിയിക്കുകയും 18-12-2002 എഞ്ചിനീയർ മറുപടി സമർപ്പിച്ചിരുന്നു. പ്രഥമ മറുപടി സമർപ്പിച്ചതിനുശേഷം 5-7-2003 LF(W)P.4-564/03 അനന്തരാഭിപ്രായത്തിൽ, അധികം നൽകിയ 109 രൂപ ഉത്തരവാദിയായ വ്യക്തിയിൽ നിന്ന് ഈടാക്കാൻ

നിർദ്ദേശിച്ചിട്ടുണ്ട്.

(എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ A1–1534/04–05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

86. 14797 രൂപ അധികം നൽകിയെന്ന പരാമർശം 109 രൂപയായി കുറഞ്ഞതെങ്ങനെയെന്ന് 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന്റെ തന്നെ പുനരഭിപ്രായക്കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് തുക കുറവ് വന്നതെന്നും പ്രസ്തുത തുക അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥ തിരിച്ചടച്ചുവെന്നും എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സെക്രട്ടറിയുടെ മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പൊതുമരാമത്തു പണികൾ-അധികതുക നൽകി

മെറ്റൽ അട്ടിവയ്ക്കുന്നതിന് അധികനിരക്കു നൽകിയത് 4,486 രൂപ.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02, ഖണ്ഡിക V- 12.8(9)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

87. "ബന്ധപ്പെട്ട എഞ്ചിനീയറെ രേഖാമൂലം അറിയിക്കുകയും 21-10-2002 എഞ്ചിനീയർ മറുപടി സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ 5-7-2003 ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ LF(W)P.4-564/02 പുനരഭിപ്രായക്കുറിപ്പിൽ തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

(എടവകഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ A1– 1534/04 –05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

88. മെറ്റൽ അട്ടിവയ്ക്കുന്നതിന് 4,486 രൂപ അധിക നിരക്ക് നൽകിയെന്ന പരാമർശം തുക കണക്കാക്കിയതിൽ ഹെഡ്ക്ലർക്കിന് വന്ന പിശക് മൂലമാണെന്നും ഇക്കാര്യം ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വയനാട് ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്ന വിശദീകരണം സമിതി അംഗീകരിക്കുന്നു.

## സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണം-രാജീവ്ഗാന്ധി ബൈപാസ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ അധികമായി കരിങ്കൽ വാങ്ങി

രാജീവ് ഗാന്ധി ബൈപാസ് റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ പണികൾക്ക് ആവശ്യമായ 76.8 എം$^3$ കരിങ്കല്ലിനു പകരം 285 എം$^3$ കരിങ്കല്ല് 86,000 രൂപയ്ക്ക് വാങ്ങുകയുണ്ടായി. അധികമായി വാങ്ങിയ 208.2 എം.$^3$ വാങ്ങാനായി ക്വൊട്ടേഷൻ

ക്ഷണിച്ചിരിക്കുന്നു. എന്നാൽ 76.8 എം.[3] കരിങ്കല്ലിന് ഉപയോഗം വ്യക്തമാക്കിയിട്ടില്ല. ഈ ഇനത്തിൽ 62,825 രൂപയുടെ (208.2 x 86000) അധികച്ചെലവ് കണക്കാക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999–00 ഖണ്ഡിക IV- 68]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

89. "21-10-2002, 30-11-2002 എന്നീ തീയ്യതികളിൽ ശ്രീ. വി. എം. അഗസ്റ്റിൻ അസിസ്റ്റന്റ് എഞ്ചിനീയറെ ഇതു സംബന്ധിച്ച് അറിയിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല."

(സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A3 – 967/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

90. രാജീവ്ഗാന്ധി ബൈപാസ് റോഡ് അഭിവൃദ്ധിപ്പെടുത്തലിന് കരിങ്കൽ വാങ്ങിയ ഇനത്തിൽ 62,825 രൂപ അധികം ചെലവഴിച്ചതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന 12-1-2005-ലെ തെളിവെടുപ്പ് വേളയിലെ ചോദ്യത്തിന് അന്ന് എ.ഇ. ആയിരുന്ന ശ്രീ. വി. ഇം. അഗസ്റ്റിനെ സസ്പെൻഡു ചെയ്തിട്ടുണ്ടെന്നും രണ്ടു പ്രാവശ്യം വിശദീകരണം ആവശ്യപ്പെട്ടിട്ടും ലഭിച്ചിട്ടില്ലെന്നും സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ പരാമർശവുമായി ബന്ധപ്പെട്ടാണോ ശ്രീ. അഗസ്റ്റിനെ സസ്പെൻഡ് ചെയ്തതെന്ന ചോദ്യത്തിന് ഇതിന് മാത്രമല്ല മറ്റ് ക്രമക്കേടുകൾക്ക് കൂടിയാണ് സസ്പെൻഷൻ നൽകിയതെന്ന് സെക്രട്ടറി അറിയിച്ചു.

91. അന്നത്തെ എ.ഇ. ആയിരുന്ന ശ്രീ.അഗസ്റ്റിനെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുകയും പഞ്ചായത്തിനുണ്ടായ 62,825 രൂപയുടെ നഷ്ടം ഈടാക്കിയെടുക്കാൻ വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും ഡെപ്യൂട്ടി ഡയറക്ടറും നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

92. സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 7-2-2005-ന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 7-2-2005-ലെ എ9-389/05(03)നമ്പർ കത്ത് പ്രകാരം മേൽ ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി. എം. അഗസ്റ്റിൻ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്ത് വരവെ പഞ്ചായത്ത് ഡയറക്ടറുടെ 12-5-99-ലെ ഇ-11-3335/97 നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റപ്പെടുകയും 25-5-1999-ൽ ടിയാനെ സുൽത്താൻ ബത്തേരി പഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്തുവെന്നും എന്നാൽ ടിയാൻ നാളിതുവരെ കൊരട്ടി ഗ്രാമപഞ്ചായത്തിൽ ജോയിൻ ചെയ്തിട്ടില്ലെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞുവെന്നും എന്നാൽ 31-10-1999 വരെ അവധിക്കായി സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നുവെന്നും അവധി അനുവദിച്ചിട്ടില്ലെന്നും ആ വിവരം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പിന്നീട് 23-3-2000-ൽ ടിയാൻ ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതായും 5-9-2001-ന് പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് പ്രകാരം സസ്പെൻഷനിലാണെന്നും ഇപ്പോൾ അദ്ദേഹത്തക്കുറിച്ച് വ്യക്തമായി ഒന്നും അറിയാൻ കഴിയുന്നില്ലെന്നും ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

93. ഒന്നിലധികം ആഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട ശ്രീ. വി. എം. അഗസ്റ്റി നെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിനായി 18-11-2006-ലെ സമിതി യോഗത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ ചുമതലയുള്ള ഭരണ വിഭാഗം ജോയിന്റ് ഡയറക്ടർ ശ്രീ. ഈപ്പൻ ഫ്രാൻസിസ് സമിതി മുമ്പാകെ സമർപ്പിച്ച പത്രികയിലെ വിവ രങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. "ശ്രീ. വി.എം. അഗസ്റ്റിനെ 12-5-1995-ലെ ഇ11 -3335/97-ാം ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റിയെങ്കിലും 25-9-1999-ന് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്ത ടിയാൻ ജോലിയിൽ പ്രവേശിക്കാതെ 30-10-1999 വരെ അവധിക്ക് അപേക്ഷിക്കുകയും ആയത് നിരസിക്കുകയും ചെയ്തു. പിന്നീട് ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുകയും 5-9-2005-ലെ ഡി5-15764/2000-ാം നമ്പർ ഉത്തരവ് പ്രകാരം ടിയാനെ സസ്പെന്റു ചെയ്തിട്ടുള്ളതുമാകുന്നു. ശ്രീ. അഗസ്റ്റിനെതിരെയുള്ള അച്ചടക്ക നടപടികളുടെ ഭാഗമായി ടിയാനോട് ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ 24-5-2005-ന് വിശദീകരണം ആരായുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ ടിയാൻ വിശദീകരണം സമർപ്പിക്കാതെ സേവനത്തിൽ നിന്നും വിരമിക്കുകയും 7-7-2006-ൽ മരണമടയുകയും ചെയ്തു. ആയതിനാൽ ടിയാന്റെ ബാധ്യത നിർണ്ണയിച്ച് സുൽത്താൻബത്തേരി ഗ്രാമ പഞ്ചായത്തിലേക്കുള്ള തുക ടിയാന്റെ ഡി.സി.ആർ.ജി. യിൽ നിന്ന് ഈടാക്കുവാൻ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കേസ്സിലെ മറ്റൊരു കക്ഷിയായ അന്നത്തെ സെക്രട്ടറി ശ്രീ. സി. രവീന്ദ്രന്റെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്."

## നിഗമനങ്ങൾ /നിർദ്ദേശങ്ങൾ

94. വളരെ ഗുരുതരമായ ഒന്നിലധികം ആഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി.എം. അഗസ്റ്റിൻ അനധികൃതമായി ജോലിയിൽ ഹാജ രാകാതിരുന്ന അവസരങ്ങളിൽ യഥാസമയം അച്ചടക്ക നടപടികളോ വകുപ്പുതല നടപടികളോ സ്വീകരിച്ചതായി കാണുന്നില്ല. എന്നു മാത്രമല്ല ശ്രീ. അഗസ്റ്റിനെതിരെ കാര്യമായ രീതിയിലുള്ള അച്ചടക്ക നടപടികളുണ്ടാകാതെ സർവ്വീസിൽ നിന്ന് വിരമിക്കു ന്നതിന് സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. 5-9-2001-ന് പഞ്ചായത്ത് ഡയറക്ട റുടെ ഉത്തരവ് പ്രകാരം സസ്പെൻഷനിലായ ശ്രീ. അഗസ്റ്റിനെക്കുറിച്ച് വ്യക്തമായി ഒന്നും അറിയാൻ കഴിയില്ലെന്ന് 7-2-2005-ന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചിട്ടും ടിയാൻ എവിടെയാണെന്ന് അന്വേഷിച്ച് കണ്ടെത്തുന്നതിന് അക്കാര്യം പോലീസിനെ ഏൽപ്പിക്കാതിരുന്നതും 7-7-2006-ന് ടിയാൻ മരണപ്പെട്ടുവെന്ന് ഇപ്പോൾ റിപ്പോർട്ട് നൽകിയിട്ടുള്ളതും പഞ്ചായത്ത് ഡയറക്ടർ ഉൾപ്പെ ടെയുള്ള പഞ്ചായത്ത് വകുപ്പിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയായാണ് ചൂണ്ടി ക്കാട്ടുന്നത്. ആയതിനാൽ ശ്രീ. അഗസ്റ്റിനെതിരെ യഥാസമയം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്ത് ഡയറക്ടർ ഉൾപ്പെടെയുള്ള പഞ്ചായത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ വകുപ്പുതല നടപടി സ്വീകരി ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

95. ശ്രീ. വി. എം. അഗസ്റ്റിൻ, അസിസ്റ്റന്റ് എഞ്ചിനീയർ 7-7-2006-ൽ മരണപ്പെട്ട സാഹചര്യത്തിൽ രാജീവ്ഗാന്ധി ബൈപാസ് റോഡ് അഭിവൃദ്ധിപ്പെടുത്തലുമായി

ബന്ധപ്പെട്ട് അധികം ചെലവാക്കിയ ഇനത്തിൽ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി യിൽ നിന്നും അടിയന്തിരമായി ഈടാക്കുന്നതിനും അന്നത്തെ സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി. രവീന്ദ്രന്റെ പേരിൽ അടിയന്തിര വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കൈവെട്ടുമൂല കല്ലുപതിക്കൽ-കല്ലിന് അധികവില നൽകിയത് പഞ്ചായത്തിനു നഷ്ടം

മേൽപ്പറഞ്ഞ പ്രവൃത്തിക്ക് ഉപയോഗിച്ച 55എം3 കരിങ്കല്ലിന് (എം3ന് 210 പ്രകാരം) 11,550 രൂപ നൽകേണ്ടതിനുപകരം 21,462 രൂപ (10035+11427) നൽകുകയുണ്ടായി. തന്മൂലം പഞ്ചായത്തിന് 9,912 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02, ഖണ്ഡിക V- 12.4(i)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

96. "തുക കൈപ്പറ്റിയ മോഹനൻ നായർ എന്നയാളെ അധികം വാങ്ങിയ തുക തിരിച്ചടക്കാൻ 26-11-2002-നു അറിയിച്ചു. തുക നാളിതുവരെ തിരിച്ചടച്ചില്ല."

(സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A3– 967/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

97. കൈവെട്ടുമൂല കല്ലുപതിക്കൽ പ്രവൃത്തിക്ക് കല്ലിന് അധികവില നൽകിയതിനും എ.ഇ. യായിരുന്ന ശ്രീ. വി. എം. അഗസ്റ്റിൻ തന്നെയാണുത്തരവാദിയെന്ന് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതിയെ ബോധിപ്പിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

98. മേൽപ്പറഞ്ഞ പ്രവൃത്തിയിലും കല്ലിന് അധികവില നൽകിയതിനുത്തരവാദി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി. എം. അഗസ്റ്റിനാണെന്നതിനാൽ തുക പലിശ സഹിതം ടിയാന്റെ ഡി. സി. ആർജിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

വനിതാ ഗുണഭോക്താക്കൾക്കായുള്ള പ്രോജക്ടിൽ പുരുഷ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്:

പദ്ധതി വിഹിതത്തിന്റെ 10% തുക വനിതകൾക്കുവേണ്ടിയുള്ള പ്രോജക്ടുകൾക്കായി മാറ്റി വയ്ക്കണമെന്ന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വനിതാക്ഷേമത്തിനായി തയ്യാറാക്കിയ തൊഴുത്ത് നിർമ്മാണം എന്ന പ്രോജക്ടിൽ വനിതാഗുണഭോക്താക്കൾക്ക് പകരം 21 പുരുഷ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുക വഴി പദ്ധതിയുടെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് അനധികൃതമായി 33,600 രൂപ ചെലവഴിച്ചത് (1600x21=33600) ആഡിറ്റിൽ

അംഗീകരിയ്ക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02, ഖണ്ഡിക V- 12.4(ii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

99. ഓഡിറ്റിന് തടസ്സം ഒഴിവാക്കി കിട്ടുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് 24-6-2004-ന് അപേക്ഷ നൽകി. ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 29-6-2004-ലെ എൽ.എഫ് 12689/സ്പെ.സെൽ (എസ്.ബി6)/2003 നമ്പർ കത്ത് പ്രകാരം സർചാർജ് നടപടിയിൽ നിന്നും ഒഴിവാക്കി.

(സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A3 – 967/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

100. വനിതാ ഗുണഭോക്താക്കൾക്കുള്ള പ്രോജക്റ്റിൽ പുരുഷ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ 11,200 രൂപയുടെ ഓഡിറ്റ് തടസ്സമാണ് സർച്ചാർജ്ജിൽ നിന്ന് ഒഴിവാക്കിയതെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. 18-11-2006-ലെ സമിതി യോഗത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ നൽകിയ വിശദീകരണത്തിൽ നിന്നും ഇക്കാര്യം സമിതിക്ക് ബോദ്ധ്യമായി. സമിതി പരിശോധിക്കുകയും വിശദീകരണം ആരായുകയും ചെയ്ത 2001-02 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന, വനിതാ ഗുണഭോക്താക്കൾക്കുള്ള പ്രോജക്റ്റിൽ പുരുഷ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട 33,600 രൂപയുടെ ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭിച്ചിട്ടുമില്ല.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

101. വനിതാ ഗുണഭോക്താക്കൾക്കായുള്ള പ്രോജക്റ്റിൽ പുരുഷ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട് 2001-02 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ 33,600 രൂപയുടെ അനധികൃത ചെലവ് സംബന്ധമായ പരാമർശം പരിശോധിക്കുന്നതിനായി വിശദീകരണം ആവശ്യപ്പെട്ട സമിതിക്ക്, 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ 11,200 രൂപയുടെ ഓഡിറ്റ് തടസ്സം സർച്ചാർജ്ജിൽ നിന്ന് ഒഴിവാക്കിയെന്ന് മറുപടി നൽകി സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ~~സമിതിയെ തെറ്റിദ്ധരിപ്പിക്കുകയാണുണ്ടായത്. ഇങ്ങനെ സമിതിയെ തെറ്റിദ്ധരിപ്പിച്ച~~ (സുൽത്താൻബത്തേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A3-967/04 നമ്പർ കത്തിലൂടെ)ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കരടു റിപ്പോർട്ടിന്റെ വസ്തുതാ പരിശോധന നടത്തിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ഇക്കാര്യം ചൂണ്ടിക്കാട്ടാതിരുന്നത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

102. വനിതാ ഗുണഭോക്താക്കൾക്കുള്ള പ്രോജക്റ്റിൽ പുരുഷ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിലെ 33,600 രൂപയുടെ അനധികൃത ചെലവ് (2001-02 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ പരാമർശം) നടത്തിയതിനുത്തരവാദിയായ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി

അവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

കമ്മ്യൂണിറ്റിഹാൾ വാടക പഞ്ചായത്തു ഫണ്ടിൽ അടയ്ക്കാതെ അപഹരിച്ചത് പഞ്ചായത്തിനു നഷ്ടം. രൂ.19,550

പഞ്ചായത്തുവക കമ്മ്യൂണിറ്റി ഹാളിന്റെ വാടകയിനത്തിൽ പിരിച്ചെടുത്ത 19,550 രൂപയും കേന്ദ്ര എക്സൈസ് നികുതിയിനത്തിൽ പിരിച്ച 150 രൂപയും പഞ്ചായത്തിലടയ്ക്കാതെ അപഹരിച്ചതുമൂലം പഞ്ചായത്തിന് 19,550-രൂപയും കേന്ദ്രസർക്കാരിന് 150 രൂപയും നഷ്ടമായിട്ടുണ്ട്. ഉത്തരവാദിയായവരിൽ നിന്നും തുക വസൂൽ ചെയ്യേണ്ടതും കർശനമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02, ഖണ്ഡിക 5- 12.4 (iii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

103. ബന്ധപ്പെട്ട ജീവനക്കാരനായ ടി. വി. അതൃമാൻ എന്നവരെ 13-11-2002, 21-5-2003 എന്നീ തീയതികളിൽ വിശദീകരണത്തിനും തുക തിരിച്ചടയ്ക്കുന്നതിനും അറിയിച്ചു. മറുപടി ലഭിച്ചിട്ടില്ല. തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല.

(സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A3–967/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

104. കമ്മ്യൂണിറ്റി ഹാൾ വാടകയിനത്തിൽ പിരിച്ചെടുത്ത 19,550 രൂപ പഞ്ചായത്തിലടക്കാതെ അപഹരിച്ചെടുത്ത പഞ്ചായത്ത് ജീവനക്കാരനായ ശ്രീ. റ്റി. വി. അതൃമാൻ ഇപ്പോൾ എവിടെയാണെന്ന സമിതിയുടെ 12-1-2005-ലെ തെളിവെടുപ്പ് വേളയിലെ അന്വേഷണത്തിന് അദ്ദേഹം റിട്ടയൽ ചെയ്തുവെന്നാണ് സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയത്. ശ്രീ. അതൃമാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം ലഭിച്ചില്ല. ശ്രീ. അതൃമാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അതിന് സഹായകരമായ രീതിയിൽ എൻ. എൽ.സി. ഇഷ്യൂ ചെയ്ത സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെയും നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ പഞ്ചായത്ത് ഡയറക്ടർക്ക് പരിശോധനയ്ക്കായി നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം പഞ്ചായത്ത് ഡയറക്ടർ 3-3-2006-ലെ എച്ച്.3/2030/05 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ 31-5-2002-ന് ശ്രീ. അതൃമാൻ സർവ്വീസിൽ നിന്ന് വിരമിച്ചുവെന്നും പെൻഷൻ ആനുകൂലൃങ്ങൾ എല്ലാം നൽകിക്കഴിഞ്ഞുവെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

105. കമ്മ്യൂണിറ്റി ഹാൾ വാടകയിനത്തിൽ പിരിച്ചെടുത്ത 19,550 രൂപയും കേന്ദ്ര എക്സൈസ് നികുതിയിനത്തിൽ പിരിച്ച 150 രൂപയും പഞ്ചായത്തിൽ അടയ്ക്കാതെ അപഹരിച്ച സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് ജീവനക്കാരനായ ശ്രീ. റ്റി. വി. അതൃമാന് 19,700 രൂപ തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യതയായി നിലനിൽക്കേതന്നെ ശ്രീ. അതൃമാന് പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റാൻ സഹായകമായ രീതിയിൽ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയതിനുത്തരവാദിയായ അന്നത്തെ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ ശ്രീ. അതൃമാന്റെ പെൻഷൻ തുക

യിൽ നിന്നോ റവന്യൂ റിക്കവറി നടപടി പ്രകാരമോ തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ബിൽഡിംഗ് ലൈസൻസ് ഫീസ്-ഈടാക്കിയതിൽ കുറവ്-പഞ്ചായത്തിനു നഷ്ടം 23,520 രൂപ

കെട്ടിടനിർമ്മാണ ലൈസൻസിനുള്ള അപേക്ഷകരിൽ (12 എണ്ണം) നിന്നും ബൈലോ പ്രകാരം മതിയായ ഫീസ് ഈടാക്കാത്തതിനാൽ പഞ്ചായത്തിന് 23,520 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02, ഖണ്ഡിക V- 12.4(iv)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

106. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി.എം. അഗസ്റ്റിൻ എന്നവരെ 13-11-2002-ന് ഇതു സംബന്ധിച്ച് അറിയിച്ചു. മറുപടി ലഭിച്ചിട്ടില്ല. തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല.

(സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A3 – 967/ 04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

107. മതിയായ ബിൽഡിംഗ് ലൈസൻസ് ഫീ ഈടാക്കത്തതുമൂലമുള്ള നഷ്ടം ഈടാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന 12-1-2005-ലെ സമിതിയുടെ തെളിവെടുപ്പ് വേളയിലെ ചോദ്യത്തിന് വ്യക്തമായ മറുപടി ലഭിക്കാത്തതിനാൽ, ബന്ധപ്പെട്ട ഫയൽ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച (7-2-2005-ലെ എ.9-389/05(3) നമ്പർ കത്ത് പ്രകാരം) റിപ്പോർട്ടിൽ ഈ പരാമർശവുമായി ബന്ധപ്പെട്ട എ.ഇ. ശ്രീ. വി. എം. അഗസ്റ്റിൻ ആയിരുന്നുവെന്നും സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിൽ നിന്ന് 25-9-1999-ന് വിടുതൽ ചെയ്തശേഷം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ ജോയിൻ ചെയ്യുകയും തുടർന്ന് 5-9-2001-ൽ സസ്പെൻഷനിലായതിനുശേഷം അദ്ദേഹത്തെ കുറിച്ചുള്ള ഒരു വിവരവും അറിയില്ല എന്നും ഇക്കാര്യം പഞ്ചായത്ത് ഡയറക്ടറെയും അറിയിച്ചതായും ബോധിപ്പിച്ചിരുന്നു. 3-3-2006-ലെ എച്ച്.3/2030/05 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിലും ഇക്കാര്യം വ്യക്തമാക്കിയിരുന്നു.

108. 18-11-2006-ലെ സമിതി തെളിവെടുപ്പിൽ മേൽപരാമർശം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) ശ്രീ. ഈപ്പൻ ഫ്രാൻസിസ് സമർപ്പിച്ച റിപ്പോർട്ടിൽ "പഞ്ചായത്ത് ഡയറക്ടറാഫീസിൽ റിക്കാർഡുകൾ പരിശോധിച്ചതിൽ നടപടി സ്വീകരി

ച്ചതായി കാണുന്നില്ല. മുൻ ഖണ്ഡികയിൽ വിശദീകരിച്ച പ്രകാരം, ടിയാൾ മരണപ്പെട്ടതി നാൽ 23,520 രൂപയുടെ നഷ്ടം ടിയാന്റെ ഡി.സി.ആർ.ജി. യിൽ നിന്നും ഈടാക്കുന്ന തിന് നടപടി സ്വീകരിക്കുന്നതാണ്" എന്ന് അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

109. ശ്രീ. വി.എം. അഗസ്റ്റിൻ അസിസ്റ്റന്റ് എഞ്ചിനീയർ 7-7-2006-ൽ മരണപ്പെട്ട സാഹചര്യത്തിൽ ബിൽഡിംഗ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവുമൂലം സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിനുണ്ടായ 23,520 രൂപയുടെ നഷ്ടവും അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി. യിൽ നിന്നും ഉത്തരവാദിയായ അന്നത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പൊതുമരാമത്ത് പണികൾ—അധിക തുക നൽകി

പ്രിയദർശിനി റോഡിന് വേണ്ടി സാധനങ്ങൾക്ക് അധികവില നൽകിയത് 24,586.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02, ഖണ്ഡിക 5-12.8 (2)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

110. അധികം നൽകിയ തുക തിരിച്ചടക്കുന്നതിന് ജെയിംസ് എന്നവരെ 20-11-2002, 27-1-2003 എന്നീ തീയ്യതികളിൽ അറിയിച്ച് തുക തിരിച്ചടച്ചിട്ടില്ല.

(സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A3 – 967/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

111. പ്രിയദർശിനി റോഡിന് വേണ്ടി വാങ്ങിയ സാധനങ്ങൾക്ക് അധികവില നൽകിയതിനുത്തരവാദി ആരായിരുന്നുവെന്ന് 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരാഞ്ഞു. പേയ്മെന്റ് നടത്തിയത് അന്ന് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതലയുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. റ്റി. കെ. വേലായുധനായിരുന്നുവെന്ന് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. കരാറുകാരനായ ശ്രീ. ജെയിംസിൽ നിന്ന് തുക ഈടാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണമെന്നും അല്ലെങ്കിൽ ശ്രീ. വേലായുധനിൽ നിന്ന് തുക ഈടാക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ (7-2-2005-ലെ എ9-389/05 (5) നമ്പർ കത്ത് പ്രകാരം) ശ്രീ. റ്റി. കെ. വേലായുധൻ 30-9-2004-ന് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയായി വിരമിച്ചെന്നും 15-5-2004-ന് ബോണ്ട് വച്ചതിന്റെ അടിസ്ഥാനത്തിൽ സുൽത്താൻബത്തേരി സെക്രട്ടറി ബാദ്ധ്യതാരഹിത സാക്ഷ്യപത്രം നൽകിയെന്നും സമിതിയെ അറിയിച്ചിരുന്നു.

112. എന്നാൽ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 10-3-2005-ലെ എ9-389/05 നമ്പർ കത്ത് പ്രകാരം വീണ്ടും സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. റ്റി. കെ. വേലായുധന് നേരത്തേ നൽകിയിരുന്ന ബാദ്ധ്യതാരഹിത സാക്ഷ്യപത്രം മരവിപ്പിച്ച് ബാദ്ധ്യത സാക്ഷ്യപത്രം നൽകിയിട്ടുള്ളത് സ്വീകരിക്കണമെന്ന് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-2-2005-ലെ എ3-636/03 നമ്പർ കത്ത് പ്രകാരം അറിയിച്ചിരിക്കുകയാണെന്നും അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വേലായുധനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ 24-2-2005-ലെ എ4-1922/03 നമ്പർ കത്ത് പ്രകാരം സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബോധിപ്പിക്കുകയുണ്ടായി. ശ്രീ. വേലായുധന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ 3-3-2006-ലെ എച്ച്.3/2030/05 നമ്പർ പ്രകാരം സമിതിക്ക് നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

113. 30-9-2004-ന് വിരമിച്ച ശ്രീ. റ്റി. കെ. വേലായുധനെതിരെയുള്ള ആഡിറ്റ് പരാമർശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ബാദ്ധ്യതകൾ കണക്കിലെടുക്കാതെ ബാദ്ധ്യതാരഹിത സാക്ഷ്യപത്രം നൽകിയ നടപടി വളരെ ഗുരുതരമായ വീഴ്ചയാണ്. എന്നിരുന്നാലും ആദ്യം നൽകിയ ബാദ്ധ്യതാരഹിത സാക്ഷ്യപത്രം മരവിപ്പിച്ച് ബാധ്യതാസാക്ഷ്യപത്രം നൽകുന്നതിനും തുക തിരിച്ചു പിടിക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ റവന്യൂ റിക്കവറി വഴി പരാമർശവിധേയമായ 24,596 രൂപ തിരിച്ചു പിടിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പൊതുമരാമത്തു പണികൾ—അധിക തുക നൽകി

പഞ്ചായത്തു നേരിട്ടു നടത്തിയ മരാമത്തു പണികൾക്കു കൂലിയിനത്തിൽ അധിക നിരക്കു നൽകിയത്. 9,980

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക 5. 12.8 (37) ] പടിപ്പുര-എഴുച്ചാൽകുന്ന് റോഡ് പണിക്ക് ഉയർന്ന നിരക്ക് നൽകിയത് 18,034 cq]

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക 5.12.8.(4) ]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

114. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. വി. എം. അഗസ്റ്റിൻ പ്രസ്തുത സമയത്തെ പഞ്ചായത്ത് സെക്രട്ടറി എന്നിവരെ അറിയിച്ച് മറുപടി ലഭിച്ചിട്ടില്ല. തുക അടച്ചിട്ടില്ല.

[സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ എ3-967/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

115. പഞ്ചായത്ത് നേരിട്ട് നടത്തിയ പൊതുമരാമത്ത് പണികളിലും അധിക നിരക്കിൽ കൂലി നൽകിയതിന് ഉത്തരവാദികളായവർ അന്നത്തെ എ.ഇ.ആയിരുന്ന ശ്രീ.വി.എം അഗസ്റ്റിനും അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇപ്പോൾ റൂട്ട്സിന്റെ അക്കൗണ്ട്സ് ഓഫീസറുമായ ശ്രീ. സി. രവീന്ദ്രനുമാണെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കൂലിയിനത്തിൽ അധിക നിരക്ക് നൽകിയ ഇനത്തിലുള്ള 9,980 രൂപയും പടിപ്പുര എഴുച്ചാൽകുന്ന് റോഡ് പണിക്ക് ഉയർന്ന നിരക്ക് നൽകിയ ഇനത്തിലുള്ള 18,034 രൂപയും ശ്രീ അഗസ്റ്റിന്റെ ഡി. സി. ആർ. ജിയിൽ നിന്നും (മറ്റു പരാമർശങ്ങളിൽ ഉൾപ്പെട്ട തുകകളോടൊപ്പം) ശ്രീ. സി. രവീന്ദ്രനിൽ നിന്നുമായി തിരിച്ചു പിടിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചുപിടിച്ചത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

## പൂതാടി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം—ടി.വി.സെറ്റുകൾവാങ്ങാനുള്ള പ്രോജക്ട്—അപാകതകൾ

വിവിധ കോളനികളിൽ സ്ഥാപിക്കുന്നതിന് 13 ടി.വി സെറ്റുകൾ വാങ്ങുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും 2,53,750 രൂപ വകയിരുത്തിയതിൽ 1997-98-ൽ 1,28,076 രൂപ ചെലവു ചെയ്ത് 7 സെറ്റുകൾ മാത്രമാണ് വാങ്ങിയത്. ഈ ചെലവിനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) പദ്ധതി പ്രകാരം വാങ്ങാനുദ്ദേശിച്ചിരുന്ന 13 സെറ്റുകളിൽ 7 എണ്ണം മാത്രമാണ് വാങ്ങിയത്. ഈ പദ്ധതി പ്രകാരം ചെലവഴിക്കാതെ നിലനിൽക്കുന്ന 1,28,674 രൂപ 1998-99-ലെ തുടർ പദ്ധതിയിൽപ്പെടുത്തിയിട്ടില്ല.

(2) സെറ്റുകൾ കോളനികളിൽ സ്ഥാപിച്ചതായുള്ള രേഖകളില്ല. വാർഡ് മെമ്പർമാർ ആണ് സെറ്റുകൾ കൈപ്പറ്റിയിരുന്നത്.

(3) ടി.വി.സെറ്റുകൾ സ്വീകരിച്ചവർ അതു സംബന്ധമായ എഗ്രിമെന്റുകൾ പഞ്ചായത്തുമായി വച്ചതായി കാണുന്നില്ല.

(4) വാങ്ങിയ ടി.വി സെറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-00 ഖണ്ഡിക IV 69]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി:—

116. 1997-98 വർഷത്തെ ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 6-7-1999-ലെ എൽ.എഫ്. (ഡബ്ല്യൂ) പി2 401/99 നമ്പർ റിപ്പോർട്ടിന്റെ ശരിപ്പകർപ്പ് വിശദീകരണത്തിനും റിമാർക്കിനുമായി അന്നത്തെ സെക്രട്ടറി കെ.എം.വർഗ്ഗീസ് എന്നിവർക്ക് 24-9-1999-ന് അയച്ചുകൊടുത്തുവെങ്കിലും ടിയാനിൽ നിന്നും മറുപടി ഒന്നും ലഭിച്ചിട്ടില്ല. ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ട്.

(1) 13 ടി.വി.സെറ്റ് വാങ്ങുന്നതിനായിരുന്നു പ്രോജക്ട്. എന്നാൽ 1,25,076 രൂപ ചെലവു ചെയ്ത് 7 ടി.വി സെറ്റു മാത്രമാണ് വാങ്ങിയിട്ടുള്ളത്. ബാക്കി തുക 1998-99 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(2) അന്വേഷണത്തിൽ വാർഡു മെമ്പർമാർ കൈപ്പറ്റിയ ടി.വി സെറ്റുകൾ താഴെപ്പറയുന്ന പട്ടികവർഗ്ഗ കോളനികളിൽ സ്ഥാപിച്ച് ആയതു പ്രവർത്തിച്ചു വരുന്നുണ്ട്.

| | |
|---|---|
| (1) അംബേദ്കർ കോളനി പൂതാടി | (2) കോയിക്കൽ കോളനി, പൂതാടി |
| (3) ചുണ്ടക്കൊടിപണിയകോളനി, ഇരുളം | (4) കോട്ടക്കൊടികോളനി, പീയസം |
| (5) വെല്ലപ്പറ്റ കോളനി | (6) എല്ലക്കൊടി കോളനി |
| (7) കക്കടം കോളനി. | |

(3) വാങ്ങിയ 7 ടി.വി.സെറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നമ്പർ 85-ൽ ചേർത്തിട്ടുണ്ട് (പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-1-2005-ലെ എ.1.180/2002 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

117. 13 ടി.വി.സെറ്റുകൾ വാങ്ങുന്നതിന് പകരം 7 ടി.വി സെറ്റുകൾ വാങ്ങി മെമ്പർമാർക്ക് നൽകുകയാണ് ചെയ്തതെന്നും അവർ അത് കോളനിയിൽ സ്ഥാപിച്ചതിന് തെളിവ് ഹാജരാക്കിയിട്ടില്ലെന്നും എന്നാൽ സെറ്റുകളെല്ലാം കോളനിയിൽ തന്നെയുണ്ടെന്നും 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പ്രോജക്ടിൽ ബാക്കി വന്ന തുക മറ്റു പദ്ധതികൾക്ക് ഉപയോഗിച്ചിട്ടുണ്ടെന്നും എന്നാൽ ടി.വി സെറ്റ് കൈപ്പറ്റിയവരുമായി പഞ്ചായത്ത് എഗ്രിമെന്റ് വച്ചിട്ടില്ലെന്നും അതിന് നടപടി സ്വീകരിക്കാമെന്ന് സമിതി മുമ്പാകെ ബോധിപ്പിക്കുകയും ചെയ്തു. വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ കോളനികൾ സന്ദർശിച്ച് ടി.വി സെറ്റുകൾ അവിടെയുണ്ടെന്നും എഗ്രിമെന്റ് വച്ചുവെന്നും ഉറപ്പാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

118. സമിതി നിർദ്ദേശ പ്രകാരം ടി.വി.സെറ്റുകൾ സ്ഥാപിച്ച കോളനികൾ സന്ദർശിച്ച് 16-2-2005-ലെ എ.9-487/05 നമ്പർ കത്ത് പ്രകാരം വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകിയിരുന്നു. 1997-98-ൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 28-6-98-ൽ 7 കെൽട്രോൺ കളർ ടി.വി.സെറ്റുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിരുന്നുവെന്നും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും വിവിധ വാർഡുകളിലെ പഞ്ചായത്ത് മെമ്പർമാർ 5 ടി.വി.സെറ്റുകൾ കൈപ്പറ്റിയിട്ടുണ്ടെന്നും 5 കോളനികളിലായി സ്ഥാപിച്ച ടി.വി.സെറ്റുകൾ പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞെന്നും അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് നൽകി. എന്നാൽ ബാക്കിയുള്ള രണ്ട് സെറ്റ് ആർക്കും നൽകിയതിന് രേഖയില്ലെന്നും അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

119. 1997-98 വർഷത്തെ പ്ലാൻ ഫണ്ടിൽപ്പെടുത്തി (റ്റി.എസ്.പി) 13 ടെലിവിഷൻ സെറ്റ് വാങ്ങുന്നതിനായി മൊത്തം 2,53,750 രൂപ വകയിരുത്തിയതിൽ 7 ടെലിവിഷൻ സെറ്റ് വാങ്ങിയ ഇനത്തിൽ 1,25,076 രൂപ കഴിച്ച് ബാക്കി തുകയായ 1,28,674 രൂപ 30-6-1998നകം ചെലവഴിക്കാതിരുന്നതിനാൽ ലാപ്സാവുകയും അക്കാരണത്താൽ അടുത്തവർഷത്തെ (1998-99) പദ്ധതി വിഹിതത്തിൽ റ്റി.എസ്.പി.സെക്ടറിൽ അത്രയും തുക

കുറച്ചാണ് അനുവദിച്ചിട്ടുള്ളതെന്നും പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16-2-2005-ലെ 186/02 നമ്പർ കത്ത് പ്രകാരം അറിയിച്ചതായും അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

120. 1997-98-ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ടി.എസ്.പി.സെക്ടറിൽ 7 കെൽട്രോൺ ടി.വി.സെറ്റുകൾ വാങ്ങിയെങ്കിലും 5 എണ്ണം മാത്രം മെമ്പർമാർ കൈപ്പറ്റി വിവിധ കോളനികളിൽ സ്ഥാപിച്ചുവെന്നും ബാക്കിയുള്ള രണ്ടെണ്ണം ആരും കൈപ്പറ്റിയതായി രേഖകൾ ഇല്ലെന്നും അറിയിച്ച സാഹചര്യത്തിൽ 2 ടി.വി.സെറ്റുകൾ ആര് കൊണ്ടുപോയി എന്നുള്ളതിന് ഉത്തരം പറയാനുള്ള ബാദ്ധ്യത അന്നത്തെ പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ഇതുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്ത ഗ്രാമപഞ്ചായത്തിലെ മറ്റുദ്യോഗസ്ഥർക്കുമുണ്ട്. എന്നാൽ ഇതിന് വ്യക്തമായ ഒരു വിശദീകരണം ലഭിച്ചിട്ടില്ല. ആയതിനാൽ കാണാതായ രണ്ട് ടെലിവിഷൻ സെറ്റുകളുടെ വില കണക്കാക്കി ആയത് അന്നത്തെ പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.എം. വർഗ്ഗീസിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിരദ്ദേശിക്കുന്നു.

121. അതുപോലെ തന്നെ 1997-98 കാലയളവിലെ പ്ലാൻ ഫണ്ടിൽപ്പെടുത്തി (ടി.എസ്.പി.സെക്ടർ) ടെലിവിഷൻ സെറ്റ് വാങ്ങുന്നതിനായി 2,53,750 രൂപ വകയിരുത്തിയതിൽ 1,25,076 രൂപയ്ക്ക് 7 ടെലിവിഷൻ സെറ്റുകൾ മാത്രമേ വാങ്ങിയിട്ടുള്ളൂവെന്നതിനാൽ ബാക്കി തുകയായ 1,28,674 രൂപ ലാപ്സാവുകയും അടുത്ത വർഷത്തെ പദ്ധതി വിഹിതത്തിൽ റ്റി.എസ്.പി സെക്ടറിൽ അത്രയും തുക കുറച്ചാണ് അനുവദിച്ചതെന്നും വിശദീകരണം നൽകിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ വയനാട് പ്ലാനിംഗ് ഓഫീസറിൽനിന്ന് ഇക്കാര്യത്തിലുള്ള വിശദീകരണം വാങ്ങി സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## മേപ്പാടി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പക്കാളിപള്ളം ശുദ്ധജല വിതരണ പദ്ധതി-ഗുണഭോക്തൃ വിഹിത സമാഹരണം നടന്നില്ല

1997-98-ൽ പക്കാളിപള്ളം ശുദ്ധജലവിതരണ പദ്ധതിയുടെ പ്രോജക്ടിന് 1,40,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 97,000 രൂപ പ്ലാൻ ഫണ്ടും 43,000 രൂപ ഗുണഭോക്തൃവിഹിതവുമാണ്. അപ്രകാരം സാധനങ്ങളുടെ വില പ്ലാൻ ഫണ്ടിൽ നിന്നും കൂലി അറ്റകുറ്റപ്പണിക്കുള്ള ചെലവ് എന്നിവ ഉപഭോക്തൃ കമ്മിറ്റിയുമാണ് വഹിക്കേണ്ടത്. എന്നാൽ 1997-98-ൽ പ്ലാൻ ഫണ്ടിൽ നിന്നും 87,300 രൂപ ചെലവുണ്ടായപ്പോൾ തടയണയുടെയും, ടാങ്കിന്റെയും നിർമ്മാണം മാത്രം പൂർത്തിയായതായും, ശുദ്ധജല വിതരണത്തിനാവശ്യമായ പൈപ്പുകൾ വാങ്ങിയിട്ടില്ല എന്നും കാണുന്നു. പ്രോജക്ടിന് വിരുദ്ധമായി ഉപഭോക്തൃ വിഹിതത്തിൽ നിന്നും വഹിക്കേണ്ട കൂലി ചെലവ് പ്ലാൻ ഫണ്ടിൽ നിന്നും നൽകിയതാണ് ഇത് കാണിക്കുന്നത്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-00 ഖണ്ഡിക IV-70]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

122. പക്കാളിപ്പള്ളം കുടിവെള്ള പദ്ധതി പ്രവർത്തി പൂർത്തീകരിച്ചു. 10-7-1999-ന് ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇപ്പോഴും പദ്ധതി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കൺവീനറിൽ നിന്നും കൂടുതലായി വാങ്ങിയ 30,105 രൂപ തിരികെ പിടിക്കുന്നതിനായി നോട്ടീസ് നൽകിയിരുന്നു. എന്നാൽ കൺവീനർ സമർപ്പിച്ച മറുപടിയിൽ കമ്മിറ്റി നടത്തിയ പ്രവൃത്തിയുടെ മെഷർമെന്റ് പൂർണ്ണമായും എടുത്തിട്ടില്ലായെന്നും പ്രവൃത്തി നടത്തിയ ഇനത്തിൽ കമ്മിറ്റിക്ക് ഇനിയും തുക ഗ്രാമപഞ്ചായത്ത് നൽകേണ്ടതുണ്ടെന്നും പറഞ്ഞിരിക്കുന്നു. ഈ പ്രവൃത്തിക്ക് രണ്ട് വർഷങ്ങളിലായി 1,99,700 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ഈ പ്രവർത്തിക്ക് മൊത്തം ലഭിച്ചിട്ടുള്ള വാലുവേഷൻ 1,07,095 രൂപയാണ്. പ്രവർത്തി എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിക്കപ്പെട്ടിട്ടുള്ളതായതിനാൽ കൂടുതൽ പ്രവർത്തി നടന്നിട്ടുണ്ടെന്നത് വ്യക്തമാണ്. ഗുണഭോക്തൃ വിഹിതം ഈ പ്രവൃത്തിക്ക് വിനിയോഗിച്ചിട്ടില്ലായെന്നാണ് പറയുന്നത്. അതിനാൽ തന്നെ ശരിയാണെന്ന് തോന്നുന്നില്ല.

(മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-1-2005-ലെ 1-1175/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

123. പക്കാളിപള്ളം ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട പരാമർശം 12-1-2005-ലെ സമിതി യോഗം പരിശോധിക്കുകയുണ്ടായി. വാലുവേഷൻ പ്രകാരം 1,07,000 രൂപയാണ് പദ്ധതിക്ക് ചെലവായതെന്നും എക്സസുള്ള 30,000 രൂപ അടയ്ക്കുന്നതിന് കൺവീനറായ ശ്രീ. പി. ആർ. അഗസ്റ്റിന് 16-2-2001-ൽ നോട്ടീസ് നൽകിയിരുന്നുവെന്നും അതിനുശേഷം ഇക്കാര്യത്തിൽ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ലെന്നും മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് ഉത്ഘാടനം കഴിഞ്ഞുവെന്നും എന്നാൽ അളന്നുകിട്ടിയില്ലെന്നാണ് കൺവീനർക്ക് നൽകിയ നോട്ടീസിനുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. വർക്കിന്റെ മെഷർമെന്റ് നടത്തിയിട്ടില്ലാത്തതിനാൽ എം. ബുക്കും മറ്റ് രേഖകളും വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകാനും സമിതി നിർദ്ദേശിച്ചിരുന്നു.

124. സമിതി നിർദ്ദേശ പ്രകാരം എം.ബുക്കും മറ്റ് രേഖകളും പരിശോധിച്ച് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ താഴെ പറയുന്ന കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്. (വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 20-1-2005-ലെ LF(WP2.627/2004 നമ്പർ കത്ത് പ്രകാരം) പക്കാളിപള്ളം ശുദ്ധജല വിതരണ പദ്ധതി പ്രവൃത്തി പഞ്ചായത്ത് എഞ്ചിനീയർ അളന്നു രേഖപ്പെടുത്തുകയും ഡി.ആർ.ഡി.എ.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുകയും ചെയ്തത് പ്രകാരം പ്രവർത്തിയുടെ മൂല്യം 1,07,095 രൂപയാണെന്നും പ്രസ്തുത തുകയിൽ പൈപ്പിനുവേണ്ടി കെയ്കോയ്ക്ക് നൽകിയ 49,900 രൂപയും ഉൾപ്പെടുമെന്നതിനാൽ, കൺവീനർ നേരിട്ട് ചെയ്യിച്ച പ്രവൃത്തിക്കായി നൽകാവുന്നത് 57,195 രൂപ മാത്രമാണെന്ന് കണക്കാക്കി, കൺവീനർക്ക് മൊത്തം നൽകിയ 87,300 രൂപയിൽ 57,195 രൂപ കുറച്ച് ബാക്കിയുള്ള 30,105 രൂപ ഈടാക്കാൻ പഞ്ചായത്ത് നടപടികൾ ആരംഭിച്ചുവെന്നും എന്നാൽ പ്രസ്തുത തുക ഈടാക്കുന്നതിനെതിരെ പ്രവൃത്തിയുടെ ചെയർമാനും കൺവീനറും ഓംബുഡ്സ്മാന് പ്രത്യേകം പ്രത്യേകമായി നല്കിയ രണ്ട് പരാതികളും ഓംബുഡ്സ്മാൻ

തള്ളിയിട്ടുള്ളതാണെന്നും സമിതിയെ അറിയിക്കുകയുണ്ടായി.

125. വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 8-2-2005-ന് എൽ.എഫ്.(ഡബ്ല്യൂ) പി$_2$-627/04 നമ്പർ കത്ത് പ്രകാരം സമിതിക്ക് വീണ്ടും നൽകിയ റിപ്പോർട്ടിൽ, എഞ്ചിനീയർ രേഖപ്പെടുത്തിയ അളവ് കൺവീനർ സമ്മതിച്ച് ഒപ്പ് വച്ചിട്ടില്ല എന്നത് കൊണ്ട് രേഖപ്പെടുത്തിയ പ്രവൃത്തി മൂല്യമായ 57,195 രൂപ കൺവീനർ അംഗീകരിക്കാത്തതാണെന്ന് കരുതിയാലും സന്നദ്ധ സേവനമായും ഗുണഭോക്തൃ വിഹിതമായും ഒരു സഹായവും ലഭിച്ചിട്ടില്ലെന്ന കാരണത്താൽ കമ്മിറ്റിയുടെ പണിക്കൂലി ചെലവ് അടക്കമുള്ള കണക്കുകൾ പ്രകാരം തന്നെ 5462 രൂപ കൺവീനർ കൂടുതലായി കൈപ്പറ്റിയിട്ടുണ്ടെന്നും അതിനാൽ 5462 രൂപ കൺവീനർ തിരികെ അടക്കേണ്ടതാണെന്ന അഭിപ്രായം സമിതിയെ അറിയിക്കുകയുണ്ടായി.

126. 19-1-2006-ന് സമിതി മേപ്പാടി ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിക്കുകയും പക്കാളിപള്ളം ശുദ്ധജല വിതരണ പദ്ധതി പ്രവൃത്തിക്ക് കൺവീനർക്ക് അധികം നൽകിയ തുക തിരിച്ചു പിടിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കുകയും ചെയ്തു. എന്നാൽ കൺവീനർ നാളിതുവരെ തുക തിരിച്ചടച്ചില്ലെന്നാണ് ഗ്രാമപഞ്ചായത്ത് അധികൃതർ സമിതിയെ അറിയിച്ചത്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

127. പക്കാളിപള്ളം ശുദ്ധജലവിതരണപദ്ധതി പ്രവൃത്തിയിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് അധികം കൈപ്പറ്റിയ തുക തിരിച്ചു നൽകുന്നതിനെതിരെ പ്രവൃത്തിയുടെ കൺവീനർ ഓംബുഡ്സ്മാനെ സമീപിക്കുകയും കൺവീനറുടെ പരാതി രണ്ടുതവണ ഓംബുഡ്സ്മാൻ തള്ളുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട കൺവീനറിൽനിന്ന് തിരിച്ചു പിടിക്കാനുള്ള തുക തിരിച്ചുപിടിക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

കല്ലുകെണി എസ്സ്.സി.കോളനി വൈദ്യുതീകരണം

ഈ പ്രവർത്തിക്ക് പ്ലാൻ ഫണ്ടിൽ നിന്നും 2,90,513 രൂപയും തനതു ഫണ്ടിൽ നിന്ന് 15,000 രൂപയും ചേർത്ത് ആകെ 3,05,513 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. അനർട്ടിന്റെ മേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കാനാണ് പ്രോജക്ടിൽ തീരുമാനമെങ്കിലും സൂര്യറാന്തലും, സ്ട്രീറ്റ് ലൈറ്റും വാങ്ങാനുള്ള ക്വട്ടേഷൻ സ്വകാര്യപാർട്ടികളിൽ നിന്നുമാത്രമാണ് സ്വീകരിച്ചത്.

2. അനർട്ട് 2,500 രൂപ സബ്സിഡി നിരക്കിൽ പല പഞ്ചായത്തുകൾക്കും സൂര്യറാന്തൽ നൽകിയപ്പോൾ ഇവിടെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും റാന്തലൊന്നിന് 4,700 രൂപ ക്രമത്തിൽ 23 എണ്ണത്തിന് മൊത്തം 1,08,100 രൂപയും സ്ട്രീറ്റ് ലൈറ്റ് ഒന്നിന് 24,500 രൂപ പ്രകാരം 8 എണ്ണത്തിന് 1,96,000 രൂപയും നൽകിയിട്ടുണ്ട്. 23 സൂര്യറാന്തലുകൾ വാങ്ങിയതിൽ 22 എണ്ണം മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയത്.1

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക 4, 112]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

128. 1997-98 വർഷത്തിൽ നിരവധി പഞ്ചായത്തുകൾ അനർട്ട് മേൽനോട്ടത്തിൽ സൂര്യ റാന്തലുകൾ, സ്ട്രീറ്റ് ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നീ പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നു എന്നാൽ അനർട്ടിന് ഇവ സപ്ലൈ ചെയ്യുന്നതിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ക്വട്ടേഷൻ വിളിച്ച് മറ്റ് ഏജൻസികളിൽ നിന്നും വാങ്ങിയിട്ടുള്ളത്. [പഞ്ചായത്ത് തീരുമാനം നമ്പർ 114 (4) തീയതി 19-6-98], (പഞ്ചായത്ത് തീരുമാനം നമ്പർ 145 തീയ്യതി, 30-6-98) 23 സൂര്യ റാന്തലുകളിൽ 22 എണ്ണം വിതരണം ചെയ്യുകയും അവശേഷിച്ച ഒരെണ്ണം ഇപ്പോഴും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. കൂടാതെ കോളനിയിൽ 8 സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. (മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-1-2005-ലെ 1-1175/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

129. സൂര്യ റാന്തൽ സപ്ലൈ ചെയ്യാൻ കഴിയില്ലെന്നറിയിച്ച് അനർട്ടിൽ നിന്ന് കത്തുകൾ ലഭിച്ചിരുന്നുവോയെന്ന് 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുകയുണ്ടായി. അങ്ങനെ കത്തുകൾ ലഭിച്ചതായി കാണുന്നില്ലെന്നാണ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചത്. ശ്രീ. റ്റി. എം. ഇസ്രായേൽ ആയിരുന്നു അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെന്നും അദ്ദേഹം 30-9-2003-ൽ റിട്ടയർ ചെയ്തുവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമല്ലെന്ന് കണ്ടതിനാൽ ഇക്കാര്യം വിശദമായി അന്വേഷിച്ച് റിപ്പോർട്ട് നൽകണമെന്ന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (31-3-2005-ലെ എ-9-646/05 നമ്പർ കത്ത് പ്രകാരം) ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് നൽകിയ മറുപടിയിൽ പറയുന്നതുപോലെ, സൂര്യറാന്തലുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സപ്ലൈ ചെയ്യാൻ കഴിയില്ലെന്ന് അറിയിച്ച് മീനങ്ങാടി അനർട്ടിൽ നിന്ന് യാതൊരുവിധ കത്തിടപാടും നടത്തിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നറിയിച്ചിരുന്നു.

130. 30-6-1998-ന് മുൻപ് നടപടി സ്വീകരിക്കേണ്ടതിനായി പത്രപരസ്യം ഒഴിവാക്കി മീനങ്ങാടി അനർട്ടുമായി ബന്ധപ്പെട്ട ക്വട്ടേഷൻ ക്ഷണിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ളതാണ് 19-6-98-ലെ (പഞ്ചായത്ത് കമ്മിറ്റിയുടെ) 114 (4) നമ്പർ തീരുമാനം. സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തതിന്റെയോ സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകിയതിന്റെ രേഖകളോ ഫയലിൽ കാണാൻ കഴിഞ്ഞില്ലെന്നും ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടികാട്ടിയിരുന്നു.

131. എന്നാൽ 30-6-1998-ന് കൂടിയ പഞ്ചായത്ത് കമ്മിറ്റി 145-ാം നമ്പർ തീരുമാനപ്രകാരം സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ലഭിച്ച ക്വട്ടേഷൻ അംഗീകരിച്ചതായും ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനും തീരുമാനമെടുത്തിരുന്നതായി കാണുന്നുണ്ട്. 30-6-1998-ന് തന്നെ എഗ്രിമെന്റ് വെച്ചതായും വർക്ക് ഓർഡർ നലകിയതായും പാർട്ട് പേയ്മെന്റായി 2,90,513 രൂപയുടെ ചെക്ക് നൽകിയതായും കാണുന്നുണ്ട്. ക്ഷണിക്കാതെ തന്നെ സ്വകാര്യസ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ

ലഭിച്ചതെങ്ങനെയെന്നോ ഭാഗികമായി തീർന്ന വർക്കുകൾക്കാണ് പാർട്ട് പേയ്മെന്റ് നൽകുകയെന്നിരിക്കെ എഗ്രിമെന്റ് വച്ച ദിവസം തന്നെ ഇത്രയും വലിയ തുക പാർട്ട് പേയ്മെന്റായി നൽകുകയും 1997-98 വർഷത്തെ പദ്ധതിവിഹിതം ചെലവാക്കാനുള്ള സമയം 30-6-1998 വരെ നീട്ടി കൊടുത്തിട്ടും അവസാന നിമിഷത്തിൽ മാത്രം ഇങ്ങനെയൊരു ഇടപാട് നടത്തിയതിൽ ക്രമക്കേടും ദുരൂഹതയും പ്രകടമാണെന്നും ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഗ്രാമപഞ്ചായത്തിലേക്ക് വാങ്ങിയ 23 സൂര്യ റാന്തലുകളിൽ 22 എണ്ണം വിതരണം ചെയ്യുകയും ഒരെണ്ണം ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുകയും ചെയ്തുവെന്നറിയിച്ചിരുന്നെങ്കിലും അത് ഓഫീസിൽ കാണാൻ കഴിഞ്ഞില്ലെന്നും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചില്ലെന്നും ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

132. സമിതി 19-1-2006-ന് മേപ്പാടി ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിച്ച അവസരത്തിലും സൂര്യ റാന്തലുകളുടെ പർച്ചേയ്സുമായി ബന്ധപ്പെട്ട ആഡിറ്റ് പരാമർശം പരിശോധിക്കുകയും ഇക്കാര്യത്തിൽ മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. എം. ഇസ്രായേലിൽ നിന്നുള്ള വിശദീകരണം സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശിച്ചതനുസരിച്ച് മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21-1-2006-ലെ എ1-1175/04 നമ്പർ കത്ത് പ്രകാരം ശ്രീ. റ്റി. എം. ഇസ്രായേലിൽനിന്നുള്ള വിശദീകരണം സമർപ്പിക്കുകയുണ്ടായി. 1997-98-ലെ പട്ടികജാതി വിഭാഗത്തിനുള്ള 5 സെന്റ് ഭൂമി വാങ്ങൽ, കൃഷി അനുബന്ധമേഖല, പുരകെട്ടി മേയൽ എന്നീ പ്രോജക്ടുകൾ പൂർത്തീകരിച്ചപ്പോൾ 2,90,513 രൂപ മിച്ചം വന്നു എന്നും പ്രസ്തുത തുകയ്ക്ക് അടിയന്തിരമായി ഒരു പ്രോജക്ട് തയ്യാറാക്കി 30-6-1998നകം മുഴുവൻ തുകയും ചെലവഴിക്കണമെന്നുള്ള പഞ്ചായത്തിന്റെ തീരുമാനത്തിന്റെ വെളിച്ചത്തിൽ കല്ലുകെണി ഹരിജൻ കോളനി വൈദ്യുതീകരണ പ്രോജക്ട് നടപ്പാക്കുന്നതിനായി പ്രസിഡന്റ് ശ്രീമതി പത്മിനി ഗോപിനാഥും വൈസ് പ്രസിഡന്റ് ശ്രീ. വി. പി. ശങ്കരൻ നായരും താനും അനർട്ടുമായി നേരിട്ട് ബന്ധപ്പെട്ടുവെങ്കിലും സോളാർ വൈദ്യുതി ഉപകരണങ്ങളുടെ വിതരണത്തിന് സാധന സാമഗ്രികൾ സ്റ്റോക്കില്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയാ ണുണ്ടായതെന്നുമാണ് റ്റി. എം. ഇസ്രായേൽ സമിതിക്കു നൽകിയ തന്റെ വിശദീകരണ പത്രികയിൽ അറിയിച്ചിട്ടുള്ളത്. 30-6-1998-ന് മുമ്പ് പദ്ധതി വിഹിതം പൂർത്തിയാക്കണമെന്നുള്ളത് കൊണ്ടാണ് പത്ര പരസ്യം ഒഴിവാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതെന്നും സർവ്വീസിലിരിക്കെ സത്യസന്ധമായും ഉത്തമവിശ്വാസ ത്തോടെയുമാണ് ജോലിചെയ്തിട്ടുള്ളതെന്നും എന്നാൽ പരിചയക്കുറവും അറിവില്ലായ്മമൂലം കൃത്യനിർവ്വഹണത്തിൽ നിയമാനുസൃതം നടപടി എടുക്കുന്ന കാര്യത്തിൽ പാകപ്പിഴ വന്നിരിക്കാമെന്നും അത് സാദരം ക്ഷമിച്ച് പരാമർശം ഒഴിവാക്കി നൽകണമെന്നും ശ്രീ. റ്റി. എം. ഇസ്രായേലിന്റെ വിശദീകരണ പത്രികയിൽ അഭ്യർത്ഥിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

133. സൂര്യറാന്തലുകൾ സപ്ലൈ ചെയ്യാൻ കഴിയുമോയെന്ന് അന്വേഷിച്ച് അനർട്ടിന് രേഖാമൂലം യാതൊരു കത്തിടപാടും നടത്തിയിട്ടില്ല. റാന്തലുകൾ സപ്ലൈ ചെയ്യാൻ കഴിയില്ലെന്നറിയിച്ച് അനർട്ടിൽ നിന്ന് ഗ്രാമപഞ്ചായത്തിന് മറുപടി ലഭിച്ചതായും രേഖകളില്ല. 30-6-1998-ന് മുമ്പ് നടപടി സ്വീകരിക്കുന്നതിനായി പത്രപ്പരസ്യം ഒഴിവാക്കി മീനങ്ങാടി അനർട്ടുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിക്കാൻ 19-6-1998-ലെ 114(4) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തിയെങ്കിലും

പത്രപ്പരസ്യം നൽകിയില്ല. സ്വകാര്യസ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായോ അതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് പത്രപ്പരസ്യം നൽകിയതായോ ക്വട്ടേഷൻ ലഭിച്ചതായോ രേഖകളിൽ കാണുന്നില്ല. എന്നാൽ 30-6-1998-ന് കൂടിയ പഞ്ചായത്ത് കമ്മിറ്റി 145-ാം നമ്പർ തീരുമാന പ്രകാരം സ്വകാര്യസ്ഥാപനത്തിൽ നിന്ന് ലഭിച്ച ക്വട്ടേഷൻ അംഗീകരിച്ചതായി പറയുന്നു. ലഭിക്കാത്ത ക്വട്ടേഷൻ എങ്ങനെ അംഗീകരിച്ചുവെന്നതിന് വിശദീകരണമില്ല. അതുപോലെതന്നെ 30-6-1998-ന് തന്നെ എഗ്രിമെന്റ് വച്ചതായും വർക്ക് ഓർഡർ നൽകിയതായും പാർട്ട് പേയ്മെന്റായി 2,90,513 രൂപയുടെ ചെക്ക് നൽകിയതായും കാണുന്നുണ്ട്. ഭാഗികമായി തീർന്ന വർക്കുകൾക്കാണ് പാർട്ട് പേയ്മെന്റ് നൽകുന്നതെന്നിരിക്കെ എഗ്രിമെന്റ് വച്ച ദിവസം തന്നെ ഇത്രയും വലിയ തുക പാർട്ട് പേയ്മെന്റായി നൽകിയത് എന്തിനാണെന്നതിനും തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല എന്നു മാത്രമല്ല 1997-98-ലെ പദ്ധതി വിഹിതം ചെലവാക്കാനുള്ള സമയം 30-6-1998 വരെ നീട്ടി കൊടുത്തിട്ടും അവസാന നിമിഷത്തിൽ മാത്രം ഇത്തരമൊരു പ്രോജക്ട് ഉണ്ടാക്കുകയും നടപടിക്രമങ്ങളൊന്നും പാലിക്കാതെ സൂര്യ റാന്തലുകൾ വാങ്ങിയെന്നതും ഈ ഇടപാടിലെ ദുരൂഹത വരദ്ധിപ്പിക്കുന്നതേയുള്ളൂ. അനർട്ടിൽ നിന്ന് 2500 രൂപ നിരക്കിൽ ലഭിക്കുമായിരുന്ന സൂര്യ റാന്തലുകൾ സ്വകാര്യ സ്ഥാപനത്തിൽ നിന്ന് 4700 രൂപ നിരക്കിലാണ് വാങ്ങിയത്. ഇങ്ങനെ ഉയർന്ന നിരക്കിൽ 23 സൂര്യ റാന്തലുകൾ വാങ്ങിയ ഇനത്തിൽ തന്നെ 57,200 രൂപയുടെ നഷ്ടം ഗ്രാമ പഞ്ചായത്തിനുണ്ടായിട്ടുണ്ട്. മേൽ വിശദീകരിച്ച കാര്യങ്ങളിൽ നിന്ന്, സൂര്യറാന്തലുകളും സ്ട്രീറ്റ് ലൈറ്റുകളും വാങ്ങുന്നതിന് അനർട്ടിനെ ഒഴിവാക്കി സ്വകാര്യ സ്ഥാപനത്തിൽ നിന്ന് നടപടി ക്രമങ്ങളെല്ലാം ലംഘിച്ച് വാങ്ങിയതിന് പഞ്ചായത്ത് പ്രസിഡണ്ടും, വൈസ് പ്രസിഡണ്ടും വാർഡ് മെമ്പറും അന്നത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി (ശ്രീ. റ്റി. എം. ഇസ്രയേൽ) യും തുല്യ ഉത്തരവാദികളാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സൂര്യ റാന്തലുകളും സ്ട്രീറ്റ് ലൈറ്റുകളും വാങ്ങിയതുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ നഷ്ടം അന്നത്തെ ഗ്രാമപഞ്ചായത്ത് സമിതിയംഗങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്നുമായി ഈടാക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## വൈത്തിരി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകിയത് സംബന്ധിച്ച്.

സർക്കാർ സർക്കുലർ നമ്പർ. 34579/പി$_3$/98/തഭവ തീയതി, 7-8-1998 പ്രകാരം താഴെ പ്രതിപാദിക്കുന്ന സ്വഭാവമുള്ള പ്രവർത്തികൾക്ക് പി.ഡബ്ല്യൂ.ഡി. നിരക്കിന്റെ 25% അധികരിച്ച നിരക്ക് നൽകാമെന്നാണ് വ്യവസ്ഥ എങ്കിലും അവയ്ക്ക് 25% ലും അധികരിച്ച നിരക്ക് നൽകിയതായി കാണുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001. ഖണ്ഡിക IV-104 (എ)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

134. യഥാകാലങ്ങളിൽ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് കൺവീനർക്ക് ഫൈനൽ ബിൽ നൽകിയത്. എങ്കിലും ഓഡിറ്റ് തടസ്സമുള്ളതിനാൽ കൺവീനർക്ക് നോട്ടീസ്സ് അയച്ചു തുടർ നടപടികൾ നടത്തികൊണ്ടിരിക്കുന്നു.

[വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ എ.14/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

135. 1998-ലെ സർക്കാർ സർക്കുലർ പ്രകാരം, പി.ഡബ്ല്യി.യു.ഡി നിരക്കിന്റെ 25% അധിക നിരക്ക് മാത്രമേ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വർക്കുകൾക്ക് നൽകാൻ പാടുള്ളൂവെന്ന വ്യവസ്ഥ നിലനിൽക്കേ അതിലും അധികം നിരക്ക് നൽകിയത് എന്തുകൊണ്ടാണെന്ന സമിതിയുടെ 12-1-2005-ലെ തെളിവെടുപ്പ് വേളയിലെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകാൻ പഞ്ചായത്തധികൃതർക്ക് കഴിഞ്ഞില്ല.

136. 19-1-2006-ന് സമിതി വൈത്തിരി ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിക്കുകയും പഞ്ചായത്തിനെ സംബന്ധിച്ച ആഡിറ്റ് പരാമർശങ്ങളിന്മേൽ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ സെക്രട്ടറിയോടും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടും കൂടുതൽ വിശദീകരണം തേടുകയും ചെയ്തു. 1997-98 വർഷങ്ങളിൽ ചാർജ്ജുണ്ടായിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ രേഖാമൂലം വിവരം അറിയിച്ചിട്ടുണ്ടെന്നും എന്നാൽ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂചെയ്തതിന്റെ രേഖകൾ കണ്ടിട്ടില്ലെന്നുമാണ് വൈത്തിരി ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. സി. പി. ദേവസ്യ അറിയിച്ചത്. അതേ സമയം അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. കെ. ഗോപിനാഥനെതിരെ ഈ പരാമർശമുൾപ്പെടെയുള്ള മൂന്ന് കേസ്സുകളിൽ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്ത കേസുകളുടെ വിശദാംശം നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശ പ്രകാരം വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 21-2-2006-ലെ എൽ.എഫ്.(ഡബ്ലി.യു) പി$_2$-24/06 നമ്പർ കത്ത് പ്രകാരം, ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ മുഖാന്തിരം, സമർപ്പിച്ച റിപ്പോർട്ടിൽ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ 50, 53, 64 ഖണ്ഡികകളിന്മേൽ ബന്ധപ്പെട്ടവർക്കെതിരെ സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്ക് പ്രൊപ്പോസൽ അയച്ചിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. എന്നാൽ ഇങ്ങനെ പ്രൊപ്പോസൽ അയച്ചിട്ടുള്ള ആഡിറ്റ് ഖണ്ഡികകൾ ഏത് വർഷത്തെ സമാഹൃത റിപ്പോർട്ടുകളിലെ ഖണ്ഡികകളാണെന്നോ പരാമർശ വിഷയം എന്താണെന്നോ ചൂണ്ടിക്കാട്ടിയിട്ടില്ല. സമിതി സമാഹൃത റിപ്പോർട്ടുകളാണ് പരിശോധിക്കുന്നതെന്നതിനാൽ സമാഹൃത റിപ്പോർട്ടുകളിലെ വർഷവും ആഡിറ്റ് ഖണ്ഡികകളും പരാമർശിക്കാതെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്പ്യൂട്ടി ഡയറക്ടർമാർ സമിതിക്ക് റിപ്പോർട്ട് നൽകുന്നത് പരാമർശങ്ങളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

137. മൂന്ന് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ഗോപിനാഥനെതിരെ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകിയെന്ന പരാമർശത്തിലെ തുകയും ഉൾപ്പെടുന്നുണ്ടോയെന്ന് ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ വിശദമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ആനപ്പാറ-വട്ടക്കുണ്ട്-70 ഏക്കർ-തളിമല നടപ്പാത നിർമ്മാണം

1:8 അനുപാതത്തിൽ സിമന്റും മണലും ചേർത്ത് കല്ല് അടിച്ച് കെട്ടുന്ന ഈ പ്രവൃത്തിക്ക് ഒരു $M^3$ ന് പി.ഡബ്ല്യൂ.ഡി നിരക്കായ 562 രൂപയ്ക്ക് 25% അധികരിച്ച നിരക്ക് 703 രൂപയ്ക്ക് പകരം 787 രൂപ നൽകിയതായി കാണുന്നു. ഇത്തരത്തിൽ 78.32 $M^3$ പ്രവൃത്തിയ്ക്ക് 6,578 രൂപ അധികം നൽകി.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക IV 104 (ബി)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

138. യഥാകാലങ്ങളിൽ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് കൺവീനർക്ക് ഫൈനൽ ബിൽ നൽകിയത്. എങ്കിലും ഓഡിറ്റ് തടസ്സമുള്ളതിനാൽ കൺവീനർക്ക് നോട്ടീസ്സ് അയച്ചു തുടർ നടപടികൾ നടത്തികൊണ്ടിരിക്കുന്നു.

139. ആനപ്പാറ വട്ടക്കുണ്ട്-ഏക്കർ-തളിമല നടപ്പാത നിർമ്മാണ പ്രവൃത്തിയുടെ കൺവീനർ ആരായിരുന്നുവെന്ന് 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞുവെങ്കിലും ആരാണെന്നറിയില്ലെന്നായിരുന്നു വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻചാർജ്ജ്) ശ്രീ. സി. പി. ദേവസ്യ മറുപടി നൽകിയത്. പ്രവൃത്തിയുടെ ആകെ തുക 1,25,000 രൂപയായിരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയറും എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ് വർക്കിന്റെ മേൽനോട്ടം വഹിച്ചതെന്നും അദ്ദേഹം സമിതിയെ അറിയിക്കുകയുണ്ടായി. ഇത് സംബന്ധമായ വിശദമായ റിപ്പോർട്ട് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ അങ്ങനെ റിപ്പോർട്ട് നൽകിയതായി ഗ്രാമപഞ്ചായത്തിൽ നിന്നോ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നോ വിവരം ലഭിച്ചിരുന്നില്ല. എന്നാൽ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 4 വർക്ക് ഫയലുകൾ ഹാജരാക്കാൻ സമിതി നിർദ്ദേശി ച്ചതിന്റെ അടിസ്ഥാനത്തിൽ ഫയലുകൾക്കായി തെരച്ചിൽ നടത്തിയെങ്കിലും രണ്ട് വർക്ക് ഫയലുകളും മൂന്നു എം.ബുക്കും മാത്രമേ ലഭ്യമായുള്ളൂവെന്നും ആയത് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ആഡിറ്റ് സെക്ഷൻ സൂപ്രണ്ടിന് ഏൽപ്പിച്ചിട്ടുണ്ടെന്നും 27-1-2005-ലെ $എ_1$.4/05 നമ്പർ കത്ത് പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) ശ്രീ. സി. പി. ദേവസ്യ സമിതിയെ അറിയിച്ചിരുന്നു.

140. 19-1-2006-ന് സമിതി വൈത്തിരി ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിക്കുകയും പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ സെക്രട്ടറി മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്ന് ഈ പരാമർശത്തിന്മേൽ സ്വികരിച്ച നടപടികളുടെ വിശദാംശം ആരായുകയുമുണ്ടായി.

141. സമിതി നിരദ്ദേശപ്രകാരം വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 21-2-2006-ലെ എൽ.എഫ്.(ഡബ്ല്യ്യൂ) പി2-24/06 നമ്പർ കത്ത് പ്രകാരം, ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ മുഖാന്തിരം, സമർപ്പിച്ച റിപ്പോർട്ടിൽ, അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. കെ. ഗോപിനാഥനെതിരെ 7-10-2003-ന് 6578 രൂപയുടെ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് (സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ 821/സ്പെ.സെൽ/എസ്.സി.6/03 തീയതി, 7-10-2003)

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

142. പരാമർശ വിധേയനായ അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. കെ. ഗോപിനാഥനെതിരെ 6578 രൂപയുടെ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് 7-10-2003-ന് ഇഷ്യൂ ചെയ്ത് മൂന്ന് വർഷത്തോളമായിട്ടും തുക ഈടാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ. ഗോപിനാഥനിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

വട്ടപ്പാറ-ആനക്കുഴി റോഡ്-മണ്ണ് സംരക്ഷണം.

ഈ പ്രവൃത്തിക്ക് ചുറ്റുമതിലിനു കല്ലുകെട്ടുന്നതിന് ഒരു എം ക്യൂബിന് പി. ഡബ്ല്യൂ. ഡി. നിരക്കായ 352 രൂപയുടെ 25% അധികരിച്ച നിരക്കായി 440 രൂപയ്ക്ക് പകരം ഒരു $M^3$ ന് 514 രൂപ നൽകിയതായി കാണുന്നു. ഇത്തരത്തിൽ 96.71 $M^3$ പ്രവൃത്തിക്ക് 7,157 രൂപ അധികം നൽകി.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക IV 104 (സി)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

143. യഥാകാലങ്ങളിൽ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് കൺവീനർക്ക് ഫൈനൽ ബിൽ നൽകിയത്. എങ്കിലും ഓഡിറ്റ് തടസ്സമുള്ളതിനാൽ കൺവീനർക്ക് നോട്ടീസ് അയച്ച് തുടർ നടപടികൾ നടത്തികൊണ്ടിരിക്കുന്നു.

(വൈത്തിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ എ.1.4/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

144. വട്ടപ്പാറ-ആനക്കുഴി റോഡ്-മണ്ണ് സംരക്ഷണ പ്രവൃത്തിക്ക് 7157 രൂപ അധികം നൽകിയതിന് അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഗോപിനാഥനാണ് ഉത്തരവാദിയെന്നതിനാലും ശ്രീ. ഗോപിനാഥനെതിരെ മറ്റ് മൂന്ന് പരാമർശങ്ങൾ കൂടി ഉള്ളതിനാലും അദ്ദേഹത്തിനെതിരെയുള്ള 4 ഫയലുകളിലും നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ റിപ്പോർട്ട് നൽകണമെന്നും 12-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് ഡയറക്ടറിൽ നിന്ന് ഈ വിഷയത്തിൽ നാളിതുവരെ യാതൊരു റിപ്പോർട്ടും ലഭിച്ചിട്ടില്ല.

145. 19-1-2006-ന് വൈത്തിരി ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിച്ച സമിതി ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ആഡിറ്റ് സെക്ഷൻ സൂപ്രണ്ടിനോട് ആരായുകയുണ്ടായി. ശ്രീ. ഗോപിനാഥനെതിരെ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി സെക്ഷനോടാവശ്യപ്പെട്ടിട്ടുണ്ടെന്നാണ് ജൂനിയർ സൂപ്രണ്ട് മറുപടി നൽകിയത്. ഈ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സർച്ചാർജ്ജ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ മുഖാന്തിരം, 21-1-2006-ലെ എൽ.എഫ്(ഡബ്ലിയൂ) പി2-24/06 നമ്പർ കത്തിനോടൊപ്പം

സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ വട്ടപ്പാറ ആനക്കുഴി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടും അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. കെ. ഗോപിനാഥനെതിരെ 7157 രൂപയുടെ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. (സർച്ചാർജ്) സർട്ടിഫിക്കറ്റ് നമ്പർ 821/സ്പെ.സെൽ.എസ്.സി.6/03 തീയ്യതി, 7-10-2003.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

146. വട്ടപ്പാറ-ആനക്കുഴി റോഡ്-മണ്ണ് സംരക്ഷണ പ്രവൃത്തിക്കും അധികം നൽകിയ 7157 രൂപ അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്ന് (ഇപ്പോൾ മാനന്തവാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി) തിരിച്ചുപിടിക്കുന്നതിന് സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച് 3 വർഷം കഴിഞ്ഞ സ്ഥിതിക്ക് പ്രസ്തുത തുക ശ്രീ. ഗോപിനാഥനിൽ നിന്ന് അടിയന്തിരമായി ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ചുണ്ടയിൽ-വട്ടക്കുണ്ട് ആദിവാസി കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ

61.90 $M^3$ പ്രവൃത്തിക്ക് പി.ഡബ്ളിയു.ഡി.നിരക്കായ 352 രൂപയുടെ 25% അധികരിച്ച നിരക്കായി 440 രൂപയ്ക്ക് പകരം ഒരു $M^3$-ന് 514 രൂപ നൽകിയതിനാൽ 4,581 രൂപ അധികം നൽകി.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക IV-104(d)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി :—

147. "യഥാകാലങ്ങളിൽ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് കൺവീനർക്ക് ഫൈനൽ ബിൽ നൽകിയത്. എങ്കിലും ഓഡിറ്റ് തടസ്സമുള്ളതിനാൽ കൺവീനർക്ക് നോട്ടീസ് അയച്ചു തുടർ നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു. "

[ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ A1.4/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

148. ചുണ്ടയിൽ വട്ടക്കുണ്ടു ആദിവാസി കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തലിന് 4581 രൂപ അധിക നിരക്ക് നൽകിയതിന് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ഗോപിനാഥനെതിരെ സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയുടെ 12-1-2005-ലെ സമിതിയുടെ തെളിവെടുപ്പുവേളയിൽ അറിയിക്കുകയുണ്ടായി.

149. 19-1-2006-ന് സമിതി ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിക്കുകയും പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ സെക്രട്ടറിയിൽ നിന്നും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു. ശ്രീ. ഗോപിനാഥനെതിരെ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്ന് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ മുഖാന്തിരം

വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 21-2-2006-ലെ എൽ.എഫ്. (ഡബ്ളിയു) പി2-24/06 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച പ്രൊഫോർമയിൽ ചുണ്ടയിൽ വട്ടക്കുണ്ട് ആദിവാസി കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തലിന് നൽകിയ അധിക നിരക്കായ 4581 രൂപ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്ന് ഈടാക്കാനായി അദ്ദേഹത്തിന്റെ പേരിൽ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതായി (സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ എൽ.എഫ്.821/എസ്.സി.6/03/തീയതി 7-10-2003) അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

150. ചുണ്ടയിൽ വട്ടക്കുന്ന് ആദിവാസി കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയ ഇനത്തിലുളള 4581 രൂപ അന്നത്തെ വൈത്തിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ഇപ്പോൾ മാനന്തവാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായ ശ്രീ. പി. കെ. ഗോപിനാഥനിൽ നിന്ന് ഈടാക്കാൻ 7-10-2003-ന് സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച് മൂന്നു വർഷത്തോളമായെങ്കിലും ഈ തുക ഈടാക്കാതിരിക്കുന്നത് പഞ്ചായത്ത് ഡയറക്ടറുടെയും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും ഭാഗത്തു നിന്നുള്ള വീഴ്ചയാണ് കാണിക്കുന്നത്. ആയതിനാൽ മേൽ പരാമർശവുമായ ബന്ധപ്പെട്ട 4581 രൂപ ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്ന് ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

അമ്പലക്കുന്ന് ജലവിതരണ പദ്ധതി-മോട്ടോറിന്റെ വില രണ്ടു തവണ നൽകിയത്

അമ്പലക്കുന്ന് ജലവിതരണ പദ്ധതിയുടെ ആവശ്യത്തിന് 10 കുതിര ശക്തി കിർലോസ്കർ മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വിലയായി 41,168 രൂപ വൗച്ചർ നമ്പർ 300/7/10/97 പ്രകാരം കൽപ്പറ്റയിലെ വയനാട് എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ വൗച്ചർ നമ്പർ 337(1) തീയതി 17-11-97 പ്രകാരം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ മൂല്യം 1,22,500 രൂപയാണ് അതോടൊപ്പം മോട്ടോറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും വിലയായ 41,168 രൂപ ഉൾപ്പെട്ടിട്ടുണ്ട്. ഫൈനൽ ബിൽ നൽകിയപ്പോൾ ആദ്യം കൊടുത്ത 41,168 രൂപ കുറച്ചിട്ടില്ലാത്തതിനാൽ 41,168 രൂപ അധികം നൽകിയതായി കാണുന്നു..

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക IV-105(a)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി :—

151. "വിശദമായി പരിശോധിച്ച് കൺവീനർക്ക് നോട്ടീസ് അയച്ച് ആർ.ആർ. ഉൾപ്പെയുളള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു."

[വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ A.1.4/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

152. മോട്ടോറിന്റെ വില രണ്ടു തവണ നൽകിയതിന് കൺവീനറല്ല ഉത്തരവാദിയെന്നും അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.പി.കേശവനിൽ ഉത്തരവാദിത്വം ചുമത്തി

പഞ്ചായത്ത് ഡയറക്ടർ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും 12-1-2005-ലെ തെളിവെടുപ്പുവേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു.

153. 19-1-2006-ന് വെത്തിരി ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിച്ച സമിതി പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥരിൽ നിന്നും പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരായുകയുണ്ടായി. മോട്ടോറിന്റെ വില രണ്ടു തവണ നൽകിയ അന്നത്തെ സെക്രട്ടറി ശ്രീ.പി.കേശവനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന ചോദ്യത്തിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി സെക്ഷനോടാവശ്യപ്പെട്ടിട്ടുണ്ടെന്നാണ് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ആഡിറ്റ് സെക്ഷന്റെ ചുമതലയുള്ള ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചത്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

154. മോട്ടോറിന്റെ വില രണ്ടു തവണ നൽകിയതുമൂലം 41,168 രൂപയാണ് പഞ്ചായത്തിന് നഷ്ടമായത്. രണ്ടു തവണ മോട്ടോറിന് വില നൽകി ഇത്രയും തുക പഞ്ചായത്തിന് നഷ്ടമുണ്ടാക്കിയ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കേശവൻ ഇപ്പോഴും സർവ്വീസിൽ തുടരുന്നുമുണ്ട്. ശ്രീ. പി. കേശവനെതിരെ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ 'ഡി' സെക്ഷനോടാവശ്യപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥൻ തന്നെ സമിതിയെ അറിയിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ശ്രീ. പി. കേശവനെതിരെ നടപടി സ്വീകരിക്കാതിരുന്നത് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അമ്പലക്കുന്ന് ശുദ്ധജല വിതരണ പദ്ധതിയിൽ മോട്ടോറിന്റെ വില രണ്ടു തവണ നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. പി. കേശവനെതിരെയുള്ള നടപടി എത്രയും പെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

വീട് വയറിംഗ്-പദ്ധതി വിഹിതത്തേക്കാൾ കൂടുതൽ ചെലവഴിച്ചത്

പഞ്ചായത്തിലെ 1, 8 വാർഡുകളിലെ 20 വീടുകൾ വയറിംഗ് ചെയ്യുന്നതിനായി ഒരു വീടിന് 700 രൂപ പ്രകാരം 14,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 1997-98-ൽ 40,750 രൂപ ചെലവ് വന്നിട്ടുണ്ട്. ഈ തുക ചെലവഴിച്ചതിന്റെ ഒരു രേഖയും ആഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി വിഹിതത്തേക്കാൾ കൂടുതൽ തുക ചെലവഴിച്ചതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക IV-105(b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി:—

155. "കൂടുതൽ കൊടുത്ത തുക തിരിച്ചുപിടിക്കാത്തതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു."

[വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ A.1.4/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

156. വീട് വയറിംഗിന് വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചത് എന്തുകൊണ്ടാണെന്ന് 12-1-2005-ലെ തെളിവെടുപ്പുവേളയിൽ സമിതി ആരായുകയുണ്ടായി. പരാമർശവുമായി ബന്ധപ്പെട്ട ഫയലുകളും മറ്റു രേഖകളും ഉണ്ടോയെന്നും സമിതി ആരായുകയുണ്ടായി. ഈ പരാമർശവുമായി ബന്ധപ്പെട്ട ഫയലുകളെല്ലാം പഞ്ചായത്തിലുണ്ടെന്നും ആഡിറ്റ് സമയത്ത് ഫയലുകൾ ഹാജരാക്കാതിരുന്നത്മൂലമാണ് പരാമർശമുണ്ടായതെന്നും വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) സമിതിയിൽ ബോധിപ്പിച്ചു. വീട് വയറിംഗിന് വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നു.

157. എന്നാൽ ഫയലുകൾ ഹാജരാക്കണമെന്ന സമിതിയുടെ നിർദ്ദേശം വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) ശ്രീ. ദേവസ്യ പാലിച്ചിട്ടില്ലെന്നും ഫയലുകളും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്നും, 22-1-2005-ലെ എൽ.എഫ്.(ഡബ്ളിയു) പി2-627/2004 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി.

158. 19-1-2006-ന് വൈത്തിരി ഗ്രാമപഞ്ചായത്ത് സന്ദർശന വേളയിൽ സമിതി പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വ്യക്തമായ മറുപടി നൽകാൻ പഞ്ചായത്തധികൃതർക്ക് കഴിഞ്ഞില്ല.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

159. വീടു വയറിംഗുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളുമുണ്ടെന്നും അവ യഥാസമയം ആഡിറ്റിന് നൽകാതിരുന്നതുമൂലമാണ് പരാമർശമുണ്ടായതെന്നും വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) ശ്രീ. സി. പി. ദേവസ്യ 12-1-2005-ന് സമിതി മുമ്പാകെ വ്യക്തമാക്കുകയും ആയത് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് മുമ്പാകെ ഹാജരാക്കാൻ രണ്ടാഴ്ച സമയം നൽകി ഒരു വർഷം കഴിഞ്ഞിട്ടും ബന്ധപ്പെട്ട ഫയലുകളും രേഖകളും ഹാജരാക്കിയിട്ടില്ലെന്ന് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ വീട് വയറിംഗ് പദ്ധതിയിൽ അധികം ചെലവഴിച്ച തുക അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കേശവനിൽ നിന്നും ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

വളത്തിനും കീടനാശിനിക്കും സബ്സിഡി നൽകിയതിലെ അപാകതകൾ

പഞ്ചായത്തിലെ മൂന്നു പാടശേഖര സമിതികളായ ലക്ഷ്മി പാടശേഖര സമിതി, വൈത്തിരി പാടശേഖര സമിതി, ചെമ്പാട്ടി വയൽ പാടശേഖര സമിതി എന്നിവയ്ക്ക് വളവും കീടനാശിനിയും വാങ്ങിയതിന്റെ സബ്സിഡിയായി യഥാക്രമം 5000, 8056 രൂപ എന്ന നിരക്കിൽ ആകെ 21,112 രൂപ ചുണ്ടേൽ കോസ്മോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്.

പാടശേഖര സമിതികൾ സാധനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ആയതിനാൽ തുക നൽകണമെന്നും വൈത്തിരി കൃഷി ഓഫീസർ സെക്രട്ടറിയെ അറിയിച്ചു. എന്നാൽ സെക്രട്ടറി നേരിട്ട് അന്വേഷിച്ചതിൽ വളവും കീടനാശിനിയും സ്ഥാപനം നൽകിയിട്ടില്ലെന്നും കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവരുടെ ഉത്തരവാദിത്വത്തിൽ തുക നൽകുന്നു എന്നും ഫയലിൽ എഴുതിയിട്ടുണ്ട്. സാധനങ്ങൾ പാടശേഖര സമിതികൾ വാങ്ങിയതിനുള്ള ബില്ലുകൾ ഹാജരാക്കാതെയാണ് തുക നൽകിയിരിക്കുന്നത്. നിയമവിരുദ്ധമായ ഈ നടപടികളിലേയ്ക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക IV-105(c)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി :—

160. " നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറുമായി ബന്ധപ്പെട്ടു സത്വര നടപടികൾ സ്വീകരിച്ചുവരുന്നു."

[വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ A.1.4/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

161. വളവും കീടനാശിനിയും വാങ്ങിയിട്ടില്ലെന്ന് കോസ്മോ എന്റർപ്രൈസസിൽ നി.ന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് അന്വേഷിച്ച് ബോദ്ധ്യപ്പെട്ടിട്ടും പ്രസ്തുത സ്ഥാപനത്തിന് 21,112 രൂപ നൽകിയത് എന്തുകൊണ്ടാണെന്ന സമിതിയുടെ 12-1-2005-ലെ തെളിവെടുപ്പുവേളയിലെ ചോദ്യത്തിന് വ്യക്തമായ മറുപടി ലഭിച്ചില്ല. എന്നാൽ കൃഷി ഓഫീസറായിരുന്ന ശ്രീ. സക്കറിയ മാണി ആയിരുന്നു പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. അതിനാൽ വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ കൃഷി ഭവനിൽ നിന്ന് ഫയലുകൾ വരുത്തി പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ അസിസ്റ്റന്റ് ഡയറക്ടറിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

162. 19-1-2006-ലെ ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശന വേളയിൽ സമിതി ഈ പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ആരായുകയുണ്ടായി. എന്നാൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് സമിതി മുമ്പാകെ വീണ്ടും വിശദീകരിച്ചത്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

163. പാടശേഖര സമിതികൾ, സാധനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ആയതിനാൽ തുക നൽകണമെന്നും വൈത്തിരി കൃഷി ഓഫീസർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും സെക്രട്ടറി നേരിട്ട് അന്വേഷിച്ചതിൽ വളവും കീടനാശിനിയും ചുണ്ടേൽ കോസ്മോ എന്റർ പ്രൈസസ് എന്ന സ്ഥാപനം നൽകിയിട്ടില്ലെന്ന് ബോദ്ധ്യം വന്നിട്ടും, കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും കൃഷി ഓഫീസറുടെ ഉത്തരവാദിത്വത്തിലും തുക നൽകുന്നുവെന്ന് ഫയലിൽ രേഖപ്പെടുത്തി തുക നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറാനാവില്ല. ആയതിനാൽ വിതരണം ചെയ്യാത്ത വളത്തിനും കീടനാശിനിക്കും 21,112 രൂപ ചുണ്ടേൽ കോസ്മോ എന്റർപ്രൈസസിന് നൽകിയ അന്നത്തെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ ശ്രീ. സക്കറിയാ മാണി, അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കേശവൻ എന്നിവരിൽ നിന്ന് തുക തുല്യമായി തിരിച്ചുപിടിക്കാൻ നടപടി സ്വീക

രിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

## വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്

നാരോകടവ്-പെരുങ്കുളം റോഡ്  നിർമ്മാണം. മണ്ണിന്റെ വില അധികം നൽകി

നാരോകടവ് പെരുംകുളം റോഡ് നിർമ്മാണത്തിന് ലെവൽ കാൽക്കുലേഷൻ പ്രകാരം 665.975 $M^3$ മണ്ണ് മാറ്റിയതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ റോഡിന് 1262.775 $M^3$ മണ്ണ് മറ്റിടങ്ങളിൽ നിന്നും കൊണ്ടുവന്നു നിറച്ചതിൽ അടിസ്ഥാനം എടുത്തപ്പോൾ കിട്ടിയ 68.546 $M^3$ കഴിച്ചു ബാക്കിയുള്ള 1194.229 $M^3$ മണ്ണിന്, 10 $M^3$ ന് 580 രൂപ പ്രകാരം 69,265.28 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. ലെവൽ കാൽക്കുലേഷൻ പ്രകാരം കിളച്ചുമാറ്റിയ 665.975 $M^3$ മണ്ണ് കുറവ് ചെയ്യാതെ വില നൽകിയതിനാൽ അധികമായി നൽകിയ 38,626.55 രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവിൽപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക IV-106]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി :—

164. "റോഡ് പ്രവൃത്തി മെഷർ ചെയ്ത അസി:എഞ്ചിനീയർക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. ടിയാനിൽ നിന്ന് മറുപടി ലഭിച്ചിട്ടില്ല. ഇദ്ദേഹം സസ്പെൻഷനിലായിരുന്നു എന്നും ഇപ്പോൾ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അറിയുന്നു. ഇപ്പോഴത്തെ മേൽവിലാസം ആവശ്യപ്പെട്ടുകൊണ്ട് മാനന്തവാടി ബ്ലോക്ക് ഡവ:ഓഫീസർക്ക് കത്തയച്ചിട്ടുണ്ട്."

[വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29-12-2004-ലെ കത്ത് പ്രകാരം ലഭിച്ചത്.]

165. നാരോകടവ്-പെരുംകുളം റോഡ് നിർമ്മാണത്തിൽ മണ്ണിന്റെ വില അധികം നൽകിയിട്ടുണ്ടോയെന്ന് 13-1-2005-ലെ തെളിവെടുപ്പുവേളയിൽ സമിതി വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുകയുണ്ടായി. റോഡ് വീതി കൂട്ടുന്നതിനായി കുഴിച്ചെടുത്ത മണ്ണ് വിൽക്കുകയാണോ ഒഴിവാക്കുകയാണോ ചെയ്തതെന്ന ചോദ്യത്തിന്, സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ജോലിയെന്ന നിലയിൽ സെക്രട്ടറിക്ക് അതിൽ ഇടപെടാൻ കഴിയില്ലെന്നും ബിൽ വരുമ്പോൾ അത് പരിശോധിച്ച് കണക്കുകൾ കൂട്ടിയിരിക്കുന്നത് ശരിയാണോ എന്ന് ഉറപ്പുവരുത്തുക മാത്രമേ സെക്രട്ടറി ചെയ്യാറുള്ളൂവെന്നും പരാമർശ കാലയളവിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എൻ. സുരാജ് സമിതിയെ ബോധിപ്പിച്ചു.അന്നത്തെ പി.ഡബ്ളിയു.ഡി.എഞ്ചിനീയർ ആരായിരുന്നുവെന്ന സമിതിയുടെ ചോദ്യത്തിന് അന്നത്തെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. കെ. ജെ. രാജീവ് കുറച്ചുനാൾ സസ്പെൻഷനിലായിരുന്നുവെന്നും ഇപ്പോൾ ഇടുക്കി ജില്ലയിലെ ഏതോ ഓഫീസിലാണ് ജോലി ചെയ്യുന്നതെന്നും പഞ്ചായത്ത് മുൻ സെക്രട്ടറി അറിയിച്ചു. തുടർന്ന് പരാമർശത്തിന്മേൽ കൂടുതൽ വിശദീകരണം നൽകുന്നതിനായി 22-1-2005-ലെ സമിതി യോഗം മുമ്പാകെ നേരിട്ട്

ഹാജാരായി വിശദീകരണം നൽകാൻ പീരുമേട് റോഡ്സ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ. ജെ. രാജീവിനോട് സമിതി നിർദ്ദേശിച്ചു.

166. സമിതി നിർദ്ദേശപ്രകാരം 22-1-2005-ന് ശ്രീ. കെ. ജെ. രാജീവ് ഹാജരാകുകയും നാരോകടവ്-പെരുംകുളം റോഡ് നിർമ്മാണത്തിൽ മണ്ണിന് അധിക വില നൽകിയിട്ടില്ലെന്നും ആഡിറ്റുകാർ ഫൈനൽ ലെവൽസ് പരിശോധിക്കാതെ റിപ്പോർട്ട് തയ്യാറാക്കിയതുമൂലമാണ് പരാമർശമുണ്ടായതെന്നും സമിതി മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. ശ്രീ. രാജീവ് സമിതി മുമ്പാകെ നടത്തിയ വിശദീകരണങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാട്ടി വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് വിശദീകരണം നൽകണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു.

167. സമിതി നിർദ്ദേശ പ്രകാരം, അസി:എഞ്ചിനീയർ ശ്രീ. കെ. ജെ. രാജീവ് നൽകിയ വിശദീകരണത്തെ ആസ്പദമാക്കി വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖാന്തിരം സമർപ്പിച്ച റിപ്പോർട്ടിൽ (28-05-2005-ലെ (ഡബ്ളിയു) പി3-210/05 നമ്പർ കത്ത് പ്രകാരം)ലെവൽ കാൽക്കുലേഷൻ ഷീറ്റ് പ്രകാരം മൊത്തം ഫില്ല് ചെയ്ത 1808.75 ഘനമീറ്റർ മണ്ണിൽ വീതി കൂട്ടാനായി കിളച്ചു മാറ്റിയ 665.975 $M^3$ മണ്ണ് കുറവ് ചെയ്തും ചെയിനേജ് 400 മുതൽ 425 വരെ ഫില്ല് ചെയ്ത 120 ഘന മീറ്റർ മണ്ണും ഉൾപ്പെടെ 1262.775 ഘനമീറ്റർ (1808.75-665.975+120=1262.775) മണ്ണിന് തുക നൽകിയത് അംഗീകരിക്കാവുന്നതാണെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ശുപാർശയും നൽകിയിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

168. ആഡിറ്റ് സമയത്ത് രേഖകൾ കൃത്യമായി പരിശോധിക്കാതെ വന്നതുമൂലമാണ് പരാമർശമുണ്ടായതെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആഡിറ്റ് പരാമർശങ്ങൾ തയ്യാറാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട എല്ലാ രേഖകളും കൃത്യമായി പരിശോധിക്കണമെന്നും സാങ്കേതിക പരിജ്ഞാനം ആവശ്യമായ സംഗതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ വിശദീകരണം തേടുന്നതിനും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പു ശ്രദ്ധിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു ഈ പരാമർശം ഒഴിവാക്കാമെന്ന വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## തരിയോട് ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ട്രാക്ടർ വാടക-പഞ്ചായത്തിൽ അടക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.12 എ-1866 നമ്പർ ട്രാക്ടർ ഉപയോഗിച്ചതിന്റെ വാടകയായി പഞ്ചായത്തിന് ലഭിയ്ക്കേണ്ട തുകയിൽ 13,275 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. രസീത് ബുക്ക് 4-ൽ 16-10-99 മുതൽ 10-12-99 വരെ രസീത് നമ്പർ 317 മുതൽ

348 വരെ ആകെ 15,040 രൂപ പിരിച്ചതിൽ 12790 രൂപ മാത്രമേ പഞ്ചായത്ത് അക്കൗണ്ടിൽ വന്നിട്ടുള്ളൂ.

2. രസീത് ബുക്ക് 4-ൽ 384 മുതൽ 400 വരെയും രസീത് ബുക്ക് 5-ൽ നമ്പർ 401 മുതൽ 412 വരെയും ആകെപിരിച്ച 4,900 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടില്ല.

3. രസീത് ബുക്ക് 5-ൽ നമ്പർ 416 മുതൽ 444 വരെയുള്ള വരവായ 7,825 രൂപയിൽ 1,700 രൂപ മാത്രമേ വരവ് വെച്ചിട്ടുള്ളൂ.

ഈ മൂന്നിനങ്ങളിലായി മൊത്തം (2250+4900+6125) 13,275 രൂപകുറവ്വന്നതായി ആഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക IV-107(a)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി :—

169. "പരാമർശ 2250 രൂപയിൽ 1440 രൂപ 17-03-01-ൽ 386/33 രസീത് പ്രകാരവും പഞ്ചായത്തിൽ തിരിച്ചടച്ചു. തിരിച്ചടക്കാൻ ബാക്കിയുള്ള തുക 810 രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തതുകൊണ്ട് 1-10-02-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വയനാട് ജില്ല ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർന്ന് നിർദ്ദേശങ്ങളോ നടപടികളോ ഈ ഓഫീസിൽ ലഭിച്ചതായി കാണുന്നില്ല."

170. ബി.സി.ഖണ്ഡിക പ്രകാരമുള്ള തുകയിൽ 1700- രൂപ 25-3-2000-ൽ 70440/44 നമ്പർ രസീത് പ്രകാരവും 950 രൂപ 30-3-2000-ൽ 70442/10 നമ്പർ രസീത് പ്രകാരവും 1700 രൂപ 7-4-2000-ൽ 70445/10 നമ്പർ രസീത് പ്രകാരവും 950 രൂപ 25-8-2000-ൽ 3851/11 നമ്പർ രസീത് പ്രകാരവും 10175 രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാകുകയും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പ്രാദേശിക പരിശോധന നടത്തി 1-10-2002-ൽ തടസ്സങ്ങളൊഴിവാക്കുകയും ചെയ്തു"

[തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A-579/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

171. പരാമർശ പ്രകാരം അടയ്ക്കാൻ നിർദ്ദേശിച്ച 13,275 രൂപയിൽ 810 രൂപ ഒഴികെ ബാക്കി തുക അടച്ചിട്ടുണ്ടോയെന്നു 13-1-2005-ലെ തെളിവെടുപ്പുവേളയിൽ സമിതി തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുകയുണ്ടായി. ആഡിറ്റ് തടസ്സപ്പെടുത്തിയ 2250 രൂപയും 810 രൂപയും ഈടാക്കുന്നതിനായി അന്നത്തെ സെക്രട്ടറിക്കെതിരെ സർചാർജ്ജ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

172. പ്രാദേശിക പരിശോധനയിൽ, രസീത് പ്രകാരം പിരിച്ച 15,040 രൂപയും 12,790 രൂപയും പ്രവൃത്തിയുടെ അവസാന ബില്ലിൽ ഉൾപ്പെടുത്തിയതായി കാണുന്നുവെന്നും എന്നാൽ 12,790 രൂപ സെക്രട്ടറിയുടെ പ്ലാൻ പി.ഡി.. അക്കൗണ്ടിൽ നിന്ന്

വി.പി.എഫ്..അക്കൗണ്ടിലേയക്ക് ചെക്കായി നൽകിയിട്ടുണ്ടെന്നും ഏതൊക്കെ ബില്ലുകളിൽ നിന്ന് കുറവ് ചെയ്ത തുകയാണ് ഇപ്രകാരം ചെക്കായി നൽകിയതെന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ലെന്നും വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ഓഫീസിലെ ആഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. ബാക്കി തുകയായി കാണിച്ചിരിക്കുന്ന 2250 രൂപയിൽ ഡീസൽ ചാർജ്ജ് ഇനത്തിൽ അഡ്ജസ്റ്റ് ചെയ്തതായും 1440 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചതായും കാണുന്നുവെന്നും എന്നാൽ പരിശോധനയിൽ 810 രൂപയ്ക്ക് ഡീസൽ അടിച്ചതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ലെന്നും അതിനാൽ തിരിച്ചടക്കേണ്ട ബാക്കി തുകയായ 13,600 രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് ശുപാർശ ചെയ്തിരിക്കുകയാണെന്നും ആഡിറ്റ് ഓഫീസർ ചൂണ്ടിക്കാട്ടി.

173. ശ്രീ. കുഞ്ഞപ്പൻ എന്ന ഹെഡ് ക്ലാർക്കാണ് ട്രാക്ടറിന്റെ വാടക പിരിച്ചതെന്നും അദ്ദേഹം ഇപ്പോൾ കാസർകോഡ് ജില്ലയിലാണ് ജോലി ചെയ്യുന്നതെന്നും ശ്രീ. സണ്ണിമാത്യൂ ആയിരുന്നു അന്നത്തെ സെക്രട്ടറിയെന്നും അദ്ദേഹം റിട്ടയർ ചെയ്തുവെന്നും എൻ.എൽ.സി.യും എൽ.സി.യും കൊടുത്തിട്ടുണ്ടെന്നും തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

174. ഇതു സംബന്ധമായ ഫയലുകൾ പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് ക്രമക്കേടിന് ഉത്തരവാദികളായിരുന്ന ഹെഡ്ക്ലാർക്ക് ശ്രീ. കുഞ്ഞപ്പൻ, റിട്ടയർ ചെയ്ത സെക്രട്ടറി ശ്രീ. സണ്ണിമാത്യൂ എന്നിവരിൽ നിന്ന് തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് ഡയറക്ടർ നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടില്ല.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

175. <u>തരിയോട് ഗ്രാമപഞ്ചായത്തിൽ പരാമർശ കാലയളവിൽ ഹെഡ്ക്ലാർക്കായിരുന്ന ശ്രീ. കുഞ്ഞപ്പൻ സെക്രട്ടറിയായിരുന്ന ശ്രീ. സണ്ണിമാത്യൂവിന്റെ അറിവോടെ ആയിരിക്കണം ക്രമക്കേടുകൾ നടത്തിയിട്ടുള്ളതെന്നും അതിനാൽ ഇനിയും തിരിച്ചടയ്ക്കാനുള്ള 12,790 രൂപ തിരിച്ചടയ്ക്കാൻ രണ്ടുപേർക്കും ബാദ്ധ്യതയുണ്ടെന്നുമാണ് സമിതിയുടെ വിലയിരുത്തൽ. ഇവരിൽ നിന്ന് തുക തിരിച്ചുപിടിക്കുന്നതിനായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ള സമിതി നിർദ്ദേശം പാലിക്കാതിരുന്ന പഞ്ചായത്ത് ഡയറക്ടറുടെ നടപടിയിൽ സമിതി കടുത്ത അസംതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം തന്നെ ഇനിയും തിരിച്ചടക്കാനുള്ള 12,790 രൂപ ശ്രീ. കുഞ്ഞപ്പൻ, ശ്രീ. സണ്ണിമാത്യൂ എന്നിവരിൽ നിന്ന് ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

**ഓഡിറ്റ് ഖണ്ഡിക**

<u>വീട് ഓടുമേയുന്നതിനുള്ള ധനസഹായം-അർഹത ഇല്ലാത്തവർക്ക് നൽകിയത്</u>

വീടു ഓട് മേയുന്നതിനുള്ള ജനറൽ വിഭാഗം പ്രോജക്ടിൽ വാർഡ് നമ്പർ 4-ൽ അസസ്സ്മെന്റ് നമ്പർ 148 എന്ന വീടിന്റെ ഉടമസ്ഥന് 5,000 രൂപ കൊടുത്തിട്ടുണ്ട്. എന്നാൽ കെട്ടിട നികുതി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധനയിൽ നിന്നും ഈ വീട് മറ്റൊരു വ്യക്തിയുടെ ഓട് മേഞ്ഞ വീടാണെന്ന് വ്യക്തമായി മാത്രമല്ല അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഈ വ്യക്തിക്ക് ഈ പഞ്ചായത്തിൽ വീടുള്ളതായി കാണുന്നില്ല. അതി

നാൽ വീടില്ലാത്തയാൾക്ക് വീടു മേയാൻ 5,000 രൂപ കൊടുത്തത് ആഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവിൽപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക IV-107(b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി :—

176. " ഈ സംഭവങ്ങളിൽ കക്ഷികൾ യഥാസമയം തുകയടക്കാത്തത് കൊണ്ടും അന്നത്തെ സെക്രട്ടറി ശ്രീ.സണ്ണിമാത്യു നടപടികൾ സ്വീകരിക്കാത്തതുകൊണ്ടും ടിയാന്റെ പേരിൽ ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് സർചാർജ്ജ് നടപടികൾ എൽ.28935/Spl cell-SC4/99 തീയതി 27-6-2000 പ്രകാരം കൈക്കൊണ്ടിട്ടുണ്ട്."[തരിയോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A-579/04/നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

177. പരാമർശവിധേയമായ തുക അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സണ്ണിമാത്യൂവിൽ നിന്ന് ഈടാക്കുന്നതിനായി സർചാർജ്ജ് നടപടി തുടരുന്നതായാണ് 13-1-2005-ലെ തെളിവെടുപ്പു വേളയിൽ തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചത്. ഇക്കാര്യത്തിൽ പിന്നീടുള്ള നടപടികളെക്കുറിച്ചൊന്നും അറിയിച്ചിരുന്നില്ല.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

178. <u>വീടു ഓടു മേയുന്നതിനു അർഹതയില്ലാത്തവർക്ക് ധനസഹായമായി നൽകിയ 5000 രൂപ ഈടാക്കുന്നതിനായി അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സണ്ണിമാത്യുവിനെതിരെയുള്ള സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

**ഓഡിറ്റ് ഖണ്ഡിക**

<u>തെക്കേ തൊട്ടിപ്പടി-മഞ്ഞുറ റോഡ് പ്രവൃത്തി</u>

പഞ്ചായത്തിലെ 11-ാം മൈൽ മഞ്ഞുറ തെക്കേ തൊട്ടിപ്പടി എന്ന റോഡിന് ഒരു ലക്ഷം രൂപ പദ്ധതി വിഹിതവും ഒരു ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ചേർത്ത് 2 ലക്ഷം രൂപയാണ് അടങ്കൽ. ഈ പ്രവൃത്തിയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തിയ എം.ബുക്കു നമ്പർ 3/98-99 പേജ് 15 പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 1,78,624 രൂപയാണ്. സന്നദ്ധ പ്രവർത്തകരുടെ എൻ.എം.ആർ.അനുസരിച്ച് 64,850 രൂപയുടെ മൂല്യം വരുന്ന പ്രവർത്തികളാണ് നടത്തിയിട്ടുള്ളത്. പ്രോജക്ടനുസരിച്ച് 1 : 1 അനുപാതത്തിൽ പ്ലാൻ ഫണ്ടും സന്നദ്ധ പ്രവർത്തനവും വേണ്ടിയിരിക്കെ പരമാവധി ആകെ മൂല്യത്തിന്റെ പകുതിയായ 88,312 രൂപയ്ക്ക് മാത്രമേ ഗുണഭോക്തൃ കമ്മിറ്റിക്ക് അർഹതയുള്ളൂ. എന്നാൽ പദ്ധതി വിഹിതമായ ഒരു ലക്ഷം രൂപയും ചെലവഴിച്ചതിനാൽ അധികം കൊടുത്ത 11,688 രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഈ പ്രവൃത്തിക്ക് 104 ലോഡ് കരിങ്കല്ല് ഇറക്കിയിട്ടുണ്ട്. ഒരു ലോഡ് കല്ല് 3.25 $M^3$ ആണ്. ആ നിരക്കിൽ 338 $M^3$ കല്ലാണ് ഇറക്കിയത്. എന്നാൽ എം.ബുക്ക് നമ്പർ 3/98-99 പേജ് 14 പ്രകാരം ഈ പ്രവൃത്തിക്ക് ആകെ ഉപയോഗിച്ചത് 228.67 $M^3$ കല്ലാണ്. അതിനാൽ 109.33 $M^3$ കരിങ്കല്ലാണ് ബാക്കിയുള്ളത്. ഇതിന് 40,368 രൂപ വില മതിക്കുന്നതാണ്. ഈ കല്ലിന്റെ വിനിയോഗം കാണിക്കുകയോ 40,368 രൂപ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക IV-107(c)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി:—

179. " ഈ സംഭവങ്ങളിൽ കക്ഷികൾ യഥാസമയം തുകയടക്കാത്തത് കൊണ്ടും അന്നത്തെ സെക്രട്ടറി ശ്രീ. സണ്ണിമാത്യു നടപടികൾ സ്വീകരിക്കാത്തതുകൊണ്ടും ടിയാന്റെ പേരിൽ ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് സർചാർജ്ജ് നടപടികൾ എൽ.28935/Spl cell-sc4/99 തീയതി 27-6-2000 പ്രകാരം കൈക്കൊണ്ടിട്ടുണ്ട്."

(തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ എ579/04 നമ്പർ കത്ത്പ്രകാരം ലഭിച്ചത്)

180. ഈ പരാമർശത്തിലും ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ. സണ്ണിമാത്യുവിനെതിരെ സർചാർജ്ജ് നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് തരിയോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിയുടെ 13-1-2005-ലെ തെളിവെടുപ്പുവേളയിൽ അറിയിച്ചത്.

181. പദ്ധതി വിഹിതത്തിൽ കൂടുതലായി ചെലവഴിച്ച 11,688 രൂപ തിരിച്ചുപിടിക്കുന്നതിന് സെക്രട്ടറിയായിരുന്ന ശ്രീ. സണ്ണി മാത്യുവിനെതിരെ സർചാർജ്ജ് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും ഈ വർക്കിന് ആവശ്യമായതിൽ അധികമായി 109.33 $M^3$ കരിങ്കൽ, വാങ്ങി 40368 രൂപ നഷ്ടമുണ്ടാക്കിയതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്നും സമിതി ആരായുകയുണ്ടായി. അതിനു ശ്രീ. സണ്ണി മാത്യു തന്നെയാണുത്തരവാദിയെന്ന് തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എന്നാൽ വർക്കിന് ആവശ്യമായതിലധികം കരിങ്കൽ ഇറക്കിയതിന് അന്നത്തെ എഞ്ചിനീയർക്കും ഉത്തരവാദിത്വമുണ്ടെന്നും പ്രസ്തുത എഞ്ചിനീയർ ആരായിരുന്നുവെന്നും ഇപ്പോൾ എവിടെയാണ് ജോലി ചെയ്യുന്നതെന്നും അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബി. ജയകുമാർ ആണ് തെക്കേ തൊട്ടിപ്പടി-മഞ്ഞൂറ റോഡ് പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചതും ബിൽ പരിശോധിച്ചതും എന്ന് തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി (25-1-2005-ലെ A-579/04/നമ്പർ കത്ത് പ്രകാരം) സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

182. പദ്ധതിവിഹിതത്തേക്കാൾ കൂടുതലായി ചെലവഴിച്ച 11,668 രൂപ തിരിച്ചുപിടിക്കുന്നതിന് ശ്രീ. സണ്ണി മാത്യുവിനെതിരെയുള്ള സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും അതോടൊപ്പം തന്നെ ആവശ്യത്തിൽ കവിഞ്ഞ് 109.33 $M^3$ കരിങ്കല്ല് 40,368 രൂപയ്ക്ക് ഇറക്കിയതിന്റെ ഉത്തരവാദിത്വം സെക്രട്ടറിക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും ആണെന്നതിനാൽ പ്രസ്തുത തുക അന്നത്തെ സെക്രട്ടറി ശ്രീ.സണ്ണി മാത്യൂവിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. ബി. ജയകുമാറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## നെന്മേനി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകിയത് എഗ്രിമെന്റ് വച്ചതിൽ മുദ്രപത്ര മൂല്യം കുറവ്

പഞ്ചായത്തിന്റേ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 27 മുറികൾ 1996–97 വർഷം വാടകയ്ക്ക് കൊടുത്തതിൽ എഗ്രിമെന്റ് വച്ചതിൽ മുദ്രപ്പത്രത്തിന്റെ മൂല്യം കുറവു കാണുന്നു. ആകെ വാർഷിക വിലയുടെ 5%വും ആയതിന്റെ 4% സർചാർജ്ജ് ഇനത്തിലും വേണ്ടിയിരുന്നു എങ്കിലും മുദ്രപ്പത്ര വില ഇനത്തിൽ 3,577.20 രൂപയും സർചാർജ്ജ് ഇനത്തിൽ 144.80 രൂപയും അടക്കം 3,722 രൂപയുടെ നഷ്ടം സംസ്ഥാന ഫണ്ടിന് വന്നിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000–01, ഖണ്ഡിക IV-108(a)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി

183. "28 പേർ എഗ്രിമെന്റ് വച്ചതിൽ കെ. ഗോപാലകൃഷ്ണൻ, ചിരാൻ എന്നയാൾ 42 രൂപ അടച്ചിട്ടുണ്ട്. ബാക്കിയുള്ളവരിൽ നിന്നും ഈടാക്കുന്നതിന് നോട്ടീസ് നൽകിയ തടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്."

(നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7–1–2005–ലെ A4-22/05/നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

184. മുദ്രപത്രവില സർചാർജ്ജിനങ്ങളിലുള്ള 3722 രൂപയിൽ 589 രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും ബാക്കി തുക ഈടാക്കുന്നതിനായി ബന്ധപ്പെട്ട കമ്മിറ്റികൾക്ക് നോട്ടീസ് നൽകിയിരിക്കുകയാണെന്നുമാണ് 13–1–2005–ലെ തെളിവെടുപ്പുവേളയിൽ നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചത്.

185. 19–1–2006–ലെ നെന്മേനി ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശനവേളയിലും സമിതി ഈ പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ, പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ, പഞ്ചായത്ത് സെക്രട്ടറിയോടും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടും ആരായുകയുണ്ടായി. മുദ്രപത്ര വിലയിൽ കുറവ് വന്ന 3722 രൂപയിൽ 589 രൂപ മാത്രമേ അടച്ചിട്ടുള്ളൂവെന്നും ബാക്കി തുക ഈടാക്കാൻ നടപടി സ്വീകരിക്കാമെന്നും നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. യു. പ്രേമൻ 13–1–2005–ലെ തെളിവെടുപ്പുവേളയിൽ സമിതിക്ക് നൽകിയ ഉറപ്പു പാലിച്ചിട്ടില്ലെന്നും ബോധ്യമായി. എന്നു മാത്രമല്ല സമിതിയുടെ 19–1–2006–ലെ സന്ദർശനവേളയിൽ ശ്രീ. പ്രേമൻ പഞ്ചായത്ത് ഓഫീസിൽ ഹാജരായതുമില്ല. സമിതി സന്ദർശന വേളയിൽ പഞ്ചായത്ത് ഓഫീസിൽ ഹാജരായി ആവശ്യമായ വിവരങ്ങൾ നൽകാതിരുന്ന ശ്രീ. റ്റി. യു. പ്രേമന്റെ നടപടി വളരെ ഗൗരവമായി വീക്ഷിക്കുന്നു എന്ന് സമിതി അഭിപ്രായപ്പെട്ടു.

നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

186. മുദ്രപത്ര വിലയിൽ കുറവ് വന്നിട്ടുള്ള 3722 രൂപയിൽ 589 രൂപ മാത്രം ഈടാക്കിയിട്ടുള്ള സാഹചര്യത്തിൽ ബാക്കി തുകയായ 3133 രൂപ കൂടി ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

മണൽലേലം-എഗ്രിമെന്റ് വച്ചതിൽ മുദ്രപത്രമൂല്യം കുറഞ്ഞതു സംബന്ധിച്ച്

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പത്ത് കടവുകളിലെ മണൽ വാരുന്നതിന് ലേലം ഏറ്റവർ പഞ്ചായത്തുമായി വച്ച എഗ്രിമെന്റ് മതിയായ വിലയ്ക്കുള്ള മുദ്രപത്രത്തിലായിരുന്നില്ല. മൊത്ത ലേലത്തുകയുടെ 5% വും ആയതിന്റെ 4% സർചാർജ്ജും കൂടിയുള്ള തുകയ്ക്ക് സമാനമായ മുദ്രപത്രം വേണ്ടിയിരുന്നു എങ്കിലും വിവരിച്ചതിലും കുറഞ്ഞ തുകയ്ക്കുള്ള മുദ്രപത്രത്തിലാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഈ ഇനത്തിൽ 2,453 രൂപയുടെ നഷ്ടം സംസ്ഥാന ഫണ്ടിന് ഉണ്ടായിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക IV-108(b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി :—

187. " 10 പേർക്ക് നോട്ടീസ് അയച്ച് നിയമാനുസരണം തുക ഈടാക്കുന്നതിന് നടപടി തുടർന്നു വരുന്നു."

(നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7-1-2005-ലെ A4-22/05/നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

188. മണൽ ലേലത്തിനുള്ള എഗ്രിമെന്റ് വച്ചതിൽ മുദ്രപത്രത്തിന്റെ മൂല്യം കുറഞ്ഞ ഇനത്തിലുള്ള 2,453 രൂപയുടെ നഷ്ടം ഈടാക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് കൊടുത്തിരിക്കുകയാണെന്ന് 13-1-2005-ലെ തെളിവെടുപ്പു വേളയിൽ നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

189. 19-1-2006-ലെ ഗ്രാമപഞ്ചായത്ത് സന്ദർശന വേളയിലും സമിതി പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തി. തെളിവെടുപ്പു വേളയിൽ നൽകിയതിൽ നിന്ന് വ്യത്യസ്തമായ എന്തെങ്കിലും വിവരങ്ങൾ നൽകാൻ ഗ്രാമ പഞ്ചായത്തധികൃതർക്ക് കഴിഞ്ഞില്ല.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

190. മണൽ ലേലത്തിനുള്ള എഗ്രിമെന്റ് വച്ചതിൽ മുദ്രപത്ര വിലയിലെ കുറവുമൂലമുണ്ടായ 2453 രൂപയുടെ നഷ്ടം ഈടാക്കുന്നതിനായി 10 പേർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും നിയമാനുസരണം തുക ഈടാക്കുന്നതിന് നടപടി തുടർന്നു വരുന്നുവെന്നും അറിയിച്ച് ഒരു വർഷത്തിലധികമായിട്ടും തുക ഈടാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ യഥാർത്ഥ വിലയേക്കാൾ കുറഞ്ഞവിലയ്ക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്പിച്ച അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

അഡ്വാൻസ് വാങ്ങിയതിനുശേഷം പണി പൂർത്തിയാക്കിയിട്ടില്ല

നെന്മേനി ഗ്രാമപഞ്ചായത്തിൽ 1997-98 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഏതാനും പദ്ധതികൾക്ക് മൊത്തം 4,69,000 രൂപ അഡ്വാൻസ് നൽകിയതായി കാണുന്നു. എന്നാൽ അഡ്വാൻസ് കൈപ്പറ്റി രണ്ടര വർഷം കഴിഞ്ഞിട്ടും പണി

പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഈ തുക 18% പലിശ സഹിതം ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക IV-109]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തിന്റെ മറുപടി:—

191. "മേൽ ഖണ്ഡിക പ്രകാരം തടസ്സം ചെയ്ത പ്രവർത്തികളിൽ പാലാക്കുനി കിണർ നിർമ്മാണത്തിന് കൊടുത്ത അഡ്വാൻസ് 40,000 രൂപയും അമ്പു കുത്തി മിനി ശുദ്ധജല വിതരണ പദ്ധതിക്കു നൽകിയ 76,000 ഉറുപ്പികയും മാളിക സ്കൂൾ മിനി ശുദ്ധ ജല വിതരണ പദ്ധതിക്ക് നൽകിയ 55,000 ഉറുപ്പികയും ഫൈനൽബില്ലിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

192. ആനപ്പാറ ചെക്ക് ഡാം പ്രവർത്തിക്ക് നൽകിയ 12,000 ക. ഗോവിന്ദമൂല ചിറ റിപ്പയർ പ്രവർത്തിക്ക് നൽകിയ 108000 കയും മാങ്ങാച്ചാൽ വയൽകുളം നിർമ്മാണത്തിനു നൽകിയ 50,000 ക.വണ്ണാത്തിപ്പാറ ചെക്ക് ഡാം നിർമ്മാണത്തിനു നൽകിയ 20,000. ഉറുപ്പികയും പ്രവർത്തി പൂർത്തീകരിച്ച സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറായി വരുന്ന മുറയ്ക്ക് ഫൈനൽ ബില്ലിൽ നിന്നും സെക്രട്ടറി അഡ്വാൻസ് തുക ഈടാക്കുന്നതാണ്."

(നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി യുടെ 7-1-2005-ലെ A4-22//05/നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

193. നെന്മേനി ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് അഡ്വാൻസ് വാങ്ങിയിട്ടും പണി പൂർത്തിയാക്കാത്ത പദ്ധതികളുടെ പുരോഗതി 13-1-2005-ലെ സമിതി യോഗം സെക്രട്ടറിയോട് ആരായുകയുണ്ടായി.

194. ആകെയുള്ള 7 വർക്കുകളിൽ 3 എണ്ണം ഒഴിച്ച് ബാക്കിയെല്ലാം പൂർത്തീകരിച്ചുവെന്നും ആനപ്പാറ ചെക്ക് ഡാം നിർമ്മാണത്തിന്റേയും പാലാക്കുനി കിണർ നിർമ്മാണത്തിന്റേയും വാലുവേഷൻ എടുക്കുന്നതിന് എ.ഇ.യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഗോവിന്ദമൂല ചിറ റിപ്പയർ പ്രവൃത്തി സംബന്ധിച്ച ആഡിറ്റ് തടസ്സത്തിന്മേൽ ആർ.ആർ.നടപടി സ്വീകരിച്ചിരിക്കുകയാണെന്നും അതിന്മേൽ കളക്ടർ കൂടുതൽ വിശദീകരണം ആരാഞ്ഞു കൊണ്ട് മടക്കി അയച്ചിരിക്കുകയാണെന്നും എ.ഇ.യുടെ വാലുവേഷൻ കിട്ടാത്തതു കൊണ്ടാണ് ബിൽ അഡ്ജസ്റ്റ് ചെയ്യാത്തതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

195. പാലാക്കുനി കിണറിന്റെ പണി പൂർത്തിയായിട്ടുണ്ടെന്നും ബിൽ തയ്യാറായിട്ടില്ലെന്നും, 55,000 രൂപ അഡ്വാൻസായി നൽകിയിട്ടുള്ള മാളിക സകൂൾ മിനി ശുദ്ധജല വിതരണ പദ്ധതി പൂർത്തിയായിട്ടുണ്ടെന്നും മാങ്ങാചാൽ, വയൽകുളം നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും 74,501 രൂപയുടെ ബിൽ വന്നിട്ടുള്ള ഈ പദ്ധതിക്ക് 50,000 രൂപയാണ് അഡ്വാൻസ് നൽകിയിരുന്നതെന്നും മണ്ണാത്തിപ്പാടം ചെക്ക് ഡാം നിർമ്മാണത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന് അനുകൂല വിധിയുണ്ടായിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

196. 19-1-2006-ന് നെന്മേനി ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിച്ച സമിതി, മാളിക സ്കൂൾ മിനി ശുദ്ധജല വിതരണ പദ്ധതി സ്കൂളിൽ പോയി പരിശോധിക്കുകയുണ്ടായി. സ്കൂളിൽ ശുദ്ധജല വിതരണത്തിനായി നിർമ്മിച്ച കിണറും പമ്പ് ഹൗസും മറ്റും നല്ല നിലയിൽ നിർമ്മിച്ചിരിക്കുന്നതും സ്കൂളിൽ ശുദ്ധജല വിതരണം വളരെ കാര്യക്ഷമമായി നടത്താൻ കഴിയുന്നതിലും പഞ്ചായത്ത് അധികാരികൾ പ്രശംസ അർഹിക്കുന്നു.

197. എസ്റ്റിമേറ്റ് പ്രകാരം വർക്ക് പൂർത്തിയാക്കുകയും 81,296 രൂപയുടെ വാലുവെഷൻ നടത്തിയിട്ടുള്ളതുമായ മാളിക സ്കൂൾ കിണർ നിർമ്മാണത്തിന് 55,000 രൂപ മാത്രമേ നൽകിയിട്ടുള്ളൂവെന്നതിനാലും, 26,000 രൂപ പി.റ്റി.എ.. മുടക്കിയിട്ടുള്ളതായും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പി.റ്റി.എ.. ചെലവാക്കിയിട്ടുള്ള 26,000 രൂപ പി.റ്റി.എ. കൺവീനർക്ക് നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

198. 4,69,000 രൂപ അഡ്വാൻസായി നൽകിയ വിവിധ വർക്കുകളിൽ ഇനിയും പണി പൂർത്തിയാക്കിയിട്ടില്ലാത്ത വർക്കുകൾ പൂർത്തിയാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന 19-1-2006-ലെ ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശന വേളയിലെ സമിതിയുടെ ചോദ്യത്തിന് പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച എഞ്ചിനീയർമാർ സ്ഥലത്തില്ലാത്തതുകൊണ്ട് ബിൽ തയ്യാറാക്കി ലഭിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടെന്നും ബിൽ തയ്യാറാക്കി നൽകാൻ എഞ്ചിനീയർമാരോട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ ആർ.ആർ. നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിരിക്കുകയാണെന്നും നെന്മേനി ഗ്രാമപഞ്ചായത്തിലെ യു.ഡി.ക്ലാർക്ക് ശ്രീ.മത്തായി സമിതിയെ ധരിപ്പിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

199. അഡ്വാൻസ് വാങ്ങിയിട്ടും പണി പൂർത്തിയാക്കാത്ത എല്ലാ വർക്കുകളുടെയും പണി ഉടനെ പൂർത്തിയാക്കി ബിൽ തയ്യാറാക്കി വാലുവേഷൻ നടത്തിയെടുക്കുന്നതിന് ബന്ധപ്പെട്ട എഞ്ചിനീയർമാരോട് ഗ്രാമപഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെടണമെന്നും അതിന് എഞ്ചിനീയർമാർ തയ്യാറാകുന്നില്ലെങ്കിൽ അഡ്വാൻസ് തുക കൈപ്പറ്റിയവരിൽ നിന്ന് പ്രസ്തുത തുക നിയമാനുസൃത പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## മീനങ്ങാടി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

മീനങ്ങാടി ഗ്രാമപഞ്ചായത്ത് ടാറിന്റെ വില ഈടാക്കാത്തതിൽ വന്ന നഷ്ടം

മൈലംബാടി-പൂത്തപുളക്കടവ് റോഡ് ടാർ ചെയ്തതിന്റെ ഫൈനൽ ബിൽ പ്രകാരം ആകെ മൂല്യം 1,10,202 രൂപയാണ്. ഇതിൽ നിന്നും പ്രവൃത്തിക്ക് ആവശ്യമായ 15 ബാരൽ ടാറിന്റെ വിലയായ 21,617 രൂപ കുറച്ച് കമ്മിറ്റിക്ക് നൽകാവുന്ന തുകയായ 88,585 രൂപയ്ക്ക് പകരം 1,02,977 രൂപ നൽകിയതായി കാണുന്നു. ഈ ഇനത്തിൽ അധികം നൽകിയ 14,392 രൂപ ആഡിറ്റിൽ അനുവദനീയമല്ലാത്ത ചിലവുകളിൽപെടുന്നു.

(ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക IV 110)

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

200. റോഡ് നിർമ്മാണകമ്മിറ്റി സെക്രട്ടറി ശ്രീ. ടി.എം. മുഹമ്മത് എന്ന ആൾക്ക് തുക തിരിച്ചടക്കുന്നതിന് 23-10-2001-ന് നോട്ടീസ് നൽകിയിരുന്നു. ടിയാനിൽ നിന്നും യാതൊരു മറുപടിയും ലഭിക്കാതിരുന്ന സാഹചര്യത്തിൽ ഒരു നോട്ടീസ്കൂടി നൽകിയിട്ടുണ്ട്. തുക തിരിച്ചടക്കാത്തപക്ഷം റവന്യൂ റിക്കവറിക്ക് നടപടി സ്വീകരിക്കുന്നതാണ്.

(മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-1-2004-ലെ കത്ത് പ്രകാരം ലഭിച്ചത്)

201. ടാറിന്റെ വില ഈടാക്കാതെ 14,392 രൂപ അധികം നൽകിയത് എന്തുകൊണ്ടാണെന്ന് 13-1-2005-ലെ തെളിവെടുപ്പുവേളയിൽ സമിതി മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുകയുണ്ടായി.

202. ഗുണഭോക്തൃകമ്മിറ്റി എഗ്രിമെന്റ് വച്ചയുടൻ 25000 രൂപയും പിന്നീട് ഒന്നിലധികം തവണകളായി ആകെ 1,02,977 രൂപ വാങ്ങിക്കഴിഞ്ഞുവെന്നും ഇതിനിടയിൽ ടാറിന്റെ വിലയായ 21617 രൂപ ഫൈനൽ ബില്ലിൽ നിന്ന് ഈടാക്കാൻ ബാക്കിയില്ലാതിരുന്നതിനാൽ കഴിഞ്ഞില്ലെന്നും മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. വർക്കിന്റെ മൊത്തം മൂല്യത്തേക്കാൾ കൂടിയതുക മുൻകൂർആയി നൽകിയതിനുത്തരവാദി ആരാണെന്ന സമിതിയുടെ ചോദ്യത്തിന് അന്നത്തെ സെക്രട്ടറി ശ്രീ. റ്റി. ഗോപാലൻ ആയിരുന്നുവെന്നും അദ്ദേഹം 30-1-2004-ന് റിട്ടയർ ചെയ്തുവെന്നും എൻ.എൽ.സി. നൽകിയിട്ടില്ലെന്നും അധികം നൽകിയ തുക ഗ്രാറ്റുവിറ്റിയിൽ നിന്ന് പിടിക്കാമെന്നും സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. ശ്രീ. ടി. ഗോപാലൻ വയനാട് ജില്ലാ പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് സൂപ്പർവൈസറായി 30-9-2004 ന് വിരമിച്ചപ്പോൾ സർക്കാർതലത്തിൽ അച്ചടക്ക നടപടികൾ നിലനിന്നിരുന്നതിനാൽ പ്രൊവിഷണൽ പെൻഷൻ മാത്രമേ അനുവദിച്ചിരുന്നുള്ളുവെന്നും പെൻഷൻ കമ്മ്യൂട്ടേഷൻ ഡി.സി.ആർ.ജി. എന്നിവ നൽകിയിട്ടില്ലെന്നും ശ്രീ. ഗോപാലൻ 11-2-2006-ന് മരണപ്പെട്ടുവെന്നും ഈ സാഹചര്യത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടികളും സർചാർജ്ജ് നടപടികളും നിലനിൽക്കുന്നതല്ലെന്നും പഞ്ചായത്ത് ഡയറക്ടർ 25-3-2006-ലെ എച്ച്3/548/06 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

203. മൈലംബാടി-പൂത്തപുളക്കാവ് റോഡ് ടാർചെയ്യൽ പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ച അവസരത്തിൽ ഗുണഭോക്തൃ കമ്മിറ്റി 25000 രൂപയാണ് അഡ്വാൻസായി നൽകിയത് ബാക്കി തുക ഒന്നിലധികം തവണയായിട്ടാണ് നൽകിയത് എന്നതിനാൽ ടാറിന്റെ വില കുറയ്ക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ബിൽ പാസ്സാക്കി കൊടുത്ത സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചതന്നെയാണ്. ആയതിനാൽ അന്നത്തെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. ഗോപാലനിൽ നിന്ന് തന്നെയായിരുന്ന പ്രസ്തുത തുക തിരിച്ചുപിടിക്കേണ്ടിയിരുന്നത്. ശ്രീ. റ്റി. ഗോപാലനിൽനിന്ന് തുക ഈടാക്കുന്നതാണെന്ന് 13-1-2005-ലെ തെളിവെടുപ്പ് വേളയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു നൽകിയിരുന്നതുമാണ്. എന്നാൽ 11-2-2006-ന് ശ്രീ. ഗോപാലൻ മരണപ്പെടുന്നതുവരെ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചില്ല. 11-2-2006-ന് ശ്രീ. ഗോപാലൻ മരണമടഞ്ഞിട്ടുള്ള സാഹചര്യത്തിലും അദ്ദേഹത്തിന് ഡി.സി.ആർ.ജി.യും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടില്ലാത്ത സാഹചര്യത്തിലും പരാമർശവിധേയമായ 14,392 രൂപ ശ്രീ.ഗോപാലന്റെ ഡി.സി.ആർ.ജിയിൽ നിന്ന് ഈടാക്കാൻ

കഴിയുമോ എന്ന കാര്യം പഞ്ചായത്ത് ഡയറക്ടർ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## മൂട്ടിൽ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

കുരുമുളക് പുനരുദ്ധാരണ പദ്ധതി

ശാസ്ത്രീയമായി കുരുമുളകുല്പാദനം വർദ്ധിപ്പിക്കുവാനും രോഗബാധ തടയുവാനും ലക്ഷ്യമിട്ട് മൂട്ടിൽ കൃഷിഭവൻ മുഖാന്തിരം നടപ്പാക്കിയ പദ്ധതിക്ക് 5 വർഷത്തേയ്ക്കായി പദ്ധതി വിഹിതം 4 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതം 6 ലക്ഷം രൂപയും അടക്കം 10 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നു.

ഒന്നാം വർഷം 40 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താനും തുടർന്നുള്ള വർഷങ്ങളിൽ ശാസ്ത്രീയപരിചരണം നടത്തി ദ്രുതവാട്ട രോഗം നിയന്ത്രിച്ച് ഉൽപ്പാദനം കൂട്ടാനുമായിരുന്നു പ്രോജക്ട് . എന്നാൽ ആദ്യംതന്നെ 200 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തി 5 വർഷത്തേയ്ക്കു വകയിരുത്തിയ 4 ലക്ഷം രൂപയും ചെലവഴിക്കുകയാണ് ചെയ്തത്. തുടർച്ചയായി 5 വർഷം നടക്കേണ്ട ശാസ്ത്രീയ പരിചരണം ലഭിയ്ക്കാതെ പോയതിനാൽ പദ്ധതി പൂർണ്ണമായും വിജയിച്ചില്ല. അംഗീകൃത നഴ്സറികളിലും ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കാനാണ് പ്രോജക്ട് വിഭാവനം ചെയ്തതെങ്കിലും പ്രാദേശികമായി വിവിധ വ്യക്തികളിൽ നിന്നും വള്ളികൾ വാങ്ങുകയാണുണ്ടായത്. ഇതിൽ നിന്നും ഗുണമേന്മയുടെ ലക്ഷ്യ സാക്ഷാത്ക്കാരവും സംശയകരമായിതീരുന്നു. ആദ്യവർഷം പദ്ധതി വിഹിതം മുഴുവൻ ചെലവഴിച്ചതിനാൽ തുടർവർഷങ്ങളിൽ പദ്ധതി മുന്നോട്ടുകൊണ്ടുപോയിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001-ലെ ഖണ്ഡിക IV-III]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

204. "ഓഡിറ്റ് പരാമർശം സംബന്ധിച്ച് മൂട്ടിൽ കൃഷി ഓഫീസർ നൽകിയ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു."

മുട്ടിൽ കൃഷി ഓഫീസറുടെ സ്റ്റേറ്റ്മെന്റ്

205. 1997-98 വർഷത്തിൽ ഓഡിറ്റ് ഖണ്ഡിക 35 പ്രകാരം ജനകീയാസൂത്രണം കുരുമുളക് പുനരുദ്ധാരണ പദ്ധതിയിലെ നടത്തിപ്പ് സംബന്ധിച്ച് തടസ്സം പരിഹരിക്കുന്നതിനുള്ള വിശദീകരണം നൽകുന്നു.

206. 1997-98 വർഷത്തിൽ കുരുമുളക് പുനരുദ്ധാരണ പദ്ധതി— നടപ്പിലാക്കുന്നതിനായി 40 ഹെക്ടർ സ്ഥലം വകയിരുത്തിയിരുന്നെങ്കിലും അപേക്ഷകരുടെ എണ്ണം കൂടിയതിനാൽ പ്രസ്തുത വർഷംതന്നെ 100 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതി നായി 13-3-1998 ൽ SL.No 10 പ്രകാരം 1,39,200 രൂപയും 24-3-1998-ൽ SL No. 19 പ്രകാരം 2,58,800 രൂപയും

23-6-1998-ൽ SL No. 146പ്രകാരം 2000 രൂപയും ചേർത്ത് 4 ലക്ഷം രൂപയാണ് 1-ാം വർഷം മൂട്ടിൽ ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകിയത്. ആയതു പ്രകാരം 100 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. 2, 3 വർഷങ്ങളിൽ സംസ്ഥാനാ വിഷ്ക്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

207. അംഗീകൃത ഫാമുകളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും 100 ഹെക്ടർ പുനരുദ്ധാരണം നടപ്പിലാക്കുന്നതിന് ആവശ്യമായ വള്ളിത്തല ലഭ്യമല്ലാതിരുന്നതിനാൽ ഗുണമേന്മയുള്ള വള്ളിത്തല പുരോഗമന കർഷകരിൽ നിന്നും വാങ്ങിയാണ് പദ്ധതി നടപ്പിലാക്കിയത്.

208. ശാസ്ത്രീയമായ മണ്ണു പരിശോധന സമയാസമയങ്ങളിൽ നടത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യത്തിൽ നിർദ്ദേശിച്ച പ്രകാരം ശാസ്ത്രീയ വിള പരിപാലനത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി സെമിനാർ നടത്തുകയും ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിനുവിധേയമായി 2000 രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രസ്താവിച്ച വിഷയങ്ങൾ കണക്കിലെടുത്ത് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)
കൃഷി ഓഫീസർ
കൃഷി ഭവൻ, മൂട്ടിൽ

(മൂട്ടിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7-1-2005-ലെ A1-6/04 പ്രകാരം ലഭിച്ചത്.)

209. 5 വർഷം കൊണ്ട് 4 ലക്ഷം രൂപ ചെലവാക്കുന്നതിന് 200 ഹെക്ടർ സ്ഥലത്ത് കുരുമുളകു കൃഷി നടപ്പാക്കുന്നതിനുമായി വിഭാവനം ചെയ്തിരുന്ന പദ്ധതി ആദ്യവർഷം തന്നെ പൂർത്തിയാക്കി മുഴുവൻ തുകയും ഒറ്റത്തവണയായി ചെലവഴിച്ചത് എന്തുകൊണ്ടാണെന്ന് 13-1-2005-ലെ തെളിവെടുപ്പു വേളയിൽ സമിതി ആരായുകയുണ്ടായി.

210. ആദ്യം തയ്യാറാക്കിയ പ്രോജക്ട് മാറ്റി കൊടുത്തിരുന്നുവെന്നും എന്നാൽ അത് ആഡിറ്റിൽ ഹാജരാക്കാൻ കഴിയില്ലെന്നും പഞ്ചായത്തിന്റെ അനുമതി യോടെയാണ് ഇത് ചെയ്തതെന്നും മുട്ടിൽ കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് സമിതിയെ അറിയിച്ചു. മാറ്റിയ പ്രോജക്ടിന് ബി.എൽ.ഇ.സി.യുടെയോ ഡി.പി.സി.യുടേയോ അംഗീകാരമുണ്ടായിരുന്നോയെന്ന സമിതിയുടെ ചോദ്യത്തിന് ഇതു സംബന്ധമായ രേഖകൾ കാണാനില്ലെന്ന് മുട്ടിൽ പഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) സമിതിയെ അറിയിച്ചു.

211. കാർഷിക സർവ്വകലാശാലയുടെ നഴ്സറിയിലും മറ്റ് അംഗീകൃത നഴ്സറികളിലും ആവശ്യത്തിന് കുരുമുളകു വള്ളി ലഭ്യമായിരിക്കെ സ്വകാര്യവ്യക്തികളിൽ നിന്ന് വള്ളിവാങ്ങിയതെന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് സ്വകാര്യ വ്യക്തികളിൽ നിന്ന് വാങ്ങിയിട്ടില്ലെന്നും കർഷകരിൽ

നിന്നുതന്നെ ഗുണമേന്മയുള്ള വള്ളികൾ വാങ്ങുകയായിരുന്നു വെന്നും കുരുമുളക് വള്ളികൾക്ക് പുറമെ വേപ്പിൻ പിണ്ണാക്ക്, കുമ്മായം മുതലായവയും വാങ്ങിയിട്ടുണ്ടെന്നും അതിന്റെയെല്ലാ ബില്ലുകളുണ്ടെന്നും കൃഷി അസിസ്റ്റന്റ് സമിതിയെ അറിയിച്ചു.

212. 5 വർഷം കൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതി ഒറ്റവർഷംകൊണ്ട് തിടുക്കത്തിൽ ചെയ്തത് ന്യായമായും സംശയങ്ങൾക്കിടയാക്കുന്നുണ്ടെന്നും ആയതിനാൽ ഇതു സംബന്ധമായ മുഴുവൻ ഫയലുകളും സമിതിയുടെ പരിശോധനയ്ക്ക് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു.

213. സമിതി നിർദ്ദേശപ്രകാരം കുരുമുളക് പുനരുദ്ധാരണ പ്രോജക്ട് ഫയലും കുമ്മായം മുതലായ ഉൽപ്പാദന ഉപാധികൾ വാർഡ്തല വികസന സമിതി മുഖേന വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റും കർഷകർക്ക് തുക വിതരണം ചെയ്തതിന്റെയും വൗച്ചറുകളും സമിതിയുടെ പരിശോധനയ്ക്ക് സമർപ്പി ച്ചിരുന്നു. പ്രോജക്ട് ഫയലും വൗച്ചറുകളും പരിശോധിച്ചതിൽ കുരുമുളക് പുനരുദ്ധാരണ പദ്ധതിക്കായി നീക്കിവച്ചതുകയും ഉൽപ്പാദനോപാധികളും കർഷകർക്ക് വിതരണം ചെയ്തതായും ആയത് വാർഡ്തല മോണിറ്ററിംഗ് കമ്മിറ്റികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും കാണാൻ കഴിയുന്നുണ്ട്. എന്നാൽ 5 വർഷത്തേക്കുമായി വകയിരുത്തിയതുക ആദ്യവർഷംതന്നെ ചെലവഴിക്കാനുണ്ടായ സാഹചര്യം ഫയലിൽ രേഖപ്പെടുത്തിയതായി കാണാൻ കഴിഞ്ഞിട്ടില്ല..

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

214. 5 വർഷംകൊണ്ട് പൂർത്തിയാക്കേണ്ട കുരുമുളക് പുനരുദ്ധാരണ പദ്ധതി ഒറ്റവർഷംകൊണ്ട് പൂർത്തിയാക്കുകയാണുണ്ടായത്. എന്നിരുന്നാലും , ഉൽപ്പാദന ഉപാധികളും ധനസഹായതുകയും കർഷകർക്ക് വിതരണം ചെയ്തതിന്റെ വൗച്ചറുകളും സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട വാർഡ്തല മോണിറ്ററിംഗ് കമ്മിറ്റികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രോജക്ട് ഫയലും വൗച്ചറുകളും വയനാട് ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പുന: പരിശോധന നടത്തി പരാമർശം ഒഴിവാക്കാൻ കഴിയുമോയെന്ന കാര്യം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## കണിയാംബറ്റ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

നെല്ലിയാംബം ആയുർവേദ ആശുപത്രി കിണർ നിർമ്മാണം-പ്രസിഡന്റിന്റെ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ചത്.

1996-97 വർഷത്തെ ഉപാധിരഹിത ഫണ്ടുപയോഗിച്ച് 1997-98 വർഷത്തിൽ നടപ്പിലാക്കിയ മേൽ പ്രവൃത്തിക്ക് 51,398 രൂപ ചെലവഴിച്ചു. മേൽ പ്രവൃത്തി സംബന്ധിച്ച മൂല്യനിർണ്ണയം അധികമാണെന്നും പുനർമൂല്യനിർണ്ണയം നടത്തണ മെന്നുമുള്ള പ്രസിഡന്റിന്റെ നിർദ്ദേശം പാലിക്കാതെ ചെലവഴിച്ച 10,755 രൂപ ആഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002-ലെ

ഖണ്ഡിക V-12(2(i)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

215. "ബന്ധപ്പെട്ട സെക്രട്ടറിക്ക് വിവരം നൽകി. പ്രസിഡന്റ് പിന്നീട് ഒപ്പിട്ടുകൊള്ളാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ചെക്ക് നൽകിയതെന്ന് വിശദീകരണം തന്നിട്ടുണ്ട്. (എം.അനന്തൻ)"

(കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31-12-2004-ലെ A3.1585/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

216. പുനർമൂല്യനിർണ്ണയം നടത്തണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിട്ടും അത് ചെയ്യാതെ പേയ്മെന്റ് നടത്തിയത് എന്തുകൊണ്ടാണെന്ന് സമിതി 13-1-2005-ലെ തെളിവെടുപ്പുവേളയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുകയുണ്ടായി.

217. അന്ന് ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. അനന്തനായിരുന്ന സെക്രട്ടറിയുടെ ചാർജ്ജെന്നും നെല്ലിയാംബം ആയുർവേദ ആശുപത്രി കിണർ നിർമ്മാണം ഉപാധിരഹിത ഫണ്ടിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയശേഷം വാല്യുവേഷൻ പ്രകാരമുള്ള ഫൈനൽ ബിൽ കൊടുത്തുവെന്നും പഞ്ചായത്ത് പ്രസിഡന്റിന്റെ അനുവാദത്തിനുള്ള വൗച്ചർ പിന്നീട് ഒപ്പിട്ടുകൊള്ളാമെന്ന് പറഞ്ഞത് പ്രകാരമാണ് സെക്ഷൻ ക്ലാർക്ക് ശ്രീമതി സി. സി. ഷേർളി (ഇപ്പോൾ കണ്ണൂർ ജില്ലയിലെ കോലാട് പഞ്ചായത്ത് ഹെഡ് ക്ലാർക്ക്) ചെക്കെഴുതി സംഖ്യ കൊടുത്തതെന്നുമാണ് ശ്രീ. അനന്തൻ നൽകിയിട്ടുള്ള വിശദീകരണമെന്ന് കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ശ്രീ. അനന്തൻ 2001-ൽ റിട്ടയർ ചെയ്തുവെന്നും ബോണ്ടുവച്ചാണ് എൻ.എൽ.സി. കൊടുത്തിരിക്കുന്നതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

218. ശ്രീ. അനന്തനിൽ നിന്ന് ഈ തുക ഈടാക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ പഞ്ചായത്ത് ഡയറക്ടർക്ക് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഫയൽ പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ടെന്ന് കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ ഫയൽ ലഭിച്ചിട്ടുണ്ടെന്നോ ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നോ പഞ്ചായത്ത് ഡയറക്ടറിൽ നിന്ന് നാളിതുവരെ വിവരമെന്നും ലഭിച്ചിട്ടില്ല.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

219. എസ്റ്റിമേറ്റ് അധികമാണെന്ന് പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായപ്പെട്ട സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട വൗച്ചർ അദ്ദേഹം പിന്നീട് ഒപ്പിടുമെന്ന് അനുമാനത്തിൽ ചെക്ക് നൽകിയ ജൂനിയർ സൂപ്രണ്ട് (സെക്രട്ടറി-ഇൻ- ചാർജ്ജ്) ശ്രീ. അനന്തന്റെ നടപടി യുക്തിസഹമായിരുന്നില്ല. പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുമെന്ന അനുമാനത്തിൽ പേയ്മെന്റ് നൽകുന്ന രീതി ശരിയല്ലെന്ന്തന്നെയാണ് സമിതിയുടെ അഭിപ്രായം ആയതിനാൽ പ്രസിഡന്റിന്റെ നിർദ്ദേശം പാലിക്കാതെ നൽകിയ 10,755 രൂപയുടെ പേയ്മെന്റ് അത് നടത്തിയ ശ്രീ. അനന്തനിൽ നിന്ന് അടിയന്തിരമായി തിരിച്ചു പിടിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി

സ്വീകരിക്കണമെന്നും സമിതി ഇക്കാര്യത്തിൽ റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചത് പഞ്ചായത്തിന് നഷ്ടം.

15-1-1998-ലെ ജി.ഒ.(പി) 11/98 എൽ.എ.ഡി. പ്രകാരം കക്കൂസ് നിർമ്മാണത്തിനുള്ള പരമാവധി ധനസഹായം 2,500 രൂപയാണെന്നിരിക്കെ, കണിയാംബറ്റ ഗ്രാമപഞ്ചായത്തിൽ 29 ഗുണഭോക്താക്കൾക്ക് ടി ആവശ്യത്തിനായി 500 രൂപവീതം അധികം നൽകുകയുണ്ടായി. ഈ ഇനത്തിൽ പദ്ധതിപ്പണത്തിൽ നിന്നും നൽകിയ 14,500 രൂപ ആഡിറ്റിൽ നിരാകരിക്കുന്നു.

(ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002-ലെ ഖണ്ഡിക V-12(2)(ii)

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

220. ബന്ധപ്പെട്ട സെക്രട്ടറിക്ക് വിവരം നൽകി. പട്ടികവർഗ്ഗക്കാർക്ക് കക്കൂസ് നിർമ്മാണത്തിന് ഡിപ്പാർട്ട്മെന്റ് തലത്തിൽ 3000 രൂപയാണ് നൽകിയിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് 3000 രൂപ നൽകിയിട്ടുള്ളതെന്ന് വിശദീകരണമറിയിച്ചു.

(കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31-12-2004-ലെ A3.1585/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

221. സർക്കാർ ഉത്തരവിൽ 2500 രൂപ മാത്രം കക്കൂസ് നിർമ്മാണത്തിന് അനുവദിക്കണമെന്ന് നിഷ്ക്കർഷിച്ചിരിക്കെ ഇത് മറികടന്ന് 3000 രൂപ വീതം നൽകിയതിന്റെ കാരണം സമിതി 13-1-2005-ലെ തെളിവെടുപ്പു വേളയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുകയുണ്ടായി. അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. രാമകൃഷ്ണൻ നൽകിയ വിശദീകരണത്തിലാണ് 3000 രൂപ വീതം നൽകാൻ ഉത്തരവുണ്ടെന്നു കാണിച്ചിട്ടുള്ളതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് 3000 രൂപ വീതം ൽകിയതിന് രസീത് ഉണ്ടോ എന്ന ചോദ്യത്തിന് ഗുണഭോക്താക്കളുടെ കമ്മിറ്റിക്കാണ് തുക നൽകിയതെന്നും ഫയൽ കൈവശമില്ലാത്തതുകൊണ്ട് ഗുണഭോക്തൃകമ്മിറ്റി കൺവീനർ ആരാണെന്നറിയില്ലെന്നും സെക്രട്ടറി മറുപടി നൽകി.

222. ശ്രീ. രാമകൃഷ്ണൻ ഇപ്പോൾ എവിടെയാണ് ജോലിചെയ്യുന്നതെന്ന് സമിതിയെ അറിയിക്കണമെന്നും അതോടൊപ്പം ഈ പരാമർശവുമായി ബന്ധപ്പെട്ട ഫയൽ പഞ്ചായത്ത് ഡയറക്ടറുടെ പരിശോധനയ്ക്ക് നൽകണ മെന്നും പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ശ്രീ. വി. എം. രാമകൃഷ്ണൻ ഇപ്പോൾ കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര പഞ്ചായത്തിലെ സ്പെഷ്യൽഗ്രേഡ് സെക്രട്ടറിയാണന്ന് കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17-1-2004-ലെ എ3.1585/04 നമ്പർ കത്ത് പ്രകാരം സമിതിയെ അറിയിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് ഡയറക്ടറിൽ നിന്ന് ഇക്കാര്യത്തിൽ നാളിതുവരെ റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

## നിഗമനങ്ങൾ /നിർദ്ദേശങ്ങൾ

223. 2500 രൂപ വീതം ധനസഹായം അനുവദിക്കണമെന്ന് സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിരിക്കേ അതിന് വിരുദ്ധമായി 3000 രൂപവീതം ധനസഹായം അനുവദിച്ച് 14,500 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാക്കിയിരിക്കുകയാണ്. ഈ നഷ്ടം അന്നത്തെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. എം. രാമകൃഷ്ണന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ റവന്യൂ റിക്കവറി നടപടിയിലൂടെയോ ഈടാക്കിയെടുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടി സംബന്ധമായി റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പവ്വർ ടില്ലർ നന്നാക്കുന്നതിനുള്ള ചെലവ് —അനുവദനീയമല്ലാത്തത്

ഗ്രാമപഞ്ചായത്തുകളിൽ പ്രാദേശിക നെല്ലുൽപ്പാദന സമിതികൾക്ക് സബ്സിഡി നിരക്കിൽ കൃഷിവകുപ്പിൽ നിന്നും (ബി ഫണ്ടുപയോഗിച്ച്) നൽകുന്ന പവ്വർ ടില്ലറുകളുടെ നടത്തിപ്പു ചെലവുകളും അറ്റകുറ്റപ്പണികൾ ക്കുള്ള ചെലവുകളും അതാതു നെല്ലുൽപ്പാദക സമിതികൾതന്നെ വഹിക്കണമെന്നിരിക്കെ കണിയാംബറ്റ ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തിൽ ഓണിവയൽ കോളനിയിലെ പവ്വർ ടില്ലറിന്റെ അറ്റകുറ്റപ്പണികൾ നടത്തിയതിന് 20,000 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും (ബി.ഫണ്ട്) കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയത് ആഡിറ്റിൽ അംഗീകരി ക്കുന്നില്ല. [ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02, ലെ ഖണ്ഡിക-2 V-12-2(iii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

224. ബന്ധപ്പെട്ട സെക്രട്ടറിയെ വിവരം അറിയിച്ചു. മൈനർ റിപ്പയർ സമിതിയും, മേജർ റിപ്പയർ പഞ്ചായത്തും വഹിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് തുക നൽകിയതെന്ന് വിശദീകരണം അറിയിച്ചു. (കണിയാംബറ്റ പഞ്ചായത്ത് സെക്രട്ടറിയുടെ 31-12-2004-ലെ A3 1585/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

225. പവ്വർ ടില്ലറിന്റെ അറ്റകുറ്റപണികൾക്കായി 20,000 രൂപ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയതിന് രസീതുണ്ടോയെന്നും ഈ തുക പഞ്ചായത്ത് ഫണ്ടിൽ നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു വോയെന്നും 13-1-2005-ലെ തെളിവെടുപ്പു വേളയിൽ സമിതി കണിയാമ്പാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുകയുണ്ടായി. രസീതും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഉണ്ടെന്ന് കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധമായ ഫയൽ സമിതിയുടെ പരിശോധനയ്ക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഫയലുകൾ ഹാജരാക്കിയിട്ടില്ല.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

226. പവ്വർ ടില്ലറിന്റെ അറ്റകുറ്റപണികൾക്കായി 20,000 രൂപ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടായിരുന്നുവോയെന്നും തുക നൽകിയതിന്റെ രസീതുണ്ടോയെന്നുമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചിട്ടും ഫയൽ ഹാജരാക്കാത്തതിനാൽ പഞ്ചായത്ത്

കമ്മിറ്റി തീരുമാന പ്രകാരമാണോ തുക നൽകിയതെന്ന് അറിയാൻ നിർവ്വാഹമില്ല. ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുക സ്വീകരിച്ചതിന്റെ രസീതും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പവർടില്ലർ അറ്റകുറ്റപ്പണികൾക്കായി 20,000 രൂപ നൽകിയത് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമല്ലെങ്കിൽ പ്രസ്തുത തുക നൽകിയതിനുത്തരവാദിയായ സെക്രട്ടറി ശ്രീ. വി. എം. രാമകൃഷ്ണനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ശമ്പളകുടിശ്ശിക അധികം നൽകിയത്—നഷ്ടം രൂപ 14,448

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ ഫുൾടൈംസ്വീപ്പർ ശ്രീ. പി. രവീന്ദ്രനാഥിന് ജിഒ.(പി)1/95 തീയതി 6-1-1995 പ്രകാരം 1-3-1992 മുതൽ ശമ്പളകുടിശ്ശിക നൽകേണ്ടതിനു പകരം 2-3-1988 മുതൽ ശമ്പളകുടിശ്ശിക അനുവദിച്ചതുമൂലം പഞ്ചായത്തിന് 14,448 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02-ലെ ഖണ്ഡിക 5-12(5) (1)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

227. "കണ്ടിജന്റ് ജീവനക്കാരനായിരുന്ന പി. എൻ. രവീന്ദ്രനാഥൻ എന്നവർക്ക് നൽകിയ ശമ്പളകുടിശ്ശിക തുക 14,448 രൂപ ഓഡിറ്റിൽ നിരാകരിച്ചിരിക്കുന്നതിനാൽ ടി തുക തിരികെ ഒടുക്കുന്നതിലേക്ക് പ്രസ്തുത കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. വി. വി. ശിശുപാലൻ എന്നവർക്ക് 29-4-2004-ലും ശ്രീ. പി. എൻ. രവീന്ദ്രനാഥൻ എന്നവർക്ക് 12-7-2004-ലും ഈ ഓഫീസിൽ നിന്നും കത്തുകൾ നൽകിയിട്ടുണ്ട്. ശ്രീ. പി. എൻ. രവീന്ദ്രനാഥൻ ടിയാന്റെ ഓഡിറ്റ് തടസ്സം സംബന്ധിച്ച് ബഹു. ഗവൺമെന്റിലേയ്ക്ക് അപ്പീൽ നൽകിയിട്ടുണ്ടെന്നും ആയതിന്റെ ഉത്തരവ് ഉണ്ടാകുന്നതുവരെ ഓഡിറ്റ് തടസ്സവാദത്തിന്റെ മേൽ നടപടി നിർത്തി വയ്ക്കണമെന്നും സൂചിപ്പിച്ച് ടിയാൻ ഇപ്പോൾ ജോലിചെയ്യുന്ന കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന 8-9-04 ലെ എ2-963/04 അപേക്ഷിച്ചിട്ടുണ്ട്."

(മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ എ1-1456/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

228. ശമ്പളകുടിശ്ശികയായി 14,448 രൂപ നൽകിയത് ക്രമവിരുദ്ധമല്ലേയെന്നും ഇതെങ്ങനെ സംഭവിച്ചുവെന്നുമുള്ള സമിതിയുടെ 13-1-2005-ലെ തെളിവെടുപ്പു വേളയിലെ ചോദ്യത്തിന് 1988 മുതലുള്ള ശമ്പളം ഫിക്സ്ചെയ്തുകൊടുത്തുവെന്നും അന്നുമുതൽ ശമ്പളനിർണ്ണയത്തിന് അർഹതയുണ്ടെങ്കിലും, എന്നാൽ 1-3-1992 മുതലേ കുടിശ്ശിക കൊടുക്കാൻ പാടുള്ളൂവെന്നും എന്നാൽ ഫിക്സ്ചെയ്ത തീയതിമുതലുള്ള കുടിശ്ശികയും നൽകുകയാണുണ്ടായതെന്നും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

229. ശമ്പളകുടിശ്ശികയായി അധികം നൽകിയ 14,448 രൂപ ശ്രീ. പി. രവീന്ദ്രനിൽ നിന്നും , തിരിച്ചുപിടിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പിരിച്ച പണത്തിന്റെ ദുരുപയോഗം

23-3-2001-ന് പിരിച്ച 1,45,613 രൂപയിൽ 1,40,208 രൂപ മാത്രമേ 24-3-2001-ന് പഞ്ചായത്ത് ഫണ്ടിലടച്ചിട്ടുള്ളു ബാക്കിയുള്ള 5405 രൂപ നാളിതുവരെ ഫണ്ടിലടച്ചിട്ടില്ല. ദുരുപയോഗപ്പെടുത്തിയ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02-ലെ ഖണ്ഡിക 5-12.5(ii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

230. "ഓഡിറ്റിൽ നിരാകരിച്ച തുക Rs. 465 ഒടുക്കുന്നതിലേയ്ക്ക് പ്രസ്തുത കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. കെ. എം. രവീന്ദ്രൻ എന്നിവർക്ക് ഈ ഓഫീസിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്." (മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ എ1-1456/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

231. പഞ്ചായത്ത് ഫണ്ടിലേക്ക് പിരിച്ച പണം അടയ്ക്കാതിരുന്ന സെക്രട്ടറി ശ്രീ. കെ. എൻ. രവീന്ദ്രനായിരുന്നുവെന്നും അദ്ദേഹം 31-7-2002-ൽ റിട്ടയർചെയ്തുവെന്നും അതിനുശേഷം സെക്രട്ടറിമാരായിരുന്ന എല്ലാവർക്കും കത്തുകൾ അയച്ചുവെന്നും എന്നാൽ തുക ഇതുവരെയും തിരിച്ചടച്ചിട്ടില്ലെന്നും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 13-1-2005-ലെ തെളിവെടുപ്പു വേളയിൽ സമിതിയെ അറിയിച്ചു.

232. 31-7-2002-ൽ ശ്രീ. രവീന്ദ്രനാഥൻ റിട്ടയർചെയ്തതിനെ തുടർന്നുള്ള മൂന്നു വർഷം കഴിയുന്നതുവരെയും യാതൊരു നടപടിയും സ്വീകരിക്കാതിരുന്ന മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പേരിൽ ബാദ്ധ്യത നിർണ്ണയിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ഡെപ്യൂട്ടി ഡയറകക്ടർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടില്ല.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

233. 31-7-2002-ൽ ശ്രീ. രവീന്ദ്രനാഥൻ റിട്ടയർചെയ്തതിനുശേഷമുള്ള മൂന്നു വർഷങ്ങളിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായിരുന്നവർ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിൽ നിന്ന് തിരിച്ചു പിടിക്കാനുള്ള 5,405 രൂപ ബാദ്ധ്യതയിൽപ്പെടുത്തി തിരിച്ചുപിടിക്കാമായിരുന്നു. അത് ചെയ്യാതിരുന്ന പിന്നീട് വന്ന സെക്രട്ടറിമാർക്കും ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറാനാവില്ല . ആയതിനാൽ പരാമർശകാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എം. രവീന്ദ്രനിൽ നിന്ന് തിരിച്ചുപിടിക്കുന്നതിന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പഞ്ചായത്തുപണം താൽക്കാലികമായി ദുരുപയോഗം ചെയ്തതു സംബന്ധിച്ച്

പഞ്ചായത്തുവക ട്രാക്ടറിന്റെ വാടക പിരിയുന്നത് യഥാസമയം പഞ്ചായത്തു ഫണ്ടിൽ അടയ്ക്കാതെ താൽക്കാലികമായി തിരിമറിനടത്തിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പിരിച്ചതിന്റെ വിവരം | തുക | അടച്ച തീയതി |
|---|---|---|
| 26-9-2000 മുതൽ 26-10-2000 വരെ (രസീത് നം.2/101 മുതൽ 135 വരെ) | 10,275 | 16-3-2001 |
| 27-10-2000 മുതൽ 3-2-2001 വരെ (രസീത് നം2/136 മുതൽ 200 വരെ) | 16,420 | 31-3-2001 |
| 3-7-2001 മുതൽ 24-7-2001 വരെ രസീത് നം.4/301 മുതൽ 388 വരെ) | 11,975 | 1-8-2001 |

പിരിച്ച തുക യഥാസമയം പഞ്ചായത്തു ഫണ്ടിൽ അടവാക്കാത്ത ഉദ്യോസ്ഥർക്കെതിരെ നടപടി ആവശ്യമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002-ലെ ഖണ്ഡിക 5-12.(5)(iii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

234. "ഓഡിറ്റ് പരാമർശം സംബന്ധിച്ച് പ്രസ്തുത കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നവർക്ക് കത്ത് നൽകിയിട്ടുണ്ട്."

(മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ എ1-1456/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

235. ട്രാക്ടർ വാടകയിനത്തിൽ പിരിച്ച തുക താൽക്കാലികമായി കൈവശം വച്ചുവെങ്കിലും പിന്നീട് മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചി ട്ടുണ്ടോയെന്ന് 13-1-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. മുഴുവൻ തുകയും തിരിച്ചടച്ചിട്ടുണ്ടെന്ന് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

236. പഞ്ചായത്ത് ഫണ്ടിലേയ്ക്ക് പിരിക്കുന്നതുക കഴിയുന്നതും അന്നേദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അങ്ങനെ ചെയ്യാതിരിക്കുന്നത് താൽക്കാലിക ധനാപഹരണമായി തന്നെ കണക്കാക്കണമെന്നും അപ്രകാരം ചെയ്തില്ലെങ്കിൽ നിയമാനുസൃത പലിശ ഈടാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ ട്രാക്ടർ വാടക ഇനത്തിൽ പിരിച്ച തുക താൽക്കാലികമായി ദുരുപയോഗം ചെയ്ത സെക്രട്ടറിമാർക്കെതിരെ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലുണ്ടായതുപോലെയുള്ള താൽക്കാലിക ധനാപഹരണങ്ങൾ ആവർത്തിക്കില്ലെന്നുറപ്പുവരുത്താൻ നടപടി സ്വികരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

മരാമത്തു പണികൾ-അധിക നിരക്കു നൽകൽ

ഉപയോഗിച്ച 8.892മെ.ടൺ ടാറിനു പകരം 12.10 മെ.ടൺ ടാറിന്റെ വില നൽകിയതുമൂലം അധിക ചെലവ് 31,926 രൂപ

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02-ലെ ഖണ്ഡിക 5-12 (8)(5)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

237. "ഓഡിറ്റിൽ നിരാകരിച്ച തുക 31,926 ഒടുക്കുന്നതിലേക്ക് പ്രസ്തുത കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. കെ. എം. രവീന്ദ്രൻ എന്നവർക്ക് ഈ ഓഫീസിൽ നിന്ന് കത്ത് നൽകിയിട്ടുണ്ട്."

(മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-1-2005-ലെ എ1-1456/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

238. ഓഡിറ്റിൽ നിരാകരിച്ച 31,926 രൂപ ഒടുക്കുന്നതിന് പ്രസ്തുത കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. കെ. എം. രവീന്ദ്രന് നോട്ടീസ് നൽകിയിട്ടുള്ള സാഹചര്യത്തിൽ അദ്ദേഹത്തിൽ നിന്ന് പ്രസ്തുത തുക തിരിച്ചു പിടിക്കുന്നത് ത്വരിതപ്പെടുത്താൻ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

## അമ്പലവയൽ ഗ്രാമപഞ്ചായത്ത്

ഉപാധിരഹിത ഫണ്ട്-കക്കൂസ് നിർമ്മാണത്തിന് തുക അധികം നൽകിയത്

15-1-1998-ലെ ജി.ഒ.(പി) 11/98/എൽ.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം കക്കൂസ് നിർമ്മാണത്തിന് പരാമവധി അനുവദിക്കാവുന്ന വ്യക്തിഗത ധനസഹായം 2,500 രൂപയായിരിക്കെ ഏഴ് ഗുണഭോക്താക്കൾക്കു നിയമവിരുദ്ധമായി 4,000 രൂപ വീതം നൽകിയതിനാൽ പഞ്ചായത്തിനുണ്ടായ 1500x7=10,500 രൂപയുടെ അധിക ചെലവ് ആഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02ലെ ഖണ്ഡിക 5-12 (6)(1)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

239. തുടർനടപടികളെ തുടർന്ന് വയനാട് എൽ.എഫ.എ.ഡി.ഡി.യുടെ 27-9-2003-ലെ എൽ.എഫ്.(ഡബ്ള്യു)പി1 596/01/നമ്പർ ഉത്തരവ് പ്രകാരം ആഡിറ്റ് തടസം ഒഴിവാക്കിയിട്ടുണ്ട്

(അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30-12-2004-ലെ എ1-1283/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

240. ഒരു കക്കൂസിന് 2500 രൂപവീതം മാത്രം ധനസഹായം നൽകാൻ സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ 4000 രൂപവീതം അനുവദിച്ച് നൽകിയത് എന്തുകൊണ്ടാണെന്നും ഇങ്ങനെ ഒരു പരാമർശം നടത്തിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് തന്നെ എന്തടിസ്ഥാനത്തിലാണ് പരാമർശം ഒഴിവാക്കിയതെന്നും സമിതി 13-1-2005-ലെ തെളിവെടുപ്പു വേളയിൽ ആരാഞ്ഞു. ജില്ലാകളക്ടർ പ്രോജക്ട് അംഗീകരിച്ച് നൽകിയത് പ്രകാരമാണ് തുക നൽകിയതെന്നും അധികം നൽകിയ തുകയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലെന്നും അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. പി. റ്റി. പത്മരാജൻ സമിതിയിൽ ബോധിപ്പിച്ചു.

## നിഗമനങ്ങൾ/ നിർദ്ദേശങ്ങൾ

241. കക്കൂസ് നിർമ്മാണത്തിന് വ്യക്തിഗത ധനസഹായമായി പരമാവധി 2500 രൂപ മാത്രമേ നൽകാവൂ എന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി 4000 രൂപ വീതം 7 പേർക്ക് നൽകിയതിലൂടെ 10,500 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് തന്നെ പരാമർശം ഒഴിവാക്കിയതെന്തുകൊണ്ടാണെന്ന് വിശദീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഒഴിവാക്കിയ പരാമർശമാണെങ്കിൽപോലും അധികധന സഹായമായി നൽകിയ 10500 രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലെന്ന് അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) സമിതി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക ബന്ധപ്പെട്ട സെക്രട്ടറിശ്രീ. റ്റി. ശ്രീനിവാസനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പള്ളവയൽ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട്-ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പദ്ധതിക്ക് പണം ചെലവഴിച്ചത്.

മേൽ പദ്ധതിയുടെ ഭാഗമായ കുളം വൃത്തിയാക്കൽ, ടാങ്ക് നിർമ്മാണം എന്നീ പ്രവൃത്തികൾ നടത്തുന്നതിന് ഗുണഭോക്തൃ സമിതി കൺവീനർക്ക് 21,250 രൂപ നൽകി. എന്നാൽ പ്രസ്തുത പ്രവൃത്തികൾ സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിക്കഴിഞ്ഞതിനാൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയ 21,250 രൂപ വിനിയോഗിക്കേണ്ടിവന്നിട്ടില്ല. ആയതിനാൽ 21,250 രൂപ മടക്കി നൽകേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02-ലെ ഖണ്ഡിക 5-12(6)(11)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

242. "ഓഡിറ്റ് തടസ്സം പറഞ്ഞ തുക കൺവീനറുടെ പക്കൽ നിന്നും വസൂൽ ചെയ്യാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തുക വസൂൽ ചെയ്തതായി നാളിതുവരെയായി കൃഷി ഓഫീസർ അറിയിച്ചിട്ടില്ല. കൃഷി ഓഫീസർക്ക് വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്. ( അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30-12-2004-ലെ എ1-1283/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

243. പള്ളവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ കുളം

വൃത്തിയാക്കൽ, ടാങ്ക് നിർമ്മാണം മുതലായ പ്രാരംഭ പ്രവൃത്തികൾ സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് നടത്തിക്കഴിഞ്ഞിരുന്നിട്ടും ഇതേ ആവശ്യങ്ങൾക്കുതന്നെ ഗുണഭോക്തൃ സമിതി കൺവീനർക്ക് ഗ്രാമപഞ്ചായത്ത് നൽകിയ 21,250 രൂപ വിനിയോഗിക്കാതിരുന്നിട്ടും മടക്കിവാങ്ങാതിരുന്ന തെന്തുകൊണ്ടാണെന്ന് 13-1-2005-ലെ തെളിവെടുപ്പുവേളയിൽ സമിതി ആരായു കയുണ്ടായി. ഇത്തരമൊരു അവസ്ഥ ഉണ്ടായതിന്റെ കാരണങ്ങൾ അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറും സമിതിയിൽ വിശദീകരിച്ചു. ഇവരുടെ വിശദീകരണം തൃപ്തികരമല്ലെന്ന് കണ്ടതിനാൽ പ്രോജക്ട് നടത്തിപ്പിൽ ആരുടെ ഭാഗത്തുനിന്നെല്ലാമാണ് വീഴ്ച ഉണ്ടായിട്ടുള്ളതെന്ന് കണ്ടെത്തി റിപ്പോർട്ട് നൽകണമെന്ന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നു.

244. സമിതി നിർദ്ദേശ പ്രകാരം വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 28-2-2005-ലെ എ9-390/5 നമ്പർ കത്ത് പ്രകാരം സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ പള്ളവയൽ കുറുമ കോളനിയിൽ നിന്ന് 43 പേർ അടങ്ങുന്ന ഒരു ഉപഭോക്തൃ സമിതി ചേരുകയും അതിൽ നിന്ന് 11 പേർ അടങ്ങുന്ന ഒരു പദ്ധതി നിർവ്വഹണ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി ചെയർമാനായി ശ്രീ. കെ. തങ്കച്ചനേയും കൺവീനറായി ശ്രീ. പി. ആർ. രവിയേയും തെരഞ്ഞെടുത്തുവെന്നും ഈ കമ്മിറ്റിയെ പഞ്ചായത്ത് കമ്മിറ്റി 8-2-99-ലെ 189(12) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചുവെന്നും പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടേയും ബി.എൽ.ഇ.സി.യുടേയും അനുമതി ലഭിച്ചിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിരുന്നു. 17-2-1999-ലെ കെ.ബി.എ.ബി.എൽ. അഗ്രി 1/99 നമ്പർ ഉടമ്പടി പ്രകാരം പദ്ധതി വിഹിതത്തിന്റെ 25% തുക നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ കൺവീനർക്ക് നൽകി. നേരത്തെ ഉണ്ടായിരുന്ന കുളം അറ്റകുറ്റ പണി നടത്തി പമ്പും മോട്ടോറും വാങ്ങി കനാൽ വഴി വെള്ളം പാടങ്ങളിൽ എത്തിക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. കൃഷി ഓഫീസർ 67128 രൂപ റെയ്ഡ്കോയിൽ അടച്ച് മോട്ടോറും അനുബന്ധ സാധനങ്ങളും വാങ്ങി പ്രസ്തുത മോട്ടോർ കേസ്പോലും പൊട്ടിക്കാതെ പമ്പ് ഹൗസിൽ സൂക്ഷിച്ചതായി സ്ഥല പരിശോധനയിൽ കാണാൻ കഴിഞ്ഞിരുന്നെന്നും പമ്പ്ഹൗസ് വർഷങ്ങളായി തുറക്കാറില്ലെന്നും പമ്പ്ഹൗസിൽ തൊട്ടടുത്തായി ഒരു പഴയ ഷെഡ്ഡിൽ കുറെ പി.വി.സി. പൈപ്പുകൾ അടുക്കിവച്ചിട്ടുണ്ടെന്നും അത് ജീർണ്ണാവസ്ഥയിലാണെന്നും പമ്പ് ഹൗസിൽ നിന്ന് സുമാർ 200മീറ്റർ അകലെ ഒരു കുന്നിൻ മുകളിൽ എഞ്ചിനിയറുടെമേൽനോട്ടമില്ലാതെ ഒരു വാട്ടർ ടാങ്ക് പണിതിട്ടുണ്ട് അതിൽ ബലക്ഷയമുണ്ട്. നിയമാനുസൃതമായ ടാങ്ക് നിർമ്മിക്കാതെ കൃഷി ഓഫീസർ പമ്പും മോട്ടോറും വാങ്ങിയത് എന്തിനാണെന്ന് വ്യക്തമല്ലെന്നും ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു.

245. അഡ്വാൻസ് തുക കൈപ്പറ്റിയ കൺവീനർ പദ്ധതിയുടെ പൂർത്തീകരണത്തിന് യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ലെന്നും ഇക്കാര്യം ചൂണ്ടിക്കാട്ടി കൺവീനർക്ക് പത്തോളം കത്തുകൾ നേരിട്ടും രജിസ്റ്റേർഡ് ആയും അയച്ചിരുന്നു. എന്നാൽ യാതൊരു പ്രതികരണവും ഉണ്ടായില്ല. ഇക്കാര്യങ്ങൾ യഥാസമയം പഞ്ചായത്ത് സെക്രട്ടറിയേയും അറിയിച്ചിരുന്നുവെന്നും എന്നാൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ആവശ്യമായ നിയമനടപടികൾ ഉണ്ടായില്ലെന്നാണ് കൃഷി ഓഫീസറുടെ രേഖകൾ പരിശോധിച്ചതിൽ മനസ്സിലാക്കാൻ കഴിഞ്ഞതെന്നും ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

246. 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ 166(1) വകുപ്പ് പ്രകാരം കുളങ്ങൾ ,

കിണറുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണെന്നിരിക്കെ പള്ളവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് പണം വകയിരുത്തുകയും ഗ്രാമപഞ്ചായത്ത് അറിയാതെ പണം നൽകുകയും ചെയ്തുവെന്നും ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരുന്നു.

247. പള്ളവയൽ ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനായി അമ്പലവയൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ആവശ്യമായ രേഖകൾ നൽകിയില്ലെന്നും പഞ്ചായത്ത് ജീവനക്കാരുടെ ഭാഗത്ത് നിന്ന് ആവശ്യമായ യാതൊരു സഹകരണവും ലഭിച്ചില്ലെന്നും എന്നാൽ കൃഷി ഓഫീസർ അന്വേഷണവുമായി സഹകരിക്കുകയും ആവശ്യമായ രേഖകൾ നൽകുകയും ചെയ്തെന്നും ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ടിൽ തുടർന്നറിയിച്ചിരുന്നു.

248. പള്ളവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്കായി പഞ്ചായത്തിൽ നിന്ന് നൽകിയ തുക വസൂൽ ചെയ്യുന്നതിന് റവന്യൂ റിക്കവറികൾ സ്വീകരിക്കാൻ 4-2-2005-ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുള്ളതായും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

249. പള്ളവയൽ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി നടത്തേണ്ടിയിരുന്ന കുളം വൃത്തിയാക്കൽ, ടാങ്ക് നിർമ്മാണം, മുതലായ പ്രവൃത്തികൾ സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് നടത്തിക്കഴിഞ്ഞതിനാൽ ഈ പ്രവൃത്തികൾതന്നെ വീണ്ടും നടത്തുന്നതിനായി അമ്പലവയൽ ഗ്രാമപഞ്ചായത്ത് 21,250 രൂപ കൺവീനർക്ക് നൽകേണ്ട ആവശ്യമുണ്ടായിരുന്നില്ല. എന്ന് മാത്രമല്ല 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി നൽകിയതുക ഉപയോഗിക്കാതിരുന്നിട്ടും പദ്ധതി ഏറ്റെടുത്ത് നടത്തിയ ഗുണഭോക്തൃ സമിതി ചെയർമാൻ കൺവീനർ എന്നിവരിൽ നിന്ന് ഈടാക്കുന്നതിന് നീണ്ട എട്ടുവർഷങ്ങൾക്കു ശേഷവും യാതൊരു നിയമ നടപടികളും സ്വീകരിച്ചില്ലെന്നുള്ളതിലും സമിതി നിർദ്ദേശ പ്രകാരം ഇക്കാര്യം അന്വേഷിക്കുന്നതിനായി ചെന്ന പഞ്ചായത്ത് വകുപ്പിലെതന്നെ ഉയർന്ന ഉദ്യോഗസ്ഥനായ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ട രേഖകൾ നൽകാതിരിക്കുകയും അന്വേഷണത്തോട് നിഷേധാത്മക നിലപാട് സ്വീകരിക്കുകയും ചെയ്ത അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ജീവനക്കാരുടേയും നടപടിയെ അത്യന്തം ഗൗരവത്തോടെയാണ് സമിതി വീക്ഷിക്കുന്നത് . ആയതിനാൽ ഇത്തരത്തിൽ പെരുമാറിയ അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും ബന്ധപ്പെട്ട മറ്റു ജീവനക്കാരുടേയും പേരിൽ പഞ്ചായത്ത് ഡയറക്ടർ ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിദ്ദേശിക്കുന്നു. അതോടൊപ്പം പള്ളവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി നൽകിയതും എന്നാൽ അധികമായി ചെലവഴിച്ചതുമായ 21,250 രൂപ പലിശ സഹിതം പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടത്തിയ ഗുണഭോക്തൃ സമിതി ചെയർമാൻ ശ്രീ. തങ്കച്ചൻ കൺവീനർ ശ്രീ. പി. ആർ. രവി എന്നിവരിൽ നിന്നുംഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്ക ണമെന്നും തുക തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പ്രതിരോധ കുത്തിവയ്പ്-രേഖകൾ ഹാജരാക്കാത്തത്-8,334 രൂപ

അഗീകരിയ്ക്കുന്നില്ല.

അമ്പലവയൽ ഗ്രാമപഞ്ചായത്ത് 1998-99 വർഷത്തിൽ, വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രതിരോധ കുത്തിവയ്പ് എന്ന പദ്ധതിക്കു വേണ്ടി 25,000 രൂപ പിൻവലിച്ചു എങ്കിലും 16,666 രൂപ ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 17-10-1997-ലെ ജി.ഒ.(പി) 235/97/തഭവ ഖണ്ഡിക 12(2) പ്രകാരം, ഓഡിറ്റ് സമയത്ത് ഹാജരാക്കുവാൻ വീഴ്ച വരുത്തുന്ന രേഖകളും മറ്റും നിലവിലില്ല എന്ന് കരുതപ്പെടുന്നതിനാൽ 8,334 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002 ലെ ഖണ്ഡിക V –12 (6) (iii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി

250. "ഡബ്ളിയു.എൽ.എഫ്.എ. ഡി.ഡി.യുടെ 27-9-2003 ലെ എൽ.എഫ് (ഡബ്ളിയു) പി1/596/2001 നമ്പർ കത്ത് പ്രകാരം 8,334 രൂപ വെറ്ററിനറി സർജനിൽ നിന്നും വസൂലാക്കുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും മേൽ നടപടികൾ സ്വികരിച്ചതായി കാണുന്നില്ല."

[അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30-12-2004-ലെ എ1-1283/2004 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

251. പ്രതിരോധ കുത്തിവയ്പ് സംബന്ധിച്ച ഫയലും ആഡിറ്റ് വേളയിൽ ഹാജരാക്കാതിരുന്ന 8,334 രൂപയുടെ വൗച്ചറുകളും മറ്റ് ബന്ധപ്പെട്ട രേഖകളും ആഡിറ്റിന് ഹാജരാക്കാനും ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകാനും 13-1-2005 ലെ തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു.

252. സമിതി നിർദ്ദേശ പ്രകാരം ഫയലും മറ്റ് രേഖകളും പരിശോധിച്ച 25-1-2005, 9-2-2005 തീയതികളിലെ എൽ.എഫ്. (ഡബ്ളിയു) പി-2-627/04 നമ്പർ കത്തുകൾ പ്രകാരം സമർപ്പിച്ച റിപ്പോർട്ടുകളിൽ പ്രതിരോധ കുത്തിവയ്പ് പദ്ധതി നിർദ്ദേശാനുസരണമാണ് നടപ്പിലാക്കിയതെന്നും വാങ്ങിയ മിനറൽ മിക്സച്ചർ യഥാവിധി ഉപയോഗിച്ചിട്ടുണ്ടെന്ന് ബോദ്ധ്യമായതായും വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാട്ടിയിരുന്നു. തുക നേരത്തേ പിൻവലിച്ച് കൈയ്യിൽ സൂക്ഷിച്ചതിന് വെറ്ററിനറി സർജന്റെ വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് തൃപ്തികരമാണെന്ന് കണ്ടാൽ തടസ്സം ഒഴിവാക്കാവുന്നതാണെന്നും ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടുകളിൽ അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

253. പ്രതിരോധ കുത്തിവയ്പ് പ്രോജക്റ്റ് നിർദ്ദേശാനുസരണം നടത്തിയിട്ടുണ്ടെന്നും എന്നാൽ പ്രോജക്റ്റ് തുക നേരത്തേ പിൻവലിച്ച് സൂക്ഷിച്ചതിന് വെറ്ററിനറി സർജന്റെ വിശദീകരണം ലഭിച്ചിട്ടില്ലെന്നും വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അന്നത്തെ വെറ്ററിനറി സർജനായിരുന്ന ഡോ. എ. ഗോപാലകൃഷ്ണൻ ഇക്കാര്യത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് വിശദീകരണം നൽകി പരാമർശം ഒഴിവാക്കാൻ നടപടി സ്വികരിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**ഓഡിറ്റ് ഖണ്ഡിക**

മരാമത്തു പണികൾ അധിക നിരക്കു നൽകൽ

പഴയ ബസ്സ്റ്റാന്റ് കെട്ടിടം പൊളിച്ചു പണിഞ്ഞതിന് അംഗീകരിച്ച മൂല്യത്തേക്കാൾ അധികം തുക നൽകിയത്. അധിക ചെലവ് 11,237 രൂപ.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002-ലെ ഖണ്ഡിക V –12 (8) (6)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

254. "1998-99 വർഷത്തെ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് കൂടുതൽ ചെലവ് ചെയ്ത 11,237 രൂപ തിരിച്ചടയ്ക്കുന്നതിനു വേണ്ടി പ്രസ്തുത കാലയളവിലെ സെക്രട്ടറി ശ്രീ. ടി. ശ്രീനിവാസന് നിർദ്ദേശം നൽകിയെങ്കിലും ടിയാൻ സമർപ്പിച്ച മറുപടിയിൽ സെക്ഷൻ ക്ളാർക്കിന്റെ പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്യേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി. വിവരം എൽ.എഫ്.എ. ഡി.ഡി.യെ അറിയിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല."

[അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30-12-2004-ലെ എ1-1283-04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

**ഓഡിറ്റ് ഖണ്ഡിക**

മരാമത്തു പണികൾ-അധിക നിരക്കു നൽകൽ

275.2 എം.3 മെറ്റൽ മാത്രം മതിയെന്നിരിക്കെ 300 എം.3 മെറ്റലിന്റെ വില നൽകിയതുമൂലം അധിക ചെലവ് 8,601 രൂപ.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002-ലെ ഖണ്ഡിക V-12(8) (7)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

255. "ഡബ്ളിയു.എൽ.എഫ്.എ. ഡി.ഡി. യുടെ 27-9-2003-ലെ എൽ.എഫ്. (ഡബ്ളിയു) പി1-596/2001 നമ്പർ കത്ത് പ്രകാരം ആഡിറ്റ് തടസം ഒഴിവാക്കിയിട്ടുണ്ട്."

[അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30-12-2004-ലെ എ3-1283/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

256. മരാമത്ത് പണികളിൽ 11,237 രൂപയുടെ അധിക ചെലവ് ഉണ്ടാക്കിയതിന്, ജോലി വിഭജനം അനുസരിച്ച് അന്ന് ഈ വിഷയം കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ളാർക്ക് ശ്രീമതി സരസ്വതിയിൽ നിന്ന് തുക ഈടാക്കേണ്ടതാണന്ന് അന്നത്തെ അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. ശ്രീനിവാസൻ നിലപാട് സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശ വിധേയമായ കാലയളവിൽ അമ്പലവയൽ

ഗ്രാമപഞ്ചായത്തിലെ ജോലി വിഭജന ഉത്തരവനുസരിച്ച് ആരിൽ നിന്നെല്ലാമാണ് തുക ഈടാക്കേണ്ടതെന്ന് കണ്ടെത്തുന്നതിനും അവരിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കണമെന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## പൊഴുതന ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

കുറവൻതോട് ശുദ്ധജലവിതരണ പദ്ധതി-തുക അധികം നൽകിയത്

1,75,000 രൂപ അടങ്കലിൽ രൂപീകരിച്ച മേൽ പ്രവൃത്തിക്ക് വർക്ക് ബിൽ രജിസ്റ്റർ പ്രകാരം തൻ വർഷം 1,75,000 രൂപ ചെലവഴിച്ചതിനു പുറമേ ക്യാഷ് ബുക്ക് പ്രകാരം 49,125 രൂപ കൂടി പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിവരം വർക്ക് ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002-ലെ ഖണ്ഡിക V- 7 (i)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

257. "ഓഡിറ്റിൽ പരാമർശിച്ച അനുവദനീയമല്ലാത്ത 49,125 രൂപ അന്നത്തെ നിർവ്വഹണാധികാരിയായ റ്റി. പി. ബാലനോട് തിരിച്ച് അടയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ അളവ് പുസ്തകവും അനുബന്ധ ഫയലുകളും ഈ ഓഫീസിൽ പരിശോധിച്ചതിൽ ലഭ്യമായിട്ടില്ല."

[പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A1-62/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

258. വർക്ക് ബുക്ക് രജിസ്റ്ററിൽ ചേർക്കാതെ ചെലവഴിച്ചതായി കാണിച്ചിട്ടുള്ള 49,175 രൂപ അധികമായി പിൻവലിച്ചതിനുത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ. റ്റി. പി. ബാലനായിരുന്നുവെന്നും അദ്ദേഹം റിട്ടയർ ചെയ്തുവെന്നും ബന്ധപ്പെട്ട ഫയലുകൾക്കായി തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ലെന്ന് 13-1-2005-ലെ തെളിവെടുപ്പ് വേളയിലെ സമിതിയുടെ ചോദ്യങ്ങൾക്ക് പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഫയലുകൾ കാണാതായിട്ടുണ്ടെങ്കിൽ ഫയൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ ഉത്തരവാദിത്തം നിജപ്പെടുത്തുന്നതിനും ഇക്കാര്യത്തിലുള്ള സർച്ചാർജ്ജ് നടപടി തുടരണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശ പ്രകാരം 2-3-2005-ലെ എ9-658/05 നമ്പർ കത്ത് പ്രകാരം വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഇക്കാര്യത്തിൽ സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കുറവൻതോട് ശുദ്ധജല വിതരണ പദ്ധതി പ്രവൃത്തിക്കുവേണ്ടി 16-6-1999-ന് 51,510 രൂപ ചെലവഴിച്ച് 40 എം.എം. ജി.ഐ.പൈപ്പും 9-9-1999-ന് 68,680 രൂപ ചെലവഴിച്ച് വീണ്ടും ജി.ഐ. പൈപ്പും ശ്രീ. പി. കെ. അബ്ദുൽഖാദർ, RMS ഹാർഡ്‌വെയേഴ്സ്, മാനന്തവാടി എന്നയാളിൽ നിന്ന്

വാങ്ങിയിട്ടുണ്ടെന്നും എന്നാൽ 636/99-2000 തീയതി 25-6-2000 നമ്പർ വൗച്ചർ പ്രകാരം 49,125 രൂപ ചെലവഴിച്ച് ഈ പ്രവൃത്തിക്കു വേണ്ടി വാങ്ങിയ 750 m പി.വി.സി. പൈപ്പ് ഇതേ പ്രവൃത്തിക്കു തന്നെ ഉപയോഗിച്ചിട്ടുള്ളതിന് തെളിവായി വർക്ക് ഫയൽ, മെഷർമെന്റ് ബുക്ക്, വർക്ക് ബിൽ രജിസ്റ്റർ മുതലായ യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയില്ലെന്നും വർക്ക് ബില്ലിൽ ഇങ്ങനെയൊരു തുക മേൽ പ്രവൃത്തിക്കായി ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

259. കുറവൻതോട് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായതിന്റെ ഉത്തരവാദിത്വം അന്ന് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. റ്റി. പി. ബാലൻ, എ1 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന യു.ഡി. ക്ളാർക്ക് ശ്രീ. ബാബു (ഇപ്പോൾ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് ഹെഡ് ക്ളാർക്ക്), A3 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലാർക്ക് ശ്രീ. നരേന്ദ്രൻ, ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. കെ. ദാമോദരൻ, ശ്രീ. നാഗരാജ എന്നിവർക്കാണെന്നും ഇവരിൽ ശ്രീ. റ്റി. പി. ബാലനും, ശ്രീ. ദാമോദരനും റിട്ടയർ ചെയ്തു വെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

260. 19-1-2006-ന് സമിതി പൊഴുതന ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിക്കുകയും കുറവൻതോട് ശുദ്ധജലവിതരണ പദ്ധതിക്ക് അധിക തുക നൽകിയതിനുത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരായുകയും ചെയ്തിരുന്നു. ശ്രീ. റ്റി. പി. ബാലനെതിരെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ പുറപ്പെടുവിച്ച സർച്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് പഞ്ചായത്തിൽ ലഭിച്ചില്ലെന്ന വിശദീകരണമാണ് ലഭിച്ചത്. സർച്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് അടിയന്തിരമായി പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നേരിട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോടും സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശ പ്രകാരം ശ്രീ. റ്റി. പി. ബാലനെതിരെ പുറപ്പെടുവിച്ച സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നേരിട്ട് എത്തിച്ചു കൊടുത്തിട്ടുണ്ടെന്ന് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

261. കുറവൻതോട് ശുദ്ധജല വിതരണ പദ്ധതിക്ക് 49,125 രൂപ അധികം ചെലവഴിച്ചതുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും കാണാനില്ലാത്ത സാഹചര്യത്തിലും ഇക്കാര്യത്തിൽ അന്നത്തെ പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. റ്റി. പി. ബാലനെതിരെ 16-3-2005-ലെ 9536/സ്പെ.സെൽ. എസ്.സി.6/04 നമ്പർ പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിലും സർച്ചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം കുറവൻതോട് ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായതിനുത്തരവാദികളായ സെക്ഷൻ ക്ളാർക്കുമാരായ ശ്രീ. ബാബു, ശ്രീ. നരേന്ദ്രൻ, ജൂനിയർ സൂപ്രണ്ടായ ശ്രീ. നാഗരാജ എന്നിവർക്കെതിരെ പഞ്ചായത്ത് ഡയറക്ടർ വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും റിട്ടയർ

ചെയ്ത ജൂനിയർ സൂപ്രണ്ട് ശ്രീ. ദാമോദരനെതിരെ ഉചിതമായ മറ്റ് നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

കനകമല വാട്ടർ സപ്ലൈ സ്കീം-പദ്ധതി പൂർത്തീകരണം സംബന്ധിച്ച്

പൊഴുതന ഗ്രാമപഞ്ചായത്തിലെ ഏഴു വാർഡുകളിലെ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് 1997-98 വർഷത്തിൽ 50 ലക്ഷം രൂപ അടങ്കലിൽ ആരംഭിച്ച പദ്ധതിക്ക് തൻവർഷത്തിൽ 13,65,023 രൂപയും ഓഡിറ്റ് തീയതി വരെ 27,57,956 രൂപയും ചെലവഴിച്ചുവെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. തൻ വർഷം വയനാട് ജില്ലാ പഞ്ചായത്ത്, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപ വീതം (ആകെ 10 ലക്ഷം) ലഭിച്ചു. എങ്കിലും പൊഴുതന ഗ്രാമപഞ്ചായത്തും പ്രദേശത്തെ ബഹു ഭൂരിപക്ഷം വരുന്ന ജനങ്ങൾക്കും കുടിവെള്ളം നൽകുന്ന പ്രസ്തുത പദ്ധതി പൂർത്തീകരിക്കാത്തതു ബന്ധപ്പെട്ടവരുടെ അലസതയും, അനാസ്ഥയുംമൂലമാണെന്ന് കാണുന്നു. ഇക്കാര്യത്തിൽ ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002-ലെ ഖണ്ഡിക V- 7 (ii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

262. "1997-98 വർഷത്തിൽ ആരംഭിച്ച പദ്ധതി 2001-2002 വരെ 300 മീറ്റർ ഹെവി ഡ്യൂട്ടി പൈപ്പ് ഫിറ്റിംഗ് പ്രവൃത്തി ഒഴികെ മറ്റെല്ലാ പ്രവർത്തിയും പൂർത്തീകരിച്ചതാണ്. ആയതിന് 27,57,956 രൂപ ചെലവ് വന്നിട്ടുണ്ട്. തുടർന്ന് 2003-04 വർഷത്തിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 2,50,000 രൂപയുടെ 300 മീറ്റർ ഹെവി ഡ്യൂട്ടി പൈപ്പ് ഫിറ്റിംഗ് പ്രവർത്തി നടന്നുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം പദ്ധതി പൂർത്തീകരിക്കുകയും പ്രോജക്ടിൽ വിഭാവനം ചെയ്ത കുടിവെള്ളം ലഭ്യമാകും."

[പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ എ1-62/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

263. കനകമല വാട്ടർ സപ്ലൈ സ്കീം പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് സമിതി 13-1-2005-ലെ തെളിവെടുപ്പ് വേളയിൽ പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരാഞ്ഞു. ഈ പദ്ധതിയിൽ നിന്ന് ഇപ്പോൾ തന്നെ വെള്ളം ലഭിക്കുന്നുണ്ടെന്നും 2003-04-ൽ ഡ്രൗട്ട് സ്കീമിൽ 2,50,000 രൂപ കൂടി ഉൾപ്പെടുത്തി പണി പുരോഗമിക്കുകയാണെന്നും മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

264. 19-1-2006-ന് പൊഴുതന ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിച്ച സമിതി പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ പദ്ധതി നടത്തിപ്പിന്റെ പുരോഗതി സെക്രട്ടറിയും മറ്റു ബന്ധപ്പെട്ട

ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്തു പദ്ധതിക്കായി ഇതിനകം 27,57,956 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും കഴിഞ്ഞ വർഷം വരെ പൈപ്പ് ലൈൻ വഴി കുറേ വീടുകൾക്ക് കൂടി വെള്ളം നൽകിയിരുന്നുവെന്നും ടാങ്ക് കെട്ടിയിരിക്കുന്നതിന്റെ മുകളിലായി മുന്നൂറോളം കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും താഴേക്ക് വെള്ളം നൽകിയാൽ മുകളിൽ താമസിക്കുന്നവർക്ക് വെള്ളം എത്തിക്കാൻ കഴിയില്ലെന്നും പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ അനുവദിച്ച 1,50,000 രൂപ വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചു ടെണ്ടർ ചെയ്തിട്ടുണ്ടെന്നും വിജിലൻസ് കേസുള്ളതിനാൽ സപ്ലൈ ആന്റ് ലേയിംഗിന് അനുമതി ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. സ്കീം അടിയന്തിരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നു.

265. സമിതി നിർദ്ദേശ പ്രകാരം, പദ്ധതി അടിയന്തിരമായി പൂർത്തിയാക്കാൻ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ 30-1-2006-ലെ എ9-658/05 നമ്പർ കത്ത് പ്രകാരം സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

266. 1997-98-ൽ ആരംഭിക്കുകയും 27 ലക്ഷത്തിലധികം രൂപ ചെലവഴിക്കുകയും ചെയ്തിട്ടും പദ്ധതി പൂർത്തിയാക്കി അതിന്റെ പൂർണ്ണ പ്രയോജനം നൽകാൻ കഴിയാത്തതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിയുടെ ഭാഗത്തു നിന്നാണ് ഇനിയും കാര്യമായ നടപടികൾ ഉണ്ടാകാത്തതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കനകമല വാട്ടർ സപ്ലൈ സ്കീം അടിയന്തിരമായി പൂർത്തീകരിക്കാൻ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## പൊതു അവലോകനം

267. വയനാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ആഡിറ്റ് ഖണ്ഡികകൾ പരിശോധിച്ചതിൽ മറ്റു ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് ആഡിറ്റ് ഖണ്ഡികകളുടെ എണ്ണവും വളരെ

കൂടുതലാണെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വയനാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ് ഖണ്ഡികകൾ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 1998 മുതൽ

| ക്രമ നമ്പർ | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | ആഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | കോട്ടത്തറ ഗ്രാമപഞ്ചായത്ത് | 1999-2000 33, 34, 38, 39 | എൽ.എഫ്. 16376/ സ്പെ.സെൽ/ എസ്.സി.6/03 തീയതി 28-2-2004 Rs. 57,560 | ശ്രീ. സി. റ്റി. രഘുനാഥൻ തരിയോട് ഗ്രാമപഞ്ചായത്ത് |
| 2. | തരിയോട് ഗ്രാമപഞ്ചായത്ത് | 1997-98 ചെലവ് ആഡിറ്റ് റിപ്പോർട്ട് 36, 6, 7(1),7(2),7(3), 9(1),9(11),13,14,22 | എൽ. എഫ്. 28955/ സ്പെ.സെൽ/ എസ്.സി.4/99 തീയതി 12-4-2002 Rs. 40,175 | ശ്രീ.സണ്ണി മാത്യൂ സെക്രട്ടറി (റിട്ടയേർഡ്) |
| 3. | ,, | 2000-2001 സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട | എൽ. എഫ്. 479/ സ്പെ. സെൽ എസ്. സി. 4/02 തീയതി 17-1-2003 Rs. 32,000 പലിശ സഹിതം) | ശ്രീമതി പി. ഡി. ലീലാമ്മ സെക്രട്ടറി പീസ് ഹോം പയ്യമ്പള്ളി മാനന്തവാടി. |
| 4. | മാനന്തവാടി ഗ്രാമപഞ്ചായത്ത് | 1996-97 38, 39, 40, 41, 44 | എൽ. എഫ്. 3507/ സ്പെ. സെൽ/എസ്. സി. 4/2000 തീയതി 17-10-2001 Rs. 9,936 | ശ്രീ. ജയപ്രകാശ് അസി. എഞ്ചി- നീയർ, ബ്ലോക്ക് ഓഫീസ് മാനന്തവാടി. |

സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ള കേസുകളുടെ വിശദാംശം ലഭ്യമാക്കണമെന്ന് വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്ത് സന്ദർശനത്തോടനുബന്ധിച്ച് 19-1-2006-ന് രാവിലെ 10.00 മണിക്ക് വയനാട് (കല്പറ്റ) ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശ പ്രകാരം 16-2-2006-ലെ എൽ.എഫ് 25622/സ്പെ.സെൽ. ജി1/04 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ വിശദാംശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

268. 1998 മുതൽ 2002 വരെയുള്ള കാലയളവിൽ വയനാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ആഡിറ്റ് പരാമർശങ്ങളിൽ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5. | വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് | 1996-97 33, 40, 41, 42, 43, 44 | എൽ.എഫ്. 4216/ സ്പെ. സെൽ/എസ്. സി.1/99 തീയതി 22-4-2002 Rs. 38,067 | ശ്രീ. [illegible] സെക്രട്ടറി മീനങ്ങാടി ഗ്രാമപഞ്ചായത്ത് |
| 6. | [illegible] ഗ്രാമപഞ്ചായത്ത് | 1996-97 30, 31, 34, 35 | എൽ.എഫ്. 21937/ സ്പെ. സെൽ/എസ്. സി.4/99 തീയതി 22-10-2001 Rs. 2,439 | ശ്രീ. ഗോപാലൻ സെക്രട്ടറി (റിട്ടയേർഡ്) |
| 7. | ,, | 1996-97 37 | എൽ.എഫ്. 21937/ സ്പെ. സെൽ/എസ്. സി.4/99 തീയതി 4-4-2002, 3-5-2002 Rs. 8,250 | ശ്രീ. എൻ. വി. ഗംഗാധരൻ, സീനിയർ, സൂപ്രണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് കണ്ണൂർ. |
| 8. | ,, | 1999-2000 37 | എൽ.എഫ്. 10782/ സ്പെ. സെൽ/എസ്. സി.6/03 തീയതി 7-4-2004 Rs. 60,850 | ശ്രീ. റ്റി. എം. ഇസ്രായേൽ, സെക്രട്ടറി (റിട്ടയേർഡ്) |
| 9. | പൊഴുതന ഗ്രാമ പഞ്ചായത്ത് | 1997-98 ചെലവ് ഓഡിറ്റ് റിപ്പോർട്ട് 1 | എൽ.എഫ്. 13161 സ്പെ.സെൽ/ എസ്.സി.4/01 തീയതി 8-11-2002, 22-11-2002 Rs.1,500 | ശ്രീ. കെ. എം. രവീന്ദ്രൻ സെക്രട്ടറി (റിട്ടയേർഡ്) |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10. | പൊഴുതന ഗ്രാമപഞ്ചായത്ത് | 1997-1998 ചെലവ് ഓഡിറ്റ് റിപ്പോർട്ട് 6,7(എ), 7(ബി), 7(സി), 8 | ന.എൽ.എഫ്. 13361/ സ്പെ. സെൽ/എസ്. സി.4/01 തീയതി 8-11-2002, 22-11-2002 Rs.14,822 | ശ്രീ. കെ. ഭാസ്കരൻ നായർ, ആവണി-തെക്ക് വീട്ടിൽ (വീട്) കിനലൂർ പി.ഒ., ബാലുശ്ശേരി |
| 11. | ,, | 1999-2000 27, 28, 36, 37, 38 | ന.എൽ.എഫ്. 9536/ സ്പെ. സെൽ/എസ്. സി.6/04 തീയതി 16-3-2005 Rs.69,171 | ശ്രീ റ്റി. പി. ബാലൻ സ്പെയിസ് പോയിന്റ് പിലാശ്ശേരി (വീട്) ചേലമ്പ്ര, മലപ്പുറം |
| 12. | മുട്ടിൽ ഗ്രാമപഞ്ചായത്ത് | 1998 54 | എൽ.എഫ്. 304/ സ്പെ. സെൽ എസ്. സി. തീയതി 22-10-2005 Rs. 3,500 | ഡോ. സുധീർ കുമാർ വെറ്ററിനറി സർജൻ, വാഴവറ്റ (പി.ഒ.) വയനാട്. |
| 13. | ,, | 1999-2003 3, 4 | എൽ. എഫ്. 24017/ സ്പെ. സെൽ/എസ്. സി. 6 / 04 തീയതി 10-10-2005 Rs. 45,029 | ശ്രീ. ആർ. വേണുഗോപാൽ കൃഷി ഓഫീസർ ഹോൾസെയിൽ മാർക്കറ്റിംഗ് സെന്റർ സുൽത്താൻ ബത്തേരി |
| 14. | വൈത്തിരി ഗ്രാമപഞ്ചായത്ത് | 1998-99 39 | എൽ.എഫ്. 921/ സ്പെ. സെൽ/ എസ്.സി.4/03 തീയതി 16-5-2003 Rs. 8,645 | ശ്രീ. പി. കേശവൻ സെക്രട്ടറി പനങ്കണ്ടി (വീട്)കരണി പി. ഒ. മീനങ്ങാടി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 15. | വൈത്തിരി ഗ്രാമ പഞ്ചായത്ത് | 1998-99<br>37, 51(1), 51(2), 51(3), 51(4), 51(5) | എൽ.എഫ്. 821/ സ്പെ. സെൽ/ എസ്.സി. 6/03 തീയതി 7-10-2003<br>Rs. 32,407 | ശ്രീ. വി. കെ. ഗോപിനാഥൻ സെക്രട്ടറി മാനന്തവാടി ഗ്രാമപഞ്ചായത്ത് |
| 16. | വൈത്തിരി ഗ്രാമ പഞ്ചായത്ത് | 1999-2000<br>47, 51(1), 51(2), 51(3), 52, 53 | എൽ. എഫ്. 17045/ സ്പെ. സെൽ/എസ്. സി. 6/03തീയതി 14-5-2004<br>Rs. 36,951 | ,, |
| 17. | മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 1995-96 മുതൽ 98-99 വരെയുള്ള ചെലവിനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് 2 | എൽ. എഫ്. 8228/ സ്പെ. സെൽ/ എസ്.സി.4/01 തീയതി 16-11-2002<br>Rs.8,661 | ശ്രീ.എം.പി.മമ്മു. സെക്രട്ടറി എം.പി. ഹൗസ് പൂക്കോട്ട് പാടം മലപ്പുറം. |
| 18. | ,, | 1995-96 മുതൽ 1998-99 വരെയുള്ള ചെലവിനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് 2(സി), 6(സി), 17, 20, 22 | എൽ. എഫ്. 8228/ സ്പെ. സെൽ/ എസ്.സി.4/01 തീയതി 16-11-2002<br>Rs.6012 | ശ്രീ.എം. എസ്. അനിൽ കുമാർ, സെക്രട്ടറി |
| 19. | ,, | do -<br>2, 33, 43, 44, | do.<br>Rs. 46,745.76 | ശ്രീ. എം. ഈശ്വരൻ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ. |
| 20. | മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 1999-2000<br>34,35, 42 (എ), 42(ബി), 43 | എൽ. എഫ്. 6823/ സ്പെ. സെൽ/എസ്. സി. 6/03 തീയതി17-4-2004<br>Rs.1,01,643 | ശ്രീ. എം. മോഹനൻ സെക്രട്ടറി (റിട്ടയേർഡ്). |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 21. | കല്പറ്റ നഗരസഭ | 1998-99 19, 26, 28 | എൽ. എഫ്. 2992/ സ്പെ. സെൽ/എസ്. സി.4/02 തീയതി 1-3-2003 Rs. 19,784 | ശ്രീ. റ്റി. പി. സതീശൻ സെക്രട്ടറി |
| 22. | കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് | 1995 മുതൽ 1996 വരെയുള്ള ചെല വിനങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് 2,3 | എൽ. എഫ്. 25761/ സ്പെ. സെൽ/എസ്. സി.4/99 തീയതി 17-3-2001 Rs. 376 | ശ്രീ. അനിൽ കുമാർ സെക്രട്ടറി . |
| 23. | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്, | 1996-97 29(1), 29(2), 31, 32, 33 | എൽ. എഫ്. 25756/ സ്പെ. സെൽ/ എസ്.സി.4/99 തീയതി 3-10-01, 29-11-01 Rs. 5,585 | ശ്രീ.പി.എൻ. രാമദാസ് (റിട്ട.സെക്രട്ടറി) കരുണയ, പേരാവൂർ. പി.ഒ. കണ്ണൂർ ജില്ല. |
| 24. | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | 2001-02 8(1) | എൽ. എഫ്. 25770/ സ്പെ.സെൽ/ എസ്. സി.6/04 തീയതി 29-10-05 Rs.3,000 | ശ്രീ. റ്റി. യു. പ്രേമൻ സെക്രട്ടറി നെന്മേനി ഗ്രാമപഞ്ചായത്ത് |
| 25. | അമ്പലവയൽ ഗ്രാമപഞ്ചായത്ത് | 1997-98 58 | ന.എൽ.എഫ്. 23488 സ്പെ.സെൽ/ എസ്.സി.4/01 തീയതി 21-1-2003 Rs. 350 | ശ്രീ. റ്റി. ശ്രീനിവാസൻ സെക്രട്ടറി |
| 26. | തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | 1996-97 35,36, 37(1), 37(2), 38, 39 | ന.എൽ.എഫ്. 21558/ സ്പെ. സെൽ/എസ്. സി.4/99 തീയതി 17-10-2001, 20-11-2001 Rs.1,629 | ശ്രീ. പി. ശ്രീധരൻ സെക്രട്ടറി (റിട്ട.) 'ശ്രീപ്രിയ' മൊയിപ്പാത്ത്. പി.ഒ.മേപ്പയൂർ, കോഴിക്കോട് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 27. | തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | 1997-98 23, 24, 25, 26(1), 26(2), 27, 34(2) | എൽ. എഫ്. 18558/ സ്പെ. സെൽ/എസ്. സി.4/00 തീയതി 15-11-2002, 16-11-2002 Rs. 3,401 | ശ്രീ. എൻ. പി. വേണുഗോപാൽ സെക്രട്ടറി വീനസ്ഹൗസ് കേണിച്ചറ. പി.ഒ., വയനാട്. |
| 28. | സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് | 1997-98 (ചെലവ് ആഡിറ്റ്) 9,10(ബി), 11, 15(6), 15(7), 26, 27, 28, 31, 36(1) (2), 38, 39, 48(2), 52 | . എൽ. എഫ്. 28386 സ്പെ.സെൽ/ എസ്.സി.4/99 തീയതി 17-11-2001, 7-12-2001 Rs. 26,697 | ശ്രീ. സി. വി. ജോസ് കോ-ഓർഡിനേറ്റർ കുടുംബശ്രീ മിഷൻ ഓഫീസ്, കൽപ്പറ്റ , വയനാട് |
| 29 | സുൽത്താൻബത്തേരി ഗ്രാമ പഞ്ചായത്ത് | 1996-97 37(1), 37(2) | എൽ. എഫ്. 25762 സ്പെ.സെൽ/ എസ്.സി.4/99 തീയതി 11-10-2001 Rs. 9,630 | ശ്രീ. റ്റി. സചീന്ദ്രൻ (റിട്ട. സെക്രട്ടറി) എടപ്പാളിവീട് ഏലത്തൂർ കോഴിക്കോട് |
| 30 | ,, | 1997-98 72 | എൽ.എഫ്.7400/ സ്പെ.സെൽ/ എസ്.സി.4/01 തീയതി 18-9-2002, 8-10-2002 Rs. 39,206 | ശ്രീ. വി. എം. അഗസ്റ്റിൻ (റിട്ട. എ.ഇ) വെടിക്കൻ വീട്, നെന്മേനി കാക്കവയൽ. പി.ഒ. |
| 31. | ,, | 1997-98 79 | do. Rs. 8,080 | ശ്രീ. സി. രവീന്ദ്രൻ അടമനക്കണ്ടി വീട് പള്ളിക്കര പി. ഒ. മേലടി കോഴിക്കോട് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 32. | സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്ത് | 1999-2000 49(എ), 49(ബി), 49(സി) | 1262/89/ സ്പെ.സെൽ/ എസ്.സി.6/03 തീയതി 8-9-2005 Rs. 83,432 | ശ്രീ. വി. എം. അഗസ്റ്റിൻ അസി. എഞ്ചിനീയർ വെട്ടിക്കൽ ഹൗസ്, നെന്മേനി കാക്കവയൽ പി. ഒ. വയനാട് |
| 33. | ,, | 1999-2000 43, 52, 53 | do . Rs. 11,953 | ശ്രീ. എൻ. സുരാജ്, സെക്രട്ടറി മീനങ്ങാടി പഞ്ചായത്ത് |
| 34 | പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് | 1997-98 42 | എൽ. എഫ്. 28034/ സ്പെ. സെൽ. എസ്.സി.4/99 തീയതി, 13-8-2002, 5-4-2002 Rs. 2,000 | ഡോ. അബ്ദുൽ ഹക്കിം മെഡിക്കൽ ഓഫീസർ ഗവ.ആയുർവേദ ഡിസ്പെൻസറി അഡിക്കൊല്ലി, പുൽപ്പള്ളി വയനാട് |
| 35 | ,, | 1999-2000 40, 44, 45 | എൽ. എഫ്. 18419/ സ്പെ.സെൽ എസ്.സി.4/02 തീയതി 19-6-2003 Rs. 34,089 | ശ്രീ. എൻ. കുട്ടൻ, പ്രഭാ നിവാസ്, പാലത്ത് ചേളന്നൂർ പി.ഒ. കുമരസ്വാമി ജംഗ്ഷൻ കോഴിക്കോട്. |
| 36. | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | 1997-98 29, 31, 32(1), 34, 36, 36(2), 38 | എൽ. എഫ്. 16715 സ്പെ.സെൽ/ എസ്.സി.4/00 തീയതി 25-7-2002, 29-6-2002 Rs. 68,711 | ശ്രീ. റ്റി. ഗോപാലൻ റിട്ട. സെക്രട്ടറി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 37. | മീനങ്ങാടി ഗ്രാമ പഞ്ചായത്ത് | 1998-99<br>31(1), 31(2), 32, 50, 52, 54, 57, 58(1), 58(2), 61, 62 | എൽ.എഫ്. 175/ സ്പെ.സെൽ/ എസ്.സി.4/02 തീയതി 30-11-2002<br>Rs. 44,067 | ശ്രീ. റ്റി. ഗോപാലൻ റിട്ട. സെക്രട്ടറി |
| 38. | നെന്മേനി ഗ്രാമ പഞ്ചായത്ത് | 1997-98<br>36(എ), 37(എ), 40, 41, 42 | എൽ.എഫ്. 23,486/ സ്പെ.സെൽ/ എസ്.സി.4/01 തീയതി 27 -3-2003<br>11-10-2001<br>Rs.76,917 | ശ്രീ. പി. റ്റി. ബാലൻ സെക്രട്ടറി. |

## നിഗമനങ്ങൾ/ശുപാർശകൾ

269. സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ള കേസുകളിൽ പോലും സർച്ചാർജ്ജ് നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥരും മറ്റുള്ളവരും തുക അടയ്ക്കാൻ സന്നദ്ധമാകുന്നില്ല. അതേസമയം ഈ ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കാനുള്ള നടപടികൾ ഭരണ വകുപ്പായ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുണ്ടാകുന്നുമില്ല. ലക്ഷക്കണക്കിന് രൂപയാണ് ഇതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നഷ്ടമാകുന്നത്. ആയതിനാൽ വയനാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും മറ്റുള്ളവരിൽ നിന്നും സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതും മേൽ പട്ടികയിൽ വിവരിച്ചതുമായ എല്ലാ കേസുകളിലും ഉൾപ്പെട്ടിട്ടുള്ള മുഴുവൻ തുകയും ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**എൻ. അനിരുദ്ധൻ,**

തിരുവനന്തപുരം,
2007, മാർച്ച് 13.

ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ | ഖണ്ഡിക നമ്പർ | നിഗമനം/ശുപാർശ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുനെല്ലി | 5 | എന്നാൽ മേൽ വിവരിച്ച രീതിയിലുള്ള ഗുരുതരമായ ഒരു സാമ്പത്തിക ക്രമക്കേട് നടത്തിയ ശ്രീമതി പി. ഡി. ലീലാമ്മയുടെ ഒരു വാർഷിക ഇൻക്രിമെന്റ് തടയുക മാത്രം ചെയ്തത് മതിയായ ശിക്ഷയാണെന്ന് സമിതിക്ക് അഭിപ്രായമില്ല. എന്നുമാത്രമല്ല ഇങ്ങനെ ചെയ്തതിലൂടെ ശ്രീമതി ലീലാമ്മ ചെയ്ത കുറ്റത്തിനു വേണ്ടത്ര ഗൗരവം നല്കാതെ ഇക്കാര്യം വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യാനും അന്വേഷണം നടത്തിയ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രമം നടത്തിയിട്ടുണ്ടോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ കാട്ടിക്കുളം-അമ്മാനി റോഡിലെ മരാമത്ത് പണികൾക്ക് അധികം ചെലവാക്കിയതിൽ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട 27000 രൂപ കാക്കവയൽ മുള്ളൻകൊല്ലി റോഡ് നിർമ്മാണത്തിൽ ജോലിക്കാർക്ക് കൂലി കൊടുക്കാനെന്ന് കാണിച്ച്, പ്രസ്തുത റോഡ് വർക്ക് ആരംഭിക്കുന്നതിന് മുമ്പ് തന്നെ,പിൻവലിക്കുകയും എന്നാൽ മസ്റ്റർ റോൾ പ്രകാരം 22500 രൂപ മാത്രം ചെലവാക്കി പഞ്ചായത്ത് ഫണ്ടിൽ നിന്ന് 4500 രൂപ അപഹരിച്ച അന്നത്തെ തിരുനെല്ലിഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി പി. ഡി. ലീലാമ്മയിൽ നിന്ന് പ്രസ്തുത തുക പലിശ സഹിതം ഈടാ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ക്കുന്നതോടൊപ്പം ശ്രീമതി ലീലാമ്മയ്ക്കെതിരെ കൂടുതൽ കർശനവും മാതൃകാപരവുമായ ശിക്ഷണ നടപടി സ്വീകരിക്കാൻ സർക്കാർ തലത്തിൽ നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 2 | തൊണ്ടർനാട് | 17, 18 | തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ മേൽപറഞ്ഞ മൂന്ന് റോഡ് വർക്കുകളിൽ 2 വർക്കുകളും പൂർത്തിയായിട്ടുണ്ടെന്നും ഒരു വർക്ക് (കാവുമ്മൽ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ) പൂർത്തിയായിട്ടില്ലെങ്കിലും ആയതിന് കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്നും അഡ്വാൻസ് തുകയും ഫൈനൽ പേയ്മെന്റും നടത്തിയതിന്റെ വിശദാംശങ്ങളും നൽകിയിട്ടുള്ളതിനാലും മൂന്ന് റോഡ് വർക്കുകളുമായും ബന്ധപ്പെട്ട ആഡിറ്റ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പരാമർശങ്ങൾ ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br>തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി വെള്ളമുണ്ട ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 10-1-2005-ന് നൽകിയിട്ടുള്ള യൂട്ടിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 3 | നൂൽപ്പുഴ | 21 | 100 ഗുണഭോക്താക്കൾക്കും തയ്യൽ മെഷീൻ വിതരണം ചെയ്തിട്ടുണ്ടെന്നും യൂണിറ്റുകളെല്ലാം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും ബോധ്യപ്പെട്ട സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 4 | നൂൽപ്പുഴ | 25 | വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണവും റിപ്പോർട്ടും കണക്കിലെടുത്ത് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 5 | പുൽപ്പള്ളി | 27 | പരാമർശ വിധേയമായതും അധികം ചെലവായതുമായ 2,187 രൂപ 17-10-2002-ലെ 3986/97 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 6 | ,, | 29 | 7 എൽ. പി. സ്കൂൾ അദ്ധ്യാപകർക്കായി 3 അധ്യാപക സംഗമങ്ങൾ നടത്തുന്നതിന് പകരം 3,000 രൂപ ചെലവഴിച്ച് നല്ല രീതിയിൽ ഒരു ക്യാമ്പ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മാത്രം നടത്തുകയാണുണ്ടായ തെന്ന് 12-1-2005-ലെ സമിതി യുടെ തെളിവെടുപ്പ് വേളയിൽ പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീ കരണം കണക്കിലെടുത്തും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടു ള്ളതിനാൽ പരാമർശം ഒഴിവാ ക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 7 | പുൽപ്പള്ളി | 38 | പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വി.ഇ.ഒ. യും നൽകിയ വിശദീകരണം ഉത്തമ വിശ്വാസത്തിലെടുത്ത് ഈ ആഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 8 | പുൽപ്പള്ളി | 44 | ഭവന നിർമ്മാണ പദ്ധതിയിൽ അധികം നൽകിയ 1,25,816 രൂപ ഈടാക്കുന്നത് സംബന്ധിച്ച ആഡിറ്റ് തടസ്സം ഒഴിവാക്കി കിട്ടുന്നതിനായി അന്നത്തെ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകി യിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ കൈക്കൊണ്ട നടപടി കൾ സമിതിയെ അറിയി ക്കണമെന്ന് സമിതി നിർദ്ദേ ശിക്കുന്നു. |
| 9 | ,, | 54, 55 | താന്നിത്തെരുവ് ചെറ്റപ്പാലം റോഡ് റീടാറിംഗുമായി ബന്ധപ്പെട്ട് പുൽപ്പള്ളി ഗ്രാമ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | പഞ്ചായത്ത് മുൻസെക്രട്ടറി ശ്രീ. എൻ. കുട്ടനിൽ നിന്ന് 24,788 രൂപ തിരിച്ചുപിടിക്കുന്നതിനായി സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും റവന്യൂ റിക്കവറി നടപടികൾക്കായി വയനാട് ജില്ലാ കളക്ടർക്കും ഇൻഡംമിനിറ്റി ബോണ്ടിലെ ജാമ്യക്കാരിൽ നിന്ന് റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഇക്കാര്യത്തിലുള്ള നടപടികൾ പൂർത്തിയാക്കി തുക തിരിച്ചു പിടിക്കുന്നതിന് വയനാട് ജില്ലാ കളക്ടറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും അടിയന്തിര നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിൽ നിന്നും ജീവനക്കാരിൽ നിന്നും ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിലുള്ള തുക പ്രസ്തുത ജീവനക്കാർ റിട്ടയർ ചെയ്ത് കഴിഞ്ഞാൽ റവന്യൂ റിക്കവറി വഴി മാത്രമേ ഈടാക്കാൻ നിലവിൽ വ്യവസ്ഥയുള്ളു. എന്നാൽ റവന്യൂ റിക്കവറി വഴി തുക ഈടാക്കിയെടുക്കുന്നതിന് വളരെയേറെ കാലതമസമുണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരിൽ നിന്നും ജീവനക്കാരിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിന്നുമുള്ള വീഴ്ചകൾമൂലവും ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിലും ഉണ്ടാകുന്ന നഷ്ടം അത്തരം ജീവനക്കാരുടെ പെൻഷനിൽ നിന്നുതന്നെ കാലതാമസം കൂടാതെ റിക്കവറി നടത്തുന്നതിന് വ്യവസ്ഥ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ സുപ്രീം കോടതി നൽകിയിട്ടുള്ള വിധി കൂടി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 10 | പുൽപ്പള്ളി | 62 | കന്നാരംപുഴ ഇറിഗേഷൻ കനാൽ റിപ്പയറിംഗിന് അനധികൃതമായി കൂലി നൽകിയതുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആയതിനാൽ മേൽ പരാമർശം ഒഴിവാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | ,, | 71 | പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 31-5-2000-ൽ വിരമിച്ച ശ്രീ. എൻ. കുട്ടന്റെ പേരിൽ ആഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ചു പിടിക്കേണ്ടതായ ആകെ നഷ്ടം എത്ര രൂപയാണെന്നും ഈ കേസുകളിലെല്ലാം സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തിട്ടുണ്ടോയെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് വ്യക്തമാക്ക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ ശ്രീ. കുട്ടനെതിരെ പുറപ്പെടുവിച്ച സർച്ചാർജ്ജ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലുള്ള തുക മുഴുവൻ റവന്യൂ റിക്കവറി വഴി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇതിൽ എത്ര തുക ഇതിനകം ഈടാക്കിയിട്ടുണ്ടെന്നും ഇനിയും എത്ര തുക ഈടാക്കാനുണ്ടെന്നും അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 12 | എടവക | 75 | സൂപ്പർവിഷൻ ചാർജ്ജിനത്തിൽ രണ്ട് പ്രവൃത്തികളിലായി 2860 രൂപ (2500+360) കുറയ്ക്കാതെ ഗുണഭോക്തൃ സമിതിക്ക് ബിൽ തുക ൽകിയതിനാൽ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ടെന്ന് വ്യക്തമായ സാഹചര്യത്തിൽ ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെതന്നെ രണ്ടു പ്രോജക്ടുകളിലായി ഗുണഭോക്തൃ വിഹിതയിനത്തിൽ സമാഹരിക്കേണ്ടിയിരുന്നു 18,000 രൂപ സ്വരൂപിക്കാനും കഴിഞ്ഞിട്ടില്ല. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 13 | എടവക | 79 | പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന രീതിയിൽ മുഴുവൻ തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും വിതരണം ചെയ്യാൻ കഴിഞ്ഞില്ല. എന്നുമാത്രമല്ല പ്രോജക്ടിൽ നിശ്ചയിച്ചിരുന്ന |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് തെങ്ങിൻതൈകളും കവുങ്ങിൻതൈകളും വിതരണം ചെയ്തത്. ഇങ്ങനെ അധിക നിരക്കിൽ തൈകൾ വിതരണം ചെയ്തതിലൂടെ 15060 രൂപയാണ് കർഷകരിൽ നിന്ന് അധികം ഈടാക്കിയിരിക്കുന്നത്. ഇത് പ്രോജക്ടിന്റെ ലക്ഷ്യത്തിന് തന്നെ കടകവിരുദ്ധമാണ്. ആയതിനാൽ നഴ്സറിനിർമ്മാണ, തൈവിതരണ പ്രോജക്ടിൽ കർഷകരിൽ നിന്ന് അധികമായി സമാഹരിച്ച 15060 രൂപ നഴ്സറി ഉടമയായ ശ്രീ. അന്ത്രുവിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ കൃഷിഭവൻ ഓഫീസർ ശ്രീ. ഡി. ശിവദാസനിൽ നിന്നും തുല്യമായി ഈടാക്കാൻ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | എടവക | 84 | ലോക്കൽഫണ്ട് ആഡിറ്റ് ജോയിന്റ് ഡയറക്ടറുടെ റിവ്യൂ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ഈ പരാമർശം ഒഴിവാക്കിയ വയനാട് ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു. |
| 15 | ,, | 86 | ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന്റെ തന്നെ പുനരഭിപ്രായക്കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് തുക കുറവ് വന്നതെന്നും പ്രസ്തുത തുക അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥ തിരിച്ചടച്ചുവെന്നും എടവക ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സെക്രട്ടറിയുടെ മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 16 | ,, | 88 | മെറ്റൽ അട്ടിവയ്ക്കുന്നതിന് 4,486 രൂപ അധിക നിരക്ക് നൽകി യെന്ന പരാമർശം തുക കണക്കാക്കിയതിൽ ഹെഡ് ക്ലർക്കിന് വന്ന പിശക്മൂലമാ ണെന്നും ഇക്കാര്യം ബോദ്ധ്യ പ്പെടുത്തിയതിന്റെ അടിസ്ഥാ നത്തിൽ വയനാട് ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്ന വിശദീകരണം സമിതി അംഗീകരിക്കുന്നു. |
| 17 | സുൽത്താൻബത്തേരി | 94, 95 | ശ്രീ. അഗസ്റ്റിനെതിരെ യഥാ സമയം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്ത് ഡയറക്ടർ ഉൾപ്പെടെയുള്ള പഞ്ചായത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>ശ്രീ. വി. എം. അഗസ്റ്റിൻ, അസിസ്റ്റന്റ് എഞ്ചിനീയർ 7-7-2006-ൽ മരണപ്പെട്ട സാഹചര്യത്തിൽ രാജീവ്ഗാന്ധി ബൈപാസ് റോഡ് അഭിവൃദ്ധിപ്പെടുത്തലുമായി ബന്ധപ്പെട്ട് അധികം ചെലവാക്കിയ ഇനത്തിൽ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം അദ്ദേഹത്തിന്റെ ഡി. സി. ആർ.ജി-യിൽ നിന്നും അടിയന്തിരമായി ഈടാക്കുന്നതിനും അന്നത്തെ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി. രവീന്ദ്രന്റെ പേരിൽ അടിയന്തിര വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ നടപടി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 18 | സുൽത്താൻബത്തേരി | 98 | മേൽപ്പറഞ്ഞ പ്രവൃത്തിയിലും കല്ലിന് അധികവില നൽകിയതിനുത്തരവാദി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി. എം. അഗസ്റ്റിനാണെന്നതിനാൽ അദ്ദേഹത്തിന്റെ ഡി. സി. ആർ. ജി.യിൽ നിന്നും തുക പലിശ സഹിതം ഈടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 19 | ,, | 101, 102 | വനിതാ ഗുണഭോക്താക്കൾക്കായുള്ള പ്രോജക്റ്റിൽ പുരുഷ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട് 2001-02 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ 33,600 രൂപയുടെ അനധികൃത ചെലവ് സംബന്ധമായ പരാമർശം പരിശോധിക്കുന്നതിനായി വിശദീകരണം ആവശ്യപ്പെട്ട സമിതിക്ക്, 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ 11,200 രൂപയുടെ ഓഡിറ്റ് തടസ്സം സർച്ചാർജ്ജിൽ നിന്ന് ഒഴിവാക്കിയെന്ന് മറുപടി നൽകി സുൽത്താൻബത്തേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിയെ തെറ്റിദ്ധരിപ്പിക്കുകയാണുണ്ടായത്. ഇങ്ങനെ സമിതിയെ തെറ്റിദ്ധരിപ്പിച്ച (സുൽത്താൻബത്തേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2005-ലെ A3-967/04 നമ്പർ കത്തിലൂടെ) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കരടു റിപ്പോർട്ടിന്റെ വസ്തുതാ പരിശോധന നടത്തിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ഇക്കാര്യം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചൂണ്ടിക്കാട്ടാതിരുന്നത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. വനിതാ ഗുണഭോക്താക്കൾക്കുള്ള പ്രോജക്റ്റിൽ പുരുഷ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിലെ 33,600 രൂപയുടെ അനധികൃത ചെലവ് (2001-02 വർഷത്തെ സമാഹൃത റിപ്പോർ ട്ടിലെ പരാമർശം) നടത്തിയതിനുത്തരവാദിയായ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 20 | സുൽത്താൻബത്തേരി | 105 | കമ്മ്യൂണിറ്റി ഹാൾ വാടകയിനത്തിൽ പിരിച്ചെടുത്ത 19,550 രൂപയും കേന്ദ്ര എക്സൈസ് നികുതിയിനത്തിൽ പിരിച്ച 150 രൂപയും പഞ്ചായത്തിൽ അടയ്ക്കാതെ അപഹരിച്ച സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് ജീവനക്കാരനായ ശ്രീ. റ്റി. വി. അതൃമാന് 19,700 രൂപ തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യതയായി നിലനിൽക്കേതന്നെ ശ്രീ. അതൃമാന് പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റാൻ സഹായകമായ രീതിയിൽ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയതിനുത്തരവാദിയായ അന്നത്തെ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ ശ്രീ. അതൃമാന്റെ പെൻഷൻ തുകയിൽ നിന്നോ റവന്യൂ റിക്കവറി നടപടി പ്രകാരമോ തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 21 | സുൽത്താൻബത്തേരി | 109 | ശ്രീ. വി.എം. അഗസ്റ്റിൻ അസിസ്റ്റന്റ് എഞ്ചിനീയർ 7-7-2006-ൽ മരണപ്പെട്ട സാഹചര്യത്തിൽ ബിൽഡിംഗ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവുമൂലം സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്തിനുണ്ടായ 23,520 രൂപയുടെ നഷ്ടവും അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി. യിൽ നിന്നും ഉത്തരവാദിയായ അന്നത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 22 | ,, | 113 | 30-9-2004-ന് വിരമിച്ച ശ്രീ. റ്റി. കെ. വേലായുധനെതിരെയുള്ള ആഡിറ്റ് പരാമർശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ബാദ്ധ്യതകൾ കണക്കിലെടുക്കാതെ ബാദ്ധ്യതാരഹിത സാക്ഷ്യപത്രം നൽകിയ നടപടി വളരെ ഗുരുതരമായ വീഴ്ചയാണ്. എന്നിരുന്നാലും ആദ്യം നൽകിയ ബാദ്ധ്യതാരഹിത സാക്ഷ്യപത്രം മരവിപ്പിച്ച് ബാധ്യതാ സാക്ഷ്യ പത്രം നൽകുന്നതിനും തുക തിരിച്ചുപിടിക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ റവന്യൂ റിക്കവറി വഴി പരാമർശ വിധേയമായ 24,596 രൂപ തിരിച്ചു പിടിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 23 | സുൽത്താൻബത്തേരി | 115 | പഞ്ചായത്ത് നേരിട്ട് നടത്തിയ പൊതുമരാമത്ത് പണികളിലും അധിക നിരക്കിൽ കൂലി നൽകിയതിന് ഉത്തരവാദികളായവർ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അന്നത്തെ എ.ഇ. ആയിരുന്ന ശ്രീ. വി. എം അഗസ്റ്റിനും അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇപ്പോൾ റൂട്ട് സിന്റെ അക്കൗണ്ട്സ് ഓഫീ സറുമായ ശ്രീ. സി. രവീന്ദ്രനു മാണെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കൂലിയി നത്തിൽ അധിക നിരക്ക് നൽകിയ ഇനത്തിലുള്ള 9,980 രൂപയും പടിപ്പുര എഴുച്ചാൽ കുന്ന് റോഡ് പണിക്ക് ഉയർന്ന നിരക്ക് നൽകിയ ഇനത്തിലുള്ള 18,034 രൂപയും ശ്രീ. അഗസ്റ്റിന്റെ ഡി. സി. ആർ. ജി. യിൽ നിന്നും (മറ്റു പരാമർശങ്ങളിൽ ഉൾപ്പെട്ട തുകകളോടൊപ്പം) ശ്രീ. സി. രവീന്ദ്രനിൽ നിന്നുമായി തിരിച്ചു പിടിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്ക ണമെന്നും തുക തിരിച്ചുപിടിച്ചത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 24 | പൂതാടി | 120,121 | കാണാതായ രണ്ട് ടെലിവിഷൻ സെറ്റുകളുടെ വില കണക്കാക്കി ആയത് അന്നത്തെ പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. എം. വർഗ്ഗീസിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരി ക്കണമെന്ന് സമിതി നിർദ്ദേശി ക്കുന്നു.<br><br>അതുപോലെ തന്നെ 1997-98 കാലയളവിലെ പ്ലാൻ ഫണ്ടിൽ പ്പെടുത്തി (ടി.എസ്.പി.സെക്ടർ) ടെലിവിഷൻ സെറ്റ് വാങ്ങുന്ന തിനായി 2,53,750 രൂപ വകയിരു ത്തിയതിൽ 1,25,076 രൂപയ്ക്ക് 7 ടെലിവിഷൻ സെറ്റുകൾ മാത്രമേ വാങ്ങിയിട്ടുള്ളൂവെന്നതിനാൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബാക്കി തുകയായ 1,28,674 രൂപ ലാപ്സാവുകയും അടുത്ത വർഷത്തെ പദ്ധതിവിഹിതത്തിൽ റ്റി. എസ്. പി സെക്ടറിൽ അത്രയും തുക കുറച്ചാണ് അനുവദിച്ചതെന്നും വിശദീകരണം നൽകിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ വയനാട് പ്ലാനിംഗ് ഓഫീസറിൽനിന്ന് ഇക്കാര്യത്തിലുള്ള വിശദീകരണം വാങ്ങി സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 25 | മേപ്പാടി | 127 | പക്കാളിപള്ളം ശുദ്ധജല വിതരണ പദ്ധതി പ്രവൃത്തിയിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് അധികം കൈപ്പറ്റിയ തുക തിരിച്ചു നൽകുന്നതിനെതിരെ പ്രവൃത്തിയുടെ കൺവീനർ ഓംബുഡ്സ്മാനെ സമീപിക്കുകയും കൺവീനറുടെ പരാതി രണ്ടുതവണ ഓംബുഡ്സ്മാൻ തള്ളുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട കൺവീനറിൽനിന്ന് തിരിച്ചു പിടിക്കാനുള്ള തുക തിരിച്ചുപിടിക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 26 | ,, | 133 | സൂര്യ റാന്തലുകളും സ്ട്രീറ്റ് ലൈറ്റുകളും വാങ്ങിയതുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ നഷ്ടം അന്നത്തെ ഗ്രാമ പഞ്ചായത്ത് സമിതിയംഗങ്ങളിൽ നിന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്നു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മായി ഈടാക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 27 | വൈത്തിരി | 137 | മൂന്ന് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഗോപിനാഥനെതിരെ സർ ച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി യെന്ന പരാമർശത്തിലെ തുകയും ഉൾപ്പെടുന്നുണ്ടോയെന്ന് ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ വിശദമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 28 | വൈത്തിരി | 142 | പരാമർശ വിധേയനായ അന്നത്തെ വൈത്തിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. കെ. ഗോപിനാഥനെതിരെ 6578 രൂപയുടെ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് 7-10-2003-ന് ഇഷ്യൂ ചെയ്ത മൂന്ന് വർഷത്തോളമായിട്ടും തുക ഈടാക്കിയിട്ടില്ലാത്ത സാഹചര്യ ത്തിൽ ശ്രീ. ഗോപിനാഥനിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 29 | ,, | 146 | വട്ടപ്പാറ-ആനക്കുഴി റോഡ്-മണ്ണ് സംരക്ഷണ പ്രവൃത്തിക്കും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അധികം നൽകിയ 7157 രൂപ അന്നത്തെ വൈത്തിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്ന് (ഇപ്പോൾ മാനന്തവാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി) തിരിച്ചുപിടിക്കുന്നതിന് സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച് 3 വർഷം കഴിഞ്ഞ സ്ഥിതിക്ക് പ്രസ്തുത തുക ശ്രീ. ഗോപിനാഥനിൽ നിന്ന് അടിയന്തിരമായി ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 30 | വൈത്തിരി | 150 | ചുണ്ടയിൽ വട്ടക്കുന്ന് ആദിവാസി കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയ ഇനത്തിലുള്ള 4581 രൂപ അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇപ്പോൾ മാനന്തവാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായ ശ്രീ.പി.കെഗോപിനാഥനിൽ നിന്ന് ഈടാക്കാൻ 7-10-2003-ന് സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച് മൂന്നു വർഷത്തോളമായെങ്കിലും ഈ തുക ഈടാക്കാതിരിക്കുന്നത് പഞ്ചായത്ത്ഡയറക്ടറുടെയും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും ഭാഗത്തു നിന്നുള്ള വീഴ്ചയാണ് കാണിക്കുന്നത്. ആയതിനാൽ മേൽ പരാമർശവുമായ ബന്ധപ്പെട്ട 4581 രൂപ ശ്രീ. വി. െക. ഗോപിനാഥനിൽ നിന്ന് ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 31 | വൈത്തിരി | 154 | അമ്പലക്കുന്ന് ശുദ്ധജല വിതരണ പദ്ധതിയിൽ മോട്ടോറിന്റെ വില രണ്ടു തവണ നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. പി. കേശവനെതിരെയുള്ള നടപടി എത്രയും പെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 32 | ,, | 159 | വീടു വയറിംഗുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളുമുണ്ടെന്നും അവ യഥാസമയം ആഡിറ്റിന് നൽകാതിരുന്നതുമൂലമാണ് പരാമർശമുണ്ടായതെന്നും വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) ശ്രീ. സി. പി. ദേവസ്യ 12-1-2005-ന് സമിതി മുമ്പാകെ വ്യക്തമാക്കുകയും ആയത് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് മുമ്പാകെ ഹാജരാക്കാൻ രണ്ടാഴ്ച സമയം നൽകി ഒരു വർഷം കഴിഞ്ഞിട്ടും ബന്ധപ്പെട്ട ഫയലുകളും രേഖകളും ഹാജരാക്കിയിട്ടില്ലെന്ന് വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ വീട് വയറിംഗ് പദ്ധതിയിൽ അധികം ചെലവഴിച്ച തുക അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കേശവനിൽ നിന്നും ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 33 | ,, | 163 | വിതരണം ചെയ്യാത്ത വളത്തിനും കീടനാശിനിക്കും 21,112 രൂപ ചുണ്ടേൽ കോസ്മോ എന്റർ പ്രൈസസിന് നൽകിയ അന്നത്തെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥ നായിരുന്ന കൃഷി ഓഫീസർ ശ്രീ. സക്കറിയാമാണി, അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കേശവൻ എന്നിവരിൽ നിന്ന് തുല്യമായി തിരിച്ചുപിടിക്കാൻ നടപടി സ്വീക രിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 34 | വെള്ളമുണ്ട | 168 | ആഡിറ്റ് സമയത്ത് രേഖകൾ കൃത്യമായി പരിശോധിക്കാതെവ ന്നതുമൂലമാണ് പരാമർശമുണ്ടായ തെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആഡിറ്റ് പരാമർശങ്ങൾ തയ്യാറാ ക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട എല്ലാ രേഖകളും കൃത്യമായി പരി ശോധിക്കണമെന്നും സാങ്കേതിക പരിജ്ഞാനം ആവശ്യമായ സംഗതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ വിശദീക രണം തേടുന്നതിനും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പു ശ്രദ്ധിക്ക ണമെന്നും സമിതി അഭിപ്രായപ്പെ ടുന്നു ഈ പരാമർശം ഒഴിവാക്കാ മെന്ന വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 35 | തരിയോട് | 175 | തരിയോട് ഗ്രാമപഞ്ചായത്തിൽ പരാമർശ കാലയളവിൽ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. കുഞ്ഞപ്പൻ സെക്രട്ടറിയായിരുന്ന ശ്രീ. സണ്ണിമാത്യൂവിന്റെ അറിവോടെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആയിരിക്കണം ക്രമക്കേടുകൾ നടത്തിയിട്ടുള്ളതെന്നും അതിനാൽ ഇനിയും തിരിച്ചടയ്ക്കാനുള്ള 12,790 രൂപ തിരിച്ചടയ്ക്കാൻ രണ്ടുപേർക്കും ബാദ്ധ്യതയുണ്ടെന്നുമാണ് സമിതിയുടെ വിലയിരുത്തൽ. ഇവരിൽ നിന്ന് തുക തിരിച്ചുപിടിക്കുന്നതിനായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ള സമിതി നിർദ്ദേശം പാലിക്കാതിരുന്ന പഞ്ചായത്ത് ഡയറക്ടറുടെ നടപടിയിൽ സമിതി കടുത്ത അസംതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം തന്നെ ഇനിയും തിരിച്ചടക്കാനുള്ള 12,790 രൂപ ശ്രീ.കുഞ്ഞപ്പൻ, ശ്രീ. സണ്ണിമാത്യൂ എന്നിവരിൽ നിന്ന് ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 36 | തരിയോട് | 178 | വീടു ഓടു മേയുന്നതിനു അർഹതയില്ലാത്തവർക്ക് ധനസഹായമായി നൽകിയ 5000 രൂപ ഈടാക്കുന്നതിനായി അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സണ്ണിമാത്യുവിനെതിരെയുള്ള സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 37 | ,, | 182 | പദ്ധതിവിഹിതത്തേക്കാൾ കൂടുതലായി ചെലവഴിച്ച 11,668 രൂപ തിരിച്ചുപിടിക്കുന്നതിന് ശ്രീ. സണ്ണി മാത്യുവിനെതിരെയുള്ള |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും അതോടൊപ്പം തന്നെആവശ്യത്തിൽ കവിഞ്ഞ് 109.33 $M^3$ കരിങ്കല്ല് 40,368 രൂപയ്ക്ക് ഇറക്കിയതിന്റെ ഉത്തരവാദിത്വം സെക്രട്ടറിക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും ആണെന്നതിനാൽ പ്രസ്തുത തുക അന്നത്തെ സെക്രട്ടറി ശ്രീ. സണ്ണി മാത്യൂവിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. ബി. ജയകുമാറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 38 | നെന്മേനി | 186 | മുദ്രപത്ര വിലയിൽ കുറവ് വന്നിട്ടുള്ള 3722 രൂപയിൽ 589 രൂപ മാത്രം ഈടാക്കിയിട്ടുള്ള സാഹചര്യത്തിൽ ബാക്കി തുകയായ 3133 രൂപ കൂടി ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 39 | നെന്മേനി | 190 | മണൽ ലേലത്തിനുള്ള എഗ്രിമെന്റ് വച്ചതിൽ മുദ്രപത്ര വിലയിലെ കുറവ് മൂലമുണ്ടായ 2453 രൂപയുടെ നഷ്ടം ഈടാക്കുന്നതിനായി 10 പേർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും നിയമാനുസരണം തുക ഈടാക്കുന്നതിന് നടപടി തുടർന്നു വരുന്നുവെന്നും അറിയിച്ച് ഒരു വർഷത്തിലധികമായിട്ടും തുക ഈടാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ യഥാർത്ഥ വിലയേക്കാൾ കുറഞ്ഞ വിലയ്ക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്പിച്ച അന്നത്തെ ഗ്രാമ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 40 | നെന്മേനി | 199 | അഡ്വാൻസ് വാങ്ങിയിട്ടും പണി പൂർത്തിയാക്കാത്ത എല്ലാ വർക്കുകളുടെയും പണി ഉടനെ പൂർത്തിയാക്കി ബിൽ തയ്യാറാക്കി വാലുവേഷൻ നടത്തിയെടുക്കുന്നതിന് ബന്ധപ്പെട്ട എഞ്ചിനീയർമാരോട് ഗ്രാമപഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെടണമെന്നും അതിന് എഞ്ചിനീയർമാർ തയ്യാറാകുന്നില്ലെങ്കിൽ അഡ്വാൻസ് തുക കൈപ്പറ്റിയവരിൽ നിന്ന് പ്രസ്തുത തുക നിയമാനുസൃത പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 41 | മീനങ്ങാടി | 203 | മൈലംബാടി-പൂത്തപുളക്കാവ് റോഡ് ടാർചെയ്യൽ പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ച അവസരത്തിൽ ഗുണഭോക്തൃ കമ്മിറ്റി 25000 രൂപയാണ് അഡ്വാൻസായി നൽകിയത് ബാക്കി തുക ഒന്നിലധികം തവണയായിട്ടാണ് നൽകിയത് എന്നതിനാൽ ടാറിന്റെ വില കുറയ്ക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ബിൽ പാസ്സാക്കി കൊടുത്ത സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള വീഴ്ച തന്നെയാണ്. ആയതിനാൽ അന്നത്തെ മീനങ്ങാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഗോപാലനിൽ നിന്ന് തന്നെ യായിരുന്ന പ്രസ്തുത തുക തിരിച്ചു പിടിക്കേണ്ടിയിരുന്നത്. ശ്രീ. റ്റി. ഗോപാലനിൽ നിന്ന് തുക ഈടാക്കുന്നതാണെന്ന് 13-1-2005-ലെ തെളിവെടുപ്പ് വേളയിൽ മീനങ്ങാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പു നൽകിയിരുന്നതുമാണ്. എന്നാൽ 11-2-2006-ന് ശ്രീ. ഗോപാലൻ മരണപ്പെടുന്ന തുവരെ ഇക്കാര്യത്തിൽ നടപടി കളൊന്നും സ്വീകരിച്ചില്ല 11-2-2006-ന് ശ്രീ. ഗോപാലൻ മരണമടഞ്ഞിട്ടുളള സാഹചര്യ ത്തിലും അദ്ദേഹത്തിന് ഡി.സി. ആർ.ജി.യും മറ്റ് ആനുകൂല്യ ങ്ങളും നൽകിയിട്ടില്ലാത്ത സാഹചര്യത്തിലും പരാമർശ വിധേയമായ 14,392 രൂപ ശ്രീ. ഗോപാലന്റെ ഡി.സി. ആർ. ജി.യിൽ നിന്ന് ഈടാക്കാൻ കഴിയുമോ എന്ന കാര്യം പഞ്ചായത്ത് ഡയറക്ടർ പരി ശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 42 | മുട്ടിൽ | 214 | 5 വർഷംകൊണ്ട് പൂർത്തി യാക്കേണ്ട കുരുമുളക് പുനരു ദ്ധാരണ പദ്ധതി ഒറ്റവർഷം കൊണ്ട് പൂർത്തിയാക്കുകയാ ണുണ്ടായത്. എന്നിരുന്നാലും, ഉൽപ്പാദന ഉപാധികളും ധന സഹായതുകയും കർഷകർക്ക് വിതരണം ചെയ്തതിന്റെ വൗച്ച റുകളും സ്റ്റേറ്റ്മെന്റും ബന്ധ പ്പെട്ട വാർഡ്തല മോണിറ്ററിംഗ് കമ്മിറ്റികൾ സാക്ഷ്യപ്പെടു ത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രോജക്ട് ഫയലും വൗച്ചറുകളും വയനാട് ലോക്കൽ ഫണ്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പുന:പരിശോധന നടത്തി പരാമർശം ഒഴിവാക്കാൻ കഴിയുമോയെന്ന കാര്യം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 43 | കണിയാമ്പറ്റ | 219 | പ്രസിഡന്റിന്റെ നിർദ്ദേശം പാലിക്കാതെ നൽകിയ 10,755 രൂപയുടെ പേയ്മെന്റ് അത് നടത്തിയ ശ്രീ. അനന്തനിൽ നിന്ന് അടിയന്തിരമായി തിരിച്ചുപിടിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും സമിതി ഇക്കാര്യത്തിൽ റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 44 | ,, | 223 | 2500 രൂപ വീതം ധനസഹായം അനുവദിക്കണമെന്ന് സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിരിക്കേ അതിന് വിരുദ്ധമായി 3000 രൂപവീതം ധനസഹായം അനുവദിച്ച് 14,500 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാക്കിയിരിക്കുകയാണ്. ഈ നഷ്ടം അന്നത്തെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. എം. രാമകൃഷ്ണന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ റവന്യൂ റിക്കവറി നടപടിയിലൂടെയോ ഈടാക്കിയെടുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടി സംബന്ധമായി റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു. |
| 45 | ,, | 226 | പവ്വർ ടില്ലറിന്റെ അറ്റകുറ്റപണികൾക്കായി 20,000 രൂപ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാന മുണ്ടായിരുന്നുവോയെന്നും തുക നൽകിയതിന്റെ രസീതു ണ്ടോയെന്നുമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ ഹാജരാ ക്കാൻ സമിതി നിർദ്ദേശിച്ചിട്ടും ഫയൽ ഹാജരാക്കാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണോ തുക നൽകി യതെന്ന് അറിയാൻ നിർവ്വാ ഹമില്ല. ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുക സ്വീകരിച്ചതിന്റെ രസീതും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പവർടില്ലർ അറ്റകുറ്റ പണികൾക്കായി 20,000 രൂപ നൽകിയത് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാര മല്ലെങ്കിൽ പ്രസ്തുത തുക നൽകിയ തിനുത്തര വാദിയായ സെക്രട്ടറി ശ്രീ. വി. എം. രാമകൃഷ്ണനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരി ക്കണമെന്ന് സമിതി നിർദ്ദേശി ക്കുന്നു. |
| 46 | മുള്ളൻകൊല്ലി | 229 | ശമ്പളകുടിശ്ശികയായി അധികം നൽകിയ 14,448 രൂപ ശ്രീ. പി. രവീന്ദ്രനിൽ നിന്നും , തിരിച്ചു പിടിക്കാൻ സമിതി നിർദ്ദേശി ക്കുന്നു. |
| 47 | ,, | 233 | 31–7–2002–ൽ ശ്രീ. രവീന്ദ്രനാഥൻ റിട്ടയർചെയ്തതിനുശേഷമുള്ള മൂന്നു വർഷങ്ങളിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാരായിരുന്നവർ നടപടി സ്വീ കരിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിൽ നിന്ന് തിരിച്ചു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പിടിക്കാനുള്ള 5,405 രൂപ ബാദ്ധ്യതയിൽപ്പെടുത്തി തിരിച്ചുപിടിക്കാമായിരുന്നു. അത് ചെയ്യാതിരുന്ന പിന്നീട് വന്ന സെക്രട്ടറിമാർക്കും ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല. ആയതിനാൽ പരാമർശ കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എം. രവീന്ദ്രനിൽ നിന്ന് തിരിച്ചു പിടിക്കുന്നതിന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 48 | ,, | 236 | പഞ്ചായത്ത് ഫണ്ടിലേയ്ക്ക് പിരിക്കുന്ന തുക കഴിയുന്നതും അന്നേദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അങ്ങനെ ചെയ്യാതിരിക്കുന്നത് താൽക്കാലിക ധനാപഹരണമായി തന്നെ കണക്കാക്കണമെന്നും അപ്രകാരം ചെയ്തില്ലെങ്കിൽ നിയമാനുസൃത പലിശ ഈടക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. മുള്ളൻകൊല്ലിഗ്രാമപഞ്ചായത്തിൽ ട്രാക്ടർ വാടക ഇനത്തിൽ പിരിച്ച തുക താൽക്കാലികമായി ദുരുപയോഗം ചെയ്ത സെക്രട്ടറിമാർക്കെതിരെ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലുണ്ടായതു പോലെയുള്ള താൽക്കാലിക ധനാപഹരണങ്ങൾ ആവർത്തിക്കില്ലെന്നുറപ്പുവരുത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 49 | മുള്ളൻകൊല്ലി | 238 | ഓഡിറ്റിൽ നിരാകരിച്ച 31,926 രൂപ ഒടുക്കുന്നതിന് പ്രസ്തുത കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. കെ. എം. രവീന്ദ്രന് നോട്ടീസ് നൽകിയിട്ടുള്ള സാഹചര്യത്തിൽ അദ്ദേഹത്തിൽ നിന്ന് പ്രസ്തുത തുക തിരിച്ചു പിടിക്കുന്നത് ത്വരിതപ്പെടുത്താൻ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 50 | അമ്പലവയൽ | 241 | കക്കൂസ് നിർമ്മാണത്തിന് വ്യക്തിഗത ധനസഹായമായി പരമാവധി 2500 രൂപ മാത്രമേ നൽകാവൂ എന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി 4000 രൂപ വീതം 7 പേർക്ക് നൽകിയതിലൂടെ 10,500 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് തന്നെ പരാമർശം ഒഴിവാക്കിയതെന്തുകൊണ്ടാണെന്ന് വിശദീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഒഴിവാക്കിയ പരാമർശമാണെങ്കിൽപോലും അധികധനസഹായമായി നൽകിയ 10500 രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലെന്ന് അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) സമിതി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. റ്റി. ശ്രീനിവാസനിൽ നിന്നും ഈടാ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ക്കാൻ നടപടി സ്വീകരിക്ക ണമെന്ന് സമിതി നിർദ്ദേശി ക്കുന്നു. |
| 51 | അമ്പലവയൽ | 249 | പള്ളവയൽ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി നടത്തേണ്ടിയിരുന്ന കുളം വൃത്തി യാക്കൽ, ടാങ്ക് നിർമ്മാണം, മുതലായ പ്രവൃത്തികൾ സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് നടത്തിക്കഴിഞ്ഞ തിനാൽ ഈ പ്രവൃത്തികൾ തന്നെ വീണ്ടും നടത്തുന്ന തിനായി അമ്പലവയൽ ഗ്രാമ പഞ്ചായത്ത് 21,250 രൂപ കൺവീനർക്ക് നൽകേണ്ട ആവശ്യമുണ്ടായിരുന്നില്ല. എന്ന് മാത്രമല്ല 1998-99 വർഷത്തെ ജനകീയാ സൂത്രണ പദ്ധതിയിൽ പ്പെടുത്തി നൽകിയ തുക ഉപയോഗിക്കാതിരുന്നിട്ടും പദ്ധതി ഏറ്റെടുത്ത് നടത്തിയ ഗുണ ഭോക്തൃ സമിതി ചെയർമാൻ കൺവീനർ എന്നിവരിൽ നിന്ന് ഈടാക്കുന്നതിന് നീണ്ട എട്ടു വർഷങ്ങൾക്കു ശേഷവും യാതൊരു നിയമ നടപടികളും സ്വീകരിച്ചില്ലെന്നു ള്ളതിലും സമിതി നിർദ്ദേശ പ്രകാരം ഇക്കാര്യം അന്വേഷി ക്കുന്നതിനായി ചെന്ന പഞ്ചാ യത്ത് വകുപ്പിലെതന്നെ ഉയർന്ന ഉദ്യോഗസ്ഥനായ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ട രേഖകൾ നൽകാതിരി ക്കുകയും അന്വേഷണത്തോട് നിഷേധാത്മക നിലപാട് സ്വീകരിക്കുകയും ചെയ്ത |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ജീവന ക്കാരുടേയും നടപടിയെ അത്യന്തം ഗൗരവത്തോടെയാണ് സമിതി വീക്ഷിക്കുന്നത്. ആയതിനാൽ ഇത്തരത്തിൽ പെരുമാറിയ അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും ബന്ധപ്പെട്ട മറ്റു ജീവനക്കാരുടേയും പേരിൽ പഞ്ചായത്ത് ഡയറക്ടർ ഉചിതമായ വകുപ്പുതല നടപടി സ്വീകരി ക്കണമെന്ന് സമിതി നിർദ്ദേ ശിക്കുന്നു. അതോടൊപ്പം പള്ള വയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി നൽകിയതും എന്നാൽ അധികമായി ചെലവഴിച്ചതുമായ 21,250 രൂപ പലിശ സഹിതം പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടത്തിയ ഗുണഭോക്തൃ സമിതി ചെയർമാൻ ശ്രീ. തങ്കച്ചൻ കൺവീനർ ശ്രീ. പി. ആർ. രവി എന്നിവരിൽ നിന്നും ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കണമെന്നും തുക തിരിച്ചു പിടിച്ച തിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 52 | അമ്പലവയൽ | 253 | പ്രതിരോധ കുത്തിവയ്പ് പ്രോജക്റ്റ് നിർദ്ദേശാനുസരണം നടത്തിയിട്ടുണ്ടെന്നും എന്നാൽ പ്രോജക്റ്റ് തുക നേരത്തേ പിൻവലിച്ച് സൂക്ഷിച്ചതിന് വെറ്ററിനറി സർജന്റെ വിശദീ കരണം ലഭിച്ചിട്ടില്ലെന്നും വയനാട് ലോക്കൽ ഫണ്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അന്നത്തെ വെറ്ററിനറി സർജനായിരുന്ന ഡോ. എ.ഗോപാലകൃഷ്ണൻ ഇക്കാര്യത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് വിശദീകരണം നൽകി പരാമർശം ഒഴിവാക്കാൻ നടപടി സ്വികരിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 53 | ,, | 256 | മരാമത്ത് പണികളിൽ 11,237 രൂപയുടെ അധിക ചെലവ് ഉണ്ടാക്കിയതിന്, ജോലി വിഭജനം അനുസരിച്ച് അന്ന് ഈ വിഷയം കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ളാർക്ക് ശ്രീമതി സരസ്വതിയിൽ നിന്ന് തുക ഈടാക്കേണ്ടതാണന്ന് അന്നത്തെ അമ്പലവയൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. ശ്രീനിവാസൻ നിലപാട് സ്വീകരി ച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശ വിധേയമായ കാല യളവിൽ അമ്പലവയൽ ഗ്രാമ പഞ്ചായത്തിലെ ജോലി വിഭജന ഉത്തരവനുസരിച്ച് ആരിൽ നിന്നെല്ലാമാണ് തുക ഈടാക്കേണ്ടതെന്ന് കണ്ടെത്തുന്നതിനും അവരിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കണമെന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 54 | പൊഴുതന | 261 | കുറവൻതോട് ശുദ്ധജല വിതരണ പദ്ധതിക്ക് 49,125 രൂപ അധികം ചെലവഴിച്ചതുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും കാണാനില്ലാത്ത സാഹചര്യത്തിലും |

| (1) | (2) | (3) | (4) |
|---|---|---|---|
| | പൊതു അവലോകനം | | ഇക്കാര്യത്തിൽ അന്നത്തെ പൊഴുതന ഗ്രാമ പഞ്ചായത്ത് സെക്രട്ടറി യായിരുന്ന ശ്രീ. റ്റി. പി. ബാലനെ തിരെ 16–3– 2005–ലെ 9536/സ്പെ.സെൽ. എസ്.സി.6/04 നമ്പർ പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിലും സർച്ചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്ക ണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം കുറവൻ തോട് ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായ തിനുത്തരവാദികളായ സെക്ഷൻ ക്ളാർക്കുമാരായ ശ്രീ. ബാബു, ശ്രീ. നരേന്ദ്രൻ, ജൂനിയർ സൂപ്രണ്ടായ ശ്രീ. നാഗരാജ എന്നിവർക്കെതിരെ പഞ്ചാ യത്ത് ഡയറക്ടർ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്ക ണമെന്നും റിട്ടയർ ചെയ്ത ജൂനിയർ സൂപ്രണ്ട് ശ്രീ. ദാമോദരനെതിരെ ഉചിതമായ മറ്റ് നിയമനടപടികൾ സ്വീകരി ക്കണമെന്നും സമിതി നിർദ്ദേശി ക്കുന്നു. |
| 55 | പൊഴുതന | 266 | 1997–98–ൽ ആരംഭിക്കുകയും 27 ലക്ഷത്തിലധികം രൂപ ചെലവഴി ക്കുകയും ചെയ്തിട്ടും പദ്ധതി പൂർത്തിയാക്കി അതിന്റെ പൂർണ്ണ പ്രയോജനം നൽകാൻ കഴിയാ ത്തതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുന്നു. വാട്ടർ അതോ റിറ്റിയുടെ ഭാഗത്തു നിന്നാണ് ഇനിയും കാര്യമായ നടപടികൾ ഉണ്ടാകാത്തതെന്ന് സമിതി വില യിരുത്തുന്നു. ആയതിനാൽ കനകമല വാട്ടർ സപ്ലൈ സ്കീം അടിയന്തിരമായി പൂർത്തീ കരിക്കാൻ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും ഇക്കാ ര്യത്തിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേ ശിക്കുന്നു. |
| 56 | | 269 | സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ള കേസു കളിൽ പോലും സർച്ചാർജ് |